KNANAYADEEPAM
# ക്നാനായദീപം
SINCE 1989
Vol: 30 / Issue: 9 September 2019 ₹ :10/-



## പുണ്യശ്ലോകനായ കൂബർ നീത്തി ഹാക്കീമോ
## ഏബ്രഹാം മാർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ
## 17–ാം ശ്രാദ്ധപ്പെരുന്നാൾ




## ക്നാനായ കോൺഗ്രസ്



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിന സ്മൃതി സംഗമം ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത സമീപം.

## ഡോക്ടറേറ്റ് ലഭിച്ചു



ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ നിന്നും ദൈവശാസ്ത്രത്തിൽ "HIV and AIDS and the Challenge to Christian Ministry: Proposing a Christian ABC Model for HIV and AIDS Prevention" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ പഠനത്തിൽ ആണ് ഡോക്ടറേറ്റ് സമ്പാദിച്ചത്.

### Fr. Dr. തോമസ് എബ്രഹാം മലേശ്ശേരിൽ

വള്ളംകുളം സെന്റ് മേരീസ് ബെഥേൽ ക്നാനായ പള്ളി ഇടവകാംഗവും ഇപ്പോൾ ഷാർജ സെന്റ് മേരീസ് ക്നാനായ പള്ളി വികാരിയുമാണ്. മുളന്തുരുത്തി M.S.O.T. സെമിനാരി അധ്യാപകൻ, കെ.സി.സി തിരുവല്ല സോൺ പ്രസിഡന്റ്, ഡയറക്ടർ ക്നാനായ ഫാമിലി ഡയറക്ടറേറ്റ്, ക്നാനായ സമുദായത്തിന്റെ ഭദ്രാസന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വള്ളംകുളം മലേശ്ശേരിൽ പരേതരായ **ശ്രീ. എം.ജെ.എബ്രഹാമിന്റെയും ശ്രീമതി അച്ചാമ്മ എബ്രഹാമിന്റെയും** മകനാണ്. കറ്റോട് തുണ്ടിയിൽ **ജ്യോതി തോമസ്സ്** സഹധർമ്മിണിയും നോഹ തോമസ്, നഹും തോമസ്, നേഥൻ തോമസ് എന്നിവർ മക്കളുമാണ്.

# ക്നാനായദീപം

SINCE 1989

2019 സെപ്റ്റംബർ പുസ്തകം 30 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

**Visit www.knanayadeepam.com**


## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

കാൽപ്പാടുകൾ 08
എബി

തെരഞ്ഞെടുപ്പിലെ ജയാപചയങ്ങൾ 09
റ്റി. കെ. തോമസ്

ലോട്ടറി 10
എബ്രഹാം കല്ലിശ്ശേരി

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

കൃതജ്ഞതാ നിർഭരമായ ഒരു ജീവിതം 17
സി.ഐ. ചാക്കോ കൊച്ചുപറമ്പിൽ

ജീവിതം സമഗ്രമായ ഒരു അദ്ധ്യാപനം 18
ഡോ. സുനിൽ ഡി. കുരുവിള

മാതാപിതാക്കൾ അറിയുവാൻ 20
അനൂബ് ജോൺ ചക്രവേലിൽ

മലങ്കര സഭ 22
പ്രൊഫ. പി. കെ. സ്കറിയ

സമയം ഒരു അമൂല്യവിഭവം 24
റ്റി. സി. തോമസ് തോപ്പിൽ

വലിയ രക്ഷ 25
ഫാ. റോയി മാത്യൂസ്

മലർവാടിക്കൂട്ടം 26

ധ്യാനം 40
ഡോ. ഐബി ജോസ്

അഞ്ചപ്പവും രണ്ടുമീനും (കവിത) 42
ലീലാമ്മ ലൂയിസ്

ആസൂത്രിതമാകണം കുടുംബ ബഡ്ജറ്റുകൾ 44
ടോംസ് ആന്റണി

മാട്രിമോണിയൽ 47



ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial

## എഡിറ്റോറിയൽ



കർത്താവിൽ പ്രിയരെ,

ക്രിസ്തീയ ജീവിതം ദൈവരാജ്യത്തിലേക്കുള്ള നിരന്തരമായ തീർത്ഥാടനമാണ്. ആ യാത്രയിൽ തിന്മകളുടെ ശക്തികളുമായുള്ള പോരാട്ടം അനിർവാര്യമാണ്. ദൈവരാജ്യത്തിലേക്കുള്ള ഓരോ കാലടിയും വെയ്ക്കുന്നതിന് ശക്തി ലഭിക്കുന്നത് നോമ്പിൽനിന്നും പ്രാർത്ഥനയിൽനിന്നുമാണ്. സഭാംഗങ്ങളുടെ ആത്മീയ തീർത്ഥാടനത്തിൽ മാർഗ്ഗ ദീപങ്ങളായി സഭ കാതോലിക നോമ്പുകളും യാമ പ്രാർത്ഥനകളും ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സഭയ്ക്ക് പ്രശംസിക്കാവുന്ന പല മേന്മകൾ ഉണ്ടെങ്കിലും സഭാംഗങ്ങൾ ആത്മീയ ജീവിതത്തിൽ വളരെ പിന്നോക്കം സ്ഥിതി ചെയ്യുന്നുവെന്നുള്ളത് മറച്ചു വയ്ക്കാവുന്ന കാര്യമല്ല. ആത്മീകത എന്ന പദം ആത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തീയതയുടെ അന്ത:സത്തയാണ് ആത്മീകത. ഇത് ദൈവവുമായുള്ളതും മനുഷ്യർ തമ്മിലുള്ളതുമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. എന്റെ രക്ഷ എന്നിലല്ല കുടികൊള്ളുന്നത്. ദൈവത്തിലേക്കും ഇതര ജീവികളിലേക്കും പ്രവഹിക്കുന്ന ബന്ധമാണ് ആത്മീകതയുടെ അടിസ്ഥാനം. ആത്മീകതയുടെ ആകെത്തുക പരിശുദ്ധാത്മ നൽവരമാണ്. ലഭിച്ചിരിക്കുന്ന സകല നൽവരങ്ങളാലും നാം ആരായിത്തീർന്നിരിക്കുന്നു എന്ന ചോദ്യം സ്വന്തം അസ്തിത്വം കണ്ടെത്തുവാൻ നാം നിരന്തരം ചോദിക്കേണ്ടതാണ്. ദൈവീക പുതുക്കത്തിലേക്കുള്ള രൂപാന്തരത്തിന് അത് വഴി തുറക്കുന്നു. ത്രിത്വത്തിന്റെ ചട്ടക്കൂട്ടിൽ ആത്മീകതയെ എങ്ങനെയാണ് നാം കാണുന്നത്. ത്രിത്വത്തിന്റെ പ്രവർത്തനം ചലനാത്മകമാണ്. അത് മുകളിൽ നിന്നും Xmtg ¡ pÅ Xmbncp¶p. C\nbpw അത് താഴെനിന്നും പിതാവിങ്കലേക്ക് ഉള്ളതാണ്. അവിടെയാണ് ആത്മീകതയുടെ അസ്തിത്വം വെളിപ്പെടുന്നത്. അദ്ധ്യാത്മികത സാമൂഹ്യ പ്രതിബദ്ധതയുടെ ഉറവിടമാണ്. അദ്ധ്യാത്മികതയുടെ നിറവിൽ സാമൂഹ്യ അനീതി അപ്രത്യക്ഷമാകും. സാമൂഹ്യമാനങ്ങളിലാണ് നമ്മുടെ അദ്ധ്യാത്മികത പ്രയോഗിക്കപ്പെടേണ്ടത്. മനുഷ്യരാശിയുടെ ഐക്യത്തിലാണ് ആത്മീകതയ്ക്ക് ഊന്നൽ നൽകേണ്ടതാണ്. സകലത്തേയും തന്നിൽ ഒന്നാകുന്ന ക്രിയാത്മകമായ പദ്ധതിയാണ് ക്രൈസ്തവ ആദ്ധ്യാത്മികത. മനുഷ്യൻ ഒരു ആത്മീയ ജീവിയാണ്. പ്രകൃതിയെയും ചരിത്രത്തെയും രൂപാന്തരപ്പെടുത്തുന്നതിന് സ്വയത്തെപ്പറ്റിയുള്ള നിരന്തരമായ അന്വേഷണം ആവശ്യമാണ്. സ്വയത്തെ കണ്ടെത്തുമ്പോൾ തനിക്കും മറ്റുള്ളവർക്കും വേണ്ടി സ്വയത്തെ നിയന്ത്രിക്കുന്നതാണ് ആത്മീകത. ഇത് എല്ലാ മനുഷ്യരിലും ദൃശ്യമാണ്. മനുഷ്യൻ ലോകത്തിന്റെ ഉപ്പാണ്, ലോകത്തിന്റെ പ്രകാശമാണ്. അതേ സമയം ലോകം മായയായും താത്കാലികമായും ഉള്ളതുമാണ്. നാം പുറത്തുപോയി പ്രകാശിക്കണം. അകത്തുവന്നു പ്രകാശിക്കണം. വിശുദ്ധ ലൗകീകത്വവും രഹസ്യമായ അച്ചടക്കവും ലോകത്തെ രൂപാന്തരപ്പെടുത്താൻ നമ്മെ തന്നെ മുഴുവനായി സമർപ്പിക്കുക. സ്വർഗ്ഗത്തിലേക്ക് ഓടി ഒളിക്കുകയല്ല മറിച്ച് ദൈവത്തോടുകൂടെ ലൗകികതയിലേക്ക് പ്രവേശിക്കയാണ് വേണ്ടത്. സാമൂഹ്യ പ്രതിബദ്ധതയിലൂടെ മാത്രമേ ഈ വിശുദ്ധിയിലേക്ക് പ്രവേശിക്കു വാൻ സാധിക്കു.

ഈ പ്രവർത്തനത്തിൽ സഭയുടെ പങ്ക് എന്താണ്? നാളെ കുറെക്കൂടി മേൽത്തരമായ ദിവസമായിരിക്കും എന്ന ചിന്ത ലോകത്തിനു കൊടുക്കുവാൻ നമുക്ക് കഴിയണം. ജീവിതത്തിന്റെ കേന്ദ്രത്തിൽ ദൈവത്തെ കണ്ടെത്തണം. വ്യാജ ദൈവങ്ങളെ അവതരിപ്പിക്കുവാനുള്ള പ്രവണത ഇന്നു വളർന്നു വരുന്നു. സുവിശേഷം പ്രസംഗിക്കണം. പക്ഷേ വെള്ളം ചേർക്കരുത്. വിശുദ്ധ ലൗകികത്വം പ്രകടമാക്കുവാൻ സാധിക്കുന്നത് ആഴമേറിയതും രഹസ്യവുമായ അച്ചടക്കത്തോടെയാണ്. പ്രാർത്ഥന, ധ്യാനം, കൂദാശയുടെ കൂട്ടായ്മ ഇവയേറെ ആവശ്യമാണ്. പഴയ പാരമ്പര്യത്തിൽ ആണ്ടിരിക്കാതെ ഭാവിയെനോക്കി യാത്രചെയ്യണം. സഭയുടെ വളർച്ച സ്ഥാപന സാമ്രാജ്യങ്ങളുടെ നിർമ്മാണത്തിലല്ല. മറിച്ച് മനുഷ്യോന്മുഖ പ്രവർത്തനത്തിലാണ്. എന്നാൽ ഭൗതിക സ്വത്തുക്കൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സഭ സമൂഹത്തിന്റെ മുമ്പിൽ സ്വയം നിന്ദിതമായിക്കൊണ്ടിരിക്കുന്നു. ആത്മീകതക്ക് മുൻഗണന നൽകിക്കൊണ്ട് സഭയുടെ നാഥനായ യേശുവിനെ ഉയർത്തി കാണിച്ച് ജനത്തെ നേർ വഴിയിൽ നടത്തുന്നതിന് സഭ മുൻപോട്ട് ഇറങ്ങേണ്ടിയിരിക്കുന്നു.

അദ്ധ്യാത്മികത ആരാധനയുടെ വിവിധമാനങ്ങളിലാണ് വെളിപ്പെടുന്നതെന്നും ചരിത്രപരമായ യാഥാർത്ഥ്യങ്ങൾ നമ്മിൽ ചേർത്തിരിക്കുന്ന തിരശ്ശീല മാറ്റുന്നതാണ് ആരാധനയെന്നും കേവലം ഭൗതിക സത്യത്തിൽ മാത്രം സംഗ്രഹിക്കപ്പെടുന്നതല്ല ആരാധനയെന്നും യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട മഹത്വത്തിന്റെ അവസ്ഥയിലേക്ക് പ്രവേശിക്കുവാൻ ഉള്ള സാദ്ധ്യതയാണ് ആരാധന തുറന്നു തരുന്നത്. ദൈവ തേജസ്കരണം പൂർണ്ണ മനുഷ്യത്വത്തിലേക്കുള്ള വളർച്ചയിലൂടെ സ്വായത്തമാക്കാവുന്ന ഭാവമാണ്. അതുതന്നെയാണ് ദൈവികതയുടെ സാരാംശം. ദൈവസംസർഗ്ഗമാണ് ആരാധന. ദൈവവുമായി മനുഷ്യന് ബന്ധപ്പെടുവാനുള്ള ഏക മാർഗ്ഗമാണിത്. നമ്മെ സ്നേഹിക്കുന്ന ജീവനുള്ള ഒരു ദൈവത്തിലുള്ള വിശ്വാസത്തിന്റെ കാണപ്പെടുന്ന രൂപമാണ് ആരാധന. ദൈവത്തിൽ വിശ്വസിക്കാത്ത ഒരാൾക്ക് ആരാധനയുടെ പ്രാധാന്യം മനസ്സിലായി എന്നു വരികയില്ല. ആരാധിക്കുവാൻ ഒന്നും ഇല്ലാത്ത ഒരാൾക്ക് ആരാധന അർത്ഥശൂന്യമാണ്. ആരാധന യിൽ മനുഷ്യന്റെ ഹൃദയവും നാവും മാത്രമല്ല അവന്റെ ശരീരവും സമസ്ത വ്യക്തിത്വവും പങ്കെടുക്കുന്നു. "നമ്മുടെ ബോധങ്ങളും വിചാരങ്ങളും ചിന്തകളും" ദൈവത്തിങ്കലേക്ക് ഉയർത്തുന്നതാണ് യഥാർത്ഥമായ ആരാധന. വിശുദ്ധ കുർബ്ബാന ഓർത്തഡോക്സ് സഭയുടെ പ്രധാന കൂദാശയും ദൈവാരാധനയും ശുശ്രൂഷയും ഉൾക്കൊണ്ടിരിക്കുന്ന കർമ്മവും ആണ്. വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരുടെ ആത്മീയ വൈകാരിക കൂട്ടായ്മയാണ് ഇതിന് മഹത്വം കൊടുക്കുന്നത്. ഇതിൽ മനുഷ്യന്റെ ഗ്രാഹ്യേന്ദ്രിയങ്ങളായ കാഴ്ച, ശ്രവണം, അനുഭവം, ബുദ്ധി, അനുഭൂതി എന്നിവകൾ ഒന്നിച്ച് പങ്കെടുക്കണം. മാനവോദ്ധാരണത്തിനായി സഹസ്രാബ്ദ

*ശേഷം 23 – ാം പേജിൽ*

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



പരിശുദ്ധ സുറിയാനി സഭയിൽ സെപ്തംബർ 14 സ്ലീബാ പ്പെരുന്നാളായി ആചരിക്കുന്നു. എ.ഡി. 313 ൽ ക്രിസ്തുമതവും 'മിലാൻ' വിളംബരത്തിലൂടെ റോമാസാമ്രാജ്യത്തിൽ അംഗീകരിക്കുകയും കോൺസ്റ്റന്റൈൻ രാജാവും കുടുംബവും ക്രിസ്തു മതം സ്വീകരിക്കുകയും ചെയ്തു. അടുത്ത വർഷം എ.ഡി. 314ൽ രാജമാതാവായ ഹേലേനിരാജ്ഞി യറുശലേമിലേക്ക് പോകുകയും യേശുവിനെ ക്രൂശിച്ച കുരിശു കണ്ടെടുക്കുകയും ചെയ്തു. കുരിശു കണ്ടെടുത്ത സെപ്തംബർ 14-ാം തീയതി സുറിയാനി സഭ സ്ലീബാപ്പെരുന്നാൾ കൊണ്ടാടുന്നു.

"സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല; സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ'' (മത്താ.11:11) സ്നാപക യോഹന്നാനെക്കുറിച്ചു നമ്മുടെ കർത്താവിന്റെ സാക്ഷ്യം ആണിത്.

ആരാണു സ്നാപക യോഹന്നാൻ? (യോഹന്നാൻ മാംദാന) നമ്മുടെ കർത്താവിന് പാത നിരപ്പാക്കുവാൻ ഏലിശ്ബായുടെയും സഖര്യാ പുരോഹിതന്റെയും മകനായി ദൈവത്താൽ അയക്കപ്പെട്ടവൻ കന്യകമറിയാമിന്റെ ഉദരത്തിൽ നമ്മുടെ കർത്താവ് ഇറങ്ങി വസിക്കുന്നതിന് ആറുമാസം മുമ്പ് ഏലിശ്ബായിൽ ഗർഭസ്ഥനായവൻ ദൈവവിളിക്കു തന്നെത്തന്നെ സമർപ്പിച്ച കന്യകമറിയാം, ദൈവ പുത്രനെ ഉദരത്തിൽപേറിക്കൊണ്ടു യഹൂദാ മലനാട്ടിലെ തന്റെ ചാർച്ചക്കാരിയും യോഹന്നാൻ സ്നാപകനെ ഉദരത്തിൽ വഹിക്കുന്ന വളുമായ ഏലിശ്ബായുടെ അടുക്കൽ എത്തിയപ്പോൾ കർത്താവിന്റെ സാമീപ്യം തിരിച്ചറിഞ്ഞ് ഏലിശ്ബായുടെ ഗർഭപാത്രത്തിൽ തുള്ളിച്ചാടിയവൻ. ദൈവത്തിൽനിന്നും മോശയും അഹറോനും പ്രാപിച്ച ലേവ്യാ പൗരോഹിത്യം, തന്റെ പിതാവായ സഖര്യാവ് പുരോഹിതനിലൂടെ പ്രാപിച്ച് നമ്മുടെ കർത്താവിന് പ്രദാനം ചെയ്തവൻ. യോർദ്ദാൻ നദിയിങ്കൽ, കർത്താവിന്റെ മാമോദീസാ സമയത്ത് വിശുദ്ധ ത്രിത്വത്തെ ദർശിച്ചവൻ. "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന പിതാവാം ദൈവത്തിന്റെ ശബ്ദം കേൾക്കാൻ ഭാഗ്യം ലഭിച്ചവൻ. പഴയ നിയമത്തിലെ അവസാനത്തെ പ്രവാചകൻ. ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് മശിഹായെക്കുറിച്ചു സാക്ഷ്യം പറഞ്ഞവൻ. നീതിക്കായി വിശന്നു ദാഹിച്ചവൻ. രാജാവിന്റെ തെറ്റിനെ ചൂണ്ടിക്കാട്ടിയെന്ന കുറ്റത്താൽ സ്വശിരസ്സ് ബലിയായി അർപ്പിക്കപ്പെട്ടവൻ. സ്ത്രീ സംജാതരിൽ അഗ്രഗണ്യൻ തുടങ്ങി എന്തെന്തു വിശേഷണങ്ങളാണ് വി. ഗ്രന്ഥം സ്നാപകയോഹന്നാനു നല്കിയിരിക്കുന്നത്. എന്നിട്ടും നമ്മുടെ കർത്താവ് പറയുന്നു; സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ യോഹന്നാനെക്കാൾ വലിയവനാണ്." അതായത് ഒരു ക്രിസ്ത്യാനി സ്നാപകയോഹന്നാനെക്കാൾ വലിയവനാണ്.

നമ്മുടെ കർത്താവ് ഇങ്ങനെ പറയുവാനുള്ള കാരണം എന്ത്? ഉത്തരം വളരെ ലളിതം! സ്നാപകന്റെ ജീവിതത്തിൽ ഒരു കുരിശു കാണാനുള്ള ഭാഗ്യം ഉണ്ടായില്ല എന്നതത്രേ എല്ലാ വിഭാഗങ്ങളിലുംപെട്ട വേദപഠിതാക്കൾ നല്കുന്ന ഉത്തരം.

ദൈവത്തിന്റെ വിശുദ്ധത സ്നാപകയോഹന്നാനു മനസ്സിലായിട്ടുണ്ട്. ദൈവത്തിന്റെ നീതി അവനു വെളിപ്പെട്ടിട്ടുണ്ട്. എന്നാൽ ദൈവത്തിന്റെ സ്നേഹം അതിന്റെ പൂർണ്ണതയിൽ ദർശിക്കുവാനുള്ള ഭാഗ്യം, ബലഹീനരായ നമുക്കല്ലാതെ സ്നാപകനു സിദ്ധിച്ചില്ല എന്നതത്രേ സ്നാപകയോഹന്നാനേക്കാൾ ഒരു സത്യക്രിസ്ത്യാനിയെ വലിയവനാക്കുന്നത്. ദൈവസ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും നമുക്കു വെളിപ്പെടുന്നത് ക്രൂശിലാണ്.

പിതാവായ ദൈവത്തിന്റെ തിരുഹിതപ്രകാരം മനുഷ്യ വർഗ്ഗത്തിന്റെ രക്ഷയെ പ്രതി, തന്റെ സ്വന്ത ശരീരത്തിനു താൻ തന്നെ മഹാപുരോഹിതനായി നിന്നുകൊണ്ടു പിതാവിന്റെ സന്നിധിയിൽ തന്നെത്തന്നെ ബലിയായി അർപ്പിക്കപ്പെട്ട ബലിപീഠമത്രേ വി. സ്ലീബാ. പഴയനിയമ കാലത്ത് ശാപത്തിന്റെ അടയാളമായിരുന്ന കുരിശ് യേശുവിന്റെ ബലിയർപ്പണത്തോടെ വിജയത്തിന്റെയും, രക്ഷയുടെയും, ജീവന്റെയും ദൈവസ്നേഹത്തിന്റെയും അടയാളമായിത്തീർന്നിരിക്കുന്നു. സ്ലീബായിൽ അഭയപ്പെടുക എന്നാൽ യേശുവിൽ അഭയപ്പെടുക എന്നാണർത്ഥം.

നിന്റെ സ്ലീബായെ ഉപേക്ഷിച്ചവരോടുകൂടെ നരക ശിക്ഷയ്ക്കായി ഞങ്ങളെ വിധിക്കരുതേ എന്നു പിതാക്കന്മാരോടു ചേർന്നു നമുക്കും പ്രാർത്ഥിക്കാം. കർത്താവേ, നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയും അഭയസ്ഥാനവുമായിത്തീരട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ് വലിയ മെത്രാപ്പോലീത്താ**



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

പ്രിയ സമുദായ അംഗങ്ങളെ,

ഈ കഴിഞ്ഞ ആഗസ്റ്റ് മാസം കഴിഞ്ഞവർഷത്തെപ്പോലെ പ്രളയമാസമായിരുന്നു. കഴിഞ്ഞവർഷം സെൻട്രൽ ട്രാവൻകൂറിൽ ആണ് പ്രളയം ബാധിച്ചതെങ്കിൽ ഈ പ്രാവശ്യം അത് മലബാർ മേഖലയിലേയ്ക്കു മാറി എന്നു മാത്രം.

മലബാറിൽ (നിലമ്പൂർ) നമ്മുടെ രണ്ടു പള്ളികളിലെ ജനങ്ങളെ ഈ പ്രാവശ്യത്തെ പ്രളയം സാരമായി ബാധിച്ചു. അവരുടെയും ആ നാട്ടിലെ ആളുകളുടെയും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ആ മേഖലയിലുള്ള നമ്മുടെ വൈദികരായ ബഹു. കെ.സി. ആൻഡ്രൂസ് കോർ എപ്പിസ്‌ക്കോപ്പ, റവ. ഫാ. ഒ. പി. തോമസ് പാറാനിക്കൽ, റവ. ഫാ. ജിബിൻ കുര്യൻ പെരുംകണ്ണാലിൽ എന്നിവർ സമുദായ മെത്രാപ്പോലീത്തായേയും, സമുദായ ഭാരവാഹികളേയും വിളിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ അതിന് പരിഹാരം കാണുന്നതിനുവേണ്ടി സമുദായ മെത്രാപ്പോലീത്തായും ഭാരവാഹികളും ക്നാനായ കമ്മറ്റിയും മറ്റു സ്ഥാപനങ്ങളിലെ ഗവേർണിംഗ് ബോർഡ് അംഗങ്ങളും, അസ്സോസിയേഷൻ മെമ്പർമാരും ഇടവകക്കാരും അങ്ങനെ എല്ലാവരുടെയും പ്രവർത്തനത്തിന്റെ ഫലമായി ആറു ലക്ഷത്തിൽപരം രൂപ നാലഞ്ചുദിവസം കൊണ്ട് സമുദായത്തിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുകയുണ്ടായി. ഇതെല്ലാം സ്വരൂപിച്ചു ക്നാനായ കമ്മറ്റിക്കാരും, നസ്രേത്ത് ആശ്രമം കമ്മറ്റിക്കാരും അസ്സോസിയേഷൻ മെമ്പർമാരുമായി ഒരു വലിയ ലോഡ് അത്യാവശ്യ സാധനങ്ങൾ അവിടെ എത്തിക്കാൻ സാധിച്ചു. അത് പ്രളയദുരിതമനുഭവിക്കുന്ന നമ്മുടെ ആളുകൾക്കും നാട്ടുകാർക്കും വിതരണം ചെയ്യുകയും പ്രളയദുരിതം അനുഭവിക്കുന്ന നമ്മുടെ ആളുകൾക്ക് പണമായി രണ്ടേകാൽ ലക്ഷം രൂപയും വിതരണം ചെയ്യുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഇതിന് സഹകരിച്ച എല്ലാവരോടും പ്രത്യേകിച്ച് മൂന്നു ദിവസം കഷ്ടതകൾ അനുഭവിച്ചു യാത്ര ചെയ്ത ഈ പ്രവർത്തനത്തിൽ പങ്കാളികളായ ടീം അംഗങ്ങളായ റവ. ഫാ. പി.റ്റി. മാത്യു പയ്യനാട്ട്, മാനേജിംഗ് കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റി. സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപുഴ, വില്ലി വടാമറ്റം, ആശ്രമം കൗൺസിൽ മെമ്പർ ബൈജു പുലയകുന്നിൽ, ഷിജു എണ്ണിക്കാട്ടിൽ, പി. കെ.കുര്യൻ പാട്ടമ്പലത്ത്, ഓതറ സ്കൂൾ കമ്മിറ്റി അംഗം ജിജി പോഴിമണ്ണിൽ, വൈദിക വിദ്യാർത്ഥി ഷിബിൻ സമ്റോനോ, ദയറാപള്ളിയിലെ കെ.വൈ.എ. പ്രവർത്തകർ, കൂടാതെ ലോറി വിട്ടുതന്ന വാകത്താനത്തുള്ള നമ്മുടെ സമുദായ അംഗമായ ജോഷി വലിയവീട്ടിൽ എന്നിവരോടും, സാധനങ്ങൾ തന്നും പണം തന്നും സഹായിച്ച സമുദായ അംഗങ്ങൾ, ഇടവകപള്ളികൾ, സ്ഥാപനഭാരവാഹികൾ, സുവിശേഷസമാജം ഭാരവാഹികൾ, വനിതാസമാജം സെക്രട്ടറി വിൻസി സ്കറിയ കുന്നത്തുകര, ട്രസ്റ്റി കുഞ്ഞുമോൾ സ്റ്റീഫൻ കൈപ്പുഴ കമ്മറ്റി അംഗങ്ങളായ ആലീസ് പുന്നൂസ് കന്നാകുഴി, സുജ സ്കറിയ കളത്തിൽ എന്നിവരോടും ഇതിനു നേതൃത്വം നൽകിയ സമുദായ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയതിരുമേനിയോടും, ട്രസ്റ്റി സ്കറിയ തോമസ് Ex.M. P.യോടും, മാനേജിംഗ് കമ്മറ്റി അംഗങ്ങളോടും ഉള്ള നന്ദി ഈ സമയം അറിയിക്കുകയാണ്.

ദുരിതാശ്വാസ റ്റീം തൃശൂർ എത്തിയപ്പോൾ ഞങ്ങളെ സ്വീകരിക്കുകയും ദുരിതം അനുഭവിക്കുന്നവർക്കു വിതരണം ചെയ്യുവാൻ തക്കവണ്ണം ഗൃഹോപകരണങ്ങൾ തന്ന പ്രിൻസ് ഏബ്രഹാം തേക്കുംമൂട്ടിലിനോടും, ജേക്കബ് തോമസ് മറ്റക്കാട്ടിലിനോടും, കൊച്ചുമാലത്തുശ്ശേരി കുഞ്ഞവറാച്ചനോടും, ഷൊർണൂർ പള്ളിക്കാരോടും ഉള്ള നന്ദി അറിയിക്കുന്നു.

സമുദായ ആസ്ഥാനത്തു നിന്നും ഇത്രയും ദൂരം യാത്ര ചെയ്ത് നിലമ്പൂരിൽ എത്തിയ ദുരിതാശ്വാസ സംഘത്തിനു നന്ദി അറിയിച്ചുകൊണ്ടും അവിടെയുള്ള നമ്മുടെ ബഹു. വൈദീക ശ്രേഷ്ഠരുടെ കത്ത് ഇതോടൊപ്പം അറിയിക്കുന്നു. ഇതിനു സഹായിച്ചവരുടെ പേരും അതിലേയ്ക്ക് ചിലവായ തുകയുടെ കണക്കും പ്രസിദ്ധീകരിക്കുന്നു.

നമ്മുടെ സമുദായം വികസനത്തിന്റെ പാതയിൽ മുന്നേറുകയാണ്. നമ്മുടെ ചിരകാല അഭിലാഷമാണ് ഒരു ആർട്ട്സ് കോളേജ് സമുദായത്തിന് ഉണ്ടാക്കുക എന്നത്. നെല്ലിക്കലെ സ്ഥലം 2 ഏക്കർ 75 സെന്റ് മാത്രമേ ഉള്ളു. 5 ഏക്കർ സ്ഥലം സ്വന്തമായി പേരിൽ കൂട്ടി കരം അടച്ചെങ്കിൽ മാത്രമെ ഗവൺമെന്റ് കോളേജ് അനുവദിക്കുകയും ഉള്ളു. നെല്ലിക്കൽ ബാക്കി ആവശ്യമായ രണ്ടേകാൽ ഏക്കർ സ്ഥലം വാങ്ങണമെങ്കിൽ തന്നെ ഏകദേശം 7 കോടി രൂപവേണ്ടി വരും. കുറച്ചു കൂടി മാറി ഒരു 5 ഏക്കർ സ്ഥലം വാങ്ങിയാൽ അത്രയും തുകയുടെ ആവശ്യം വേണ്ടി വരില്ല എന്നു മാത്രമല്ല പിന്നീടു നെല്ലിക്കൽ വേറെ ഒരു പ്രൊജക്റ്റ് തുടങ്ങാം എന്നു ക്നാനായ കമ്മറ്റിയുടെ തീരുമാനപ്രകാരം ക്നാനായ കമ്മറ്റി സന്ദർശിച്ച് വേറെ ഒരു സ്ഥലംകൂടി കണ്ടുവച്ചിട്ടുണ്ട്. ഇതിൽ ലാഭകരമായി കിട്ടുന്ന സ്ഥലം കോളേജിനുവേണ്ടി വാങ്ങുവാൻ ആണ് കമ്മറ്റിയുടെ തീരുമാനം. ഇതിനുള്ള മൂലധനം സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നും വിദേശപള്ളികളിൽ നിന്നും ഷെയർ വ്യവസ്ഥയിൽ സ്വരൂപിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം എന്നു താല്പര്യപ്പെടുന്നു.

നമ്മുടെ ബഹുമാനപ്പെട്ട വൈദികരുടെ വർദ്ധിപ്പിച്ച ശമ്പളം മുടക്കം കൂടാതെ കൊടുക്കുവാൻ സാധിക്കുമോ എന്ന കമ്മിറ്റിയുടെ ആശങ്ക ഒഴിവായി. ജൂണിലേയും ജൂലൈയിലേയും ശമ്പളം മുടക്കം കൂടാതെ കൊടുക്കുവാൻ

മല്പാനോട് ചോദിക്കാം

# പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയ്ക്ക് സാർവ്വത്രികതയുണ്ടോ? അവർക്ക് പ്രത്യേക അധികാരങ്ങളുണ്ടോ?

ദൈവം സർവ്വവ്യാപിയാണ്. അതുകൊണ്ട് ഭൂതലത്തിൽ എവിടെയിരുന്ന് പ്രാർത്ഥിച്ചാലും അതിനു ഫലം ലഭിക്കും എന്നാൽ പരിശുദ്ധന്മാർക്ക് അതിനുള്ള കഴിവുണ്ടോ എന്ന് ചോദിച്ചേക്കാം. പരിശുദ്ധന്മാർ ഒരിക്കലും ദൈവത്തിനു സമന്മാരല്ല. ലോകത്തിൽ നടക്കുന്ന സംഗതികൾ അവർ അറിയുന്നത് അവർക്ക് സർവ്വവ്യാപിത്വം ഉള്ളതുകൊണ്ടല്ല മറിച്ച് ദൈവം അവർക്കു നൽകുന്ന ആത്മ ശക്തിയാലാണ്. ശരീരത്തിൽ ഭൂമിയിൽ ആയിരിക്കുമ്പോൾ പോലും കാല-ദേശ പരിമിതികൾക്കപ്പുറമായി തങ്ങളുടെ ആത്മശക്തി യാൽ പല കാര്യങ്ങളും ഗ്രഹിക്കുവാൻ അവർക്കു സാധിച്ചിട്ടുണ്ട്.

ആഹിയാ ദീർഘദർശി അന്ധനായിരുന്നു വെങ്കിലും യരോബയാമിന്റെ ഭാര്യയെ തിരിച്ചറിയു വാൻ സാധിച്ചു. (1 രാജാ. 14:4-6). അരാൻ രാജാവിന്റെ പാർലമെന്റിൽ നടന്ന ആലോചനകൾ വിദൂരസ്ഥനായിരുന്ന ഏലീശാ ദീർഘ ദർശിക്ക് അപ്പോഴപ്പോൾ അറിയാൻ സാധിച്ചു. (2 രാജ.6:8-12) ദ്രവ്യാഗ്രഹം മൂലം തന്റെ ഭൃത്യനായ ഗേഹസി ചെയ്ത തെറ്റും വിദൂരസ്ഥനായിരുന്ന ഏലീശാ അറിഞ്ഞുവല്ലോ. (2 രാജ. 5:25-26) ദമ്പതികളായ അനന്യാസും സഫീറയും പരിശുദ്ധാത്മാവിനെതിരായി ചെയ്ത വ്യാജപ്രവർത്തി പത്രോസ് അപ്പോസ്തോലനും അറിയാൻ സാധിച്ചു. (അപ്പോ.5:1-17.)

വിശുദ്ധന്മാർ ലോകത്തിൽ ആയിരിക്കുമ്പോൾ ഇപ്രകാരമുള്ള കഴിവു ഉണ്ടായിരുന്നുവെങ്കിൽ, പരിമിതമായ അവരുടെ ശരീരം വിട്ടശേഷം "കുഞ്ഞാട് പോകുന്നിട ത്തൊക്കെയും പോകാൻ സാധിക്കുന്ന" അപരിമിതമായ അവസ്ഥയിൽ ദൈവാത്മശക്തിയാൽ ഭൂമിയിലുള്ള വിശ്വാസികൾ എവിടെയിരുന്നു പ്രാർത്ഥിച്ചാലും അവരുടെ ആവശ്യങ്ങൾ അറിയാനും അവർക്കും വേണ്ടി സന്നിധിയിൽ മദ്ധ്യസ്ഥത യാചിക്കുവാനും സാധിക്കുമെന്നതിന് യാതൊ രു സംശയവുമില്ല.

പരിശുദ്ധന്മാരെ ദൈവം ആദരിക്കുന്നതിനാൽ അവരുടെ പേരിൽ ദൈവത്തോടു നടത്തുന്ന പ്രാർത്ഥനകൾക്ക് ദൈവം അനുഗ്രഹം നൽകും. ആവ. 9:27-ൽ മോശ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബി ന്റെയും പേരു പറഞ്ഞ് മദ്ധ്യസ്ഥത യാചിക്കുന്നത് കാണാം. ഹിസ്കിയാവിന്റെ കാലത്ത് "എന്റെ നിമിത്തവും എന്റെ ദാസനായ ദാവീദു നിമിത്തവും ഞാൻ ഈ നഗരത്തെ പാലിച്ച് രക്ഷിക്കും" (ഏശായ. 37:35) എന്ന് യഹോവ പറയുന്നു. ''നീതിമാന്റെ ഓർമ്മ അനുഗ്രഹമെന്ന്'' ശലോമോനും സാക്ഷിക്കുന്നു (സദൃശ്യ. 10:7) "നീതിമാൻ എന്നു വെച്ച് നീതിമാനെ കൈക്കൊള്ളുന്നവനു നീതിമാന്റെ പ്രതിഫ ലവും പ്രവാചകൻ എന്നു വെച്ച് പ്രവാചകനെ കൈ ക്കൊള്ളുന്നവനു പ്രവാചകന്റെ പ്രതിഫലവും ലഭിക്കും." എന്നാണ് കർത്താവും പറഞ്ഞിട്ടുള്ളത് (മത്താ. 10:40-42).

**വിശുദ്ധന്മാരുടെ പ്രത്യേക അധികാരങ്ങൾ**

1. വിശുദ്ധന്മാർ ലോകത്തെ ന്യായം വിധിക്കും. (1.കോരി. 2:6).

2. ജയിക്കുകയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കുകയും ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു നൽകിയതുപോലെ ഞാൻ ജാതികളുടെ മേൽ അധികാരം നൽകും. (വെളി.2:26).

3. ദൈവനാമത്തിൽ അപേക്ഷിക്കുന്നതൊക്കെ യും ലോകത്തിനു നൽകുവാൻ തക്കവണ്ണം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് വിശുദ്ധന്മാർ (യോഹ. 15:16).

4. അന്ത്യകാലത്ത് കഷ്ടതയുടെ നാളുകൾ പോലും വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത മുഖാന്തിരം ദൈവം ചുരുക്കം. (മത്താ. 24:21-22).

●

സാധിച്ചു എന്നതിൽ ഞങ്ങൾക്കു സംതൃപ്തി ഉണ്ട്. കൂടാതെ വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനു വേണ്ടി രൂപീകരിച്ചിരുന്ന റവ.ഫാ.കെ.എം. സൈമൺ അച്ചന്റെ പേരിൽ ഉള്ള ഫണ്ട് (K.M.S. ഫണ്ട്) 2009 മുതൽ വൈദിക വിദ്യാർത്ഥികൾക്കു ലഭിക്കുന്നില്ല. അതിന്റെ കാരണം ആ ട്രസ്റ്റിന്റെ ഭാരവാഹികൾ പറയുന്നത് അമേരിക്കയിലുള്ള വൈദികർക്കു പഠിക്കുന്നതിനു വേണ്ടിയാണ് എന്നുള്ളത് ഒട്ടും ശരിയല്ല. കേരളത്തിലെ നമ്മുടെ സാധുക്കളായ വൈദിക വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനു വേണ്ടിയാണ് ആ ഫണ്ട് രൂപീകരിച്ചത്. 2009 വരെ അത് ഇവിടുത്തെ വൈദിക വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്നതുമാണ്. അത് തുടർന്നും ലഭിക്കുവാൻ അതിന്റെ ഭാരവാഹികൾ ശ്രദ്ധിക്കണം എന്ന് താല്പര്യപ്പെടുന്നു. ഇപ്പോൾ വൈദിക വിദ്യാർഥികളുടെ പഠനചിലവും സമുദായമാണ് വഹിക്കുന്നത്. സമുദായത്തിന്റെ സാമ്പത്തികസ്ഥിതി മോശമായതിനാൽ വളരെ ബുദ്ധിമുട്ടിയാണ് ആ കാര്യം നടത്തുന്നത്.

സമുദായ അംഗങ്ങൾ എല്ലാവരും ഒത്തൊരുമിച്ചു നിന്നാൽ നമ്മൾക്കും മറ്റു സഹോദര സഭകളുടെ ഒപ്പത്തിന് എത്തുവാൻ സാധിക്കും എന്നതിൽ സംശയം ഇല്ല.

**റ്റി. ഒ. എബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി



# ബഹദൂർഷാ സഫർ- II മുഗൾ രാജവംശത്തിന്റെ അവസാന ചക്രവർത്തി

എബി

ബ്രിട്ടീഷുകാർ പരിഹാസപൂർവ്വം 'ശിപായിലഹള' എന്നു വിളിച്ച വിപ്ലവം പൊട്ടിപ്പുറപ്പെട്ടത് 1857ലാണ്. അതായിരുന്നു ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിലെ ആദ്യത്തെ അദ്ധ്യായം. 1857 മെയ് 10ന് മീററ്റിൽനിന്ന് 'ദില്ലിചലോ' എന്ന മുദ്രാവാക്യവുമായി വിപ്ലവകാരികൾ പുറപ്പെട്ടു. മെയ് 11 പുലർച്ച അവർ ദില്ലിയിലെ ചെങ്കോട്ടയിലെത്തി മുഗൾ രാജാവായിരുന്ന ബഹദൂർഷാ രണ്ടാമനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. അദ്ദേഹം അക്ബർ ചക്രവർത്തിയുടെ പിൻഗാമിയും അവസാനത്തെ മുഗൾ ചക്രവർത്തിയുമായിരുന്നു.

1775 ഒക്ടോബർ 24 ന് ദില്ലിയിലെ മുഗൾ രാജവംശത്തിലെ രാജകുമാരനായിട്ടാണ് ബഹദൂർഷാ രണ്ടാമൻ ജനിച്ചത്. അച്ഛൻ അക്ബർഷാ രണ്ടാമന്റെയും അമ്മ ലെയ്ലാബാനു ബീഗത്തിന്റെയും രണ്ടാമത്തെ മകനായിരുന്നു അദ്ദേഹം. ഭാര്യ സീനത്ത് മഹൽ. ചെറുപ്പം മുതലെ കവിതയോടുള്ള ആഭിമുഖ്യം അദ്ദേഹത്തെ സാഹിത്യസദസ്സുകളിലെ സജീവസാന്നിധ്യമാക്കി. പിന്നീടത് 'ഗസലു'കളോടുള്ള പ്രേമമായി മാറി. രാജ്യഭരണത്തോടൊപ്പം സാഹിത്യവും അദ്ദേഹം കൂടെ കൊണ്ടുനടന്നു. അദ്ദേഹത്തിന്റെ കവിയരങ്ങ് പ്രസിദ്ധമാണ്. ജാതിമതഭേദമെന്യേ എല്ലാ കലാകാരന്മാരും അതിൽ പങ്കെടുത്തു. പുതിയ ഗസലുകളും ശായരികളും അവിടെ അവതരിപ്പിക്കയും ചർച്ച ചെയ്യപ്പെടുകയും ചെയ്തു. 'സഫർ' എന്ന തൂലികാ നാമത്തിൽ അദ്ദേഹത്തിന്റെ ഉർദു കാവ്യങ്ങൾ പ്രശസ്തിയാർജിച്ചു.

1837 മുതൽ 1857 വരെ ബഹദൂർഷാ രണ്ടാമൻ ദില്ലി കേന്ദ്രമാക്കി ഭരണം നടത്തി. എല്ലാ മതങ്ങൾക്കും അതിന്റേതായ സ്ഥാനം കല്പ്പിച്ചു നൽകുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. പ്രത്യേകിച്ചും ഹിന്ദുമുസ്ലീം മൈത്രിയുടെ കാര്യത്തിൽ ഭരണ കാര്യങ്ങളിൽ നീതി പൂർവ്വവും ന്യായയുക്തവുമായ തീരുമാനങ്ങൾ നടപ്പാക്കുന്നതിലൂടെ മുഗൾ രാജവംശത്തിലെ കളങ്കരഹിതനായ ചക്രവർത്തി എന്ന ഖ്യാതി അദ്ദേഹം നേടിയെടുത്തു.

ഭരണത്തിന്റെ ആദ്യകാലങ്ങളിൽ അദ്ദേഹം ബ്രിട്ടീഷുകാരോട് ചേർന്നു പ്രവർത്തിച്ചെങ്കിലും പിന്നീട് അകൽച്ചയുണ്ടായി. അതാണ് 1857-ലെ സ്വാതന്ത്ര്യ സമരകാലത്ത് പ്രതിഫലിച്ചുകണ്ടത്. ബംഗാളിൽ ബാരക്പൂരിലെ പട്ടാള ക്യാമ്പിൽ നിന്നാണ് വിപ്ലവത്തിന്റെ തുടക്കം. തോക്കിലെ തിരകൾ പൊതിയാനുപയോഗിച്ച കടലാസ് പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് പുരട്ടിയതായിരുന്നു. ഈ കടലാസ് കടിച്ചു കീറിയതിനു ശേഷമായിരുന്നു തോക്കിൽ നിറയ്ക്കേണ്ടത്. ഇത് ഹിന്ദുമുസ്ലീം വിഭാഗങ്ങളിൽപ്പെട്ട പട്ടാളക്കാരെ പ്രകോപിച്ചു. മംഗൾ പാണ്ഡെയുടെ നേതൃത്വത്തിൽ പട്ടാളക്കാർ പ്രതിഷേധിച്ചു. പാണ്ഡെ ഒരു ബ്രിട്ടീഷുകാരനെ വെടിവെച്ചു വീഴ്ത്തി. ധീരനായ അദ്ദേഹത്തെ ബ്രിട്ടീഷുകാർ 1857 ഏപ്രിൽ 8-ന് തൂക്കിക്കൊന്നു. അതിന്റെ അലയൊലിയാണ് മെയ് 10-ന് മീററ്റിലാരംഭിച്ച 'ദില്ലിചലോ' മുദ്രാവാക്യം.

വിപ്ലകാരികൾക്കനുകൂലമായി നിന്ന ബഹദൂർഷാ രണ്ടാമനെ അവർ ചെങ്കോട്ടയിലെത്തി ചക്രവർത്തിയായി പ്രഖ്യാപിച്ചു. ഡൽഹി തിരിക പിടിക്കാനുള്ള ബ്രിട്ടീഷുകാരുടെ ശ്രമങ്ങൾ 1857 സെപ്റ്റംബറിൽ ലക്ഷ്യം കണ്ടു. ബഹദൂർഷാ രണ്ടാമനെ തോല്പിച്ച് തടവുകാരനായി പിടിച്ചു.

ദില്ലിയിലെ ചെങ്കോട്ടയിലാണ് ബഹദൂർഷാ രണ്ടാമനെ ബ്രിട്ടീഷുകാർ വിചാരണ ചെയ്തത്. രണ്ടുമാസം നീണ്ടുനിന്ന വിചാരണ അന്നത്തെ Times of India ദിനപത്രം വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു.

ദില്ലിയിലെ മുൻ രാജാവിന്റെ വിചാരണ 1858 ജനുവരി 27 ബുധനാഴ്ച ആരംഭിച്ചു. അദ്ദേഹത്തിനെ തിരെയുള്ള കുറ്റം ചെങ്കോട്ടയിൽ വച്ച് കുറെ വെള്ളക്കാരെ വധിക്കാൻ പ്രേരിപ്പിച്ചു എന്നതാണ്. പല ദിവസങ്ങളിലെ വാദങ്ങൾക്കും പ്രതി വാദങ്ങൾക്കു ശേഷം പ്രോസിക്യൂട്ടറുടെ അവസാനത്തെ ചോദ്യം ഇതായിരുന്നു. "Guilty or not guilty?

ബഹദൂർഷാ തന്റെ നിരപരാധിത്വം ബോധിപ്പിച്ചെങ്കിലും 1858 ഓഗസ്റ്റ് 24 ന് കോടതിവിധി പ്രസ്താവിച്ചു. ബഹദൂർഷാ രണ്ടാമൻ കുറ്റക്കാരനാണ്. ബർമ്മയിലെ റങ്കൂണിലേക്ക് നാടുകടത്തിയിരിക്കുന്നു. നാടു കടത്തപ്പെട്ട ബഹദൂർഷായ്ക്ക് റംഗൂണിൽ വച്ച് ശാരീരികമായും മാനസികമായും അനേകം പീഡനങ്ങൾ സഹിക്കേണ്ടിവന്നു. നാലു വർഷത്തിനുശേഷം 1862 നവംബർ 7-ന് മുഗൾ വംശത്തിന്റെ അവസാന ചക്രവർത്തി ബർമ്മയിലെ റംഗൂണിൽ അന്തരിച്ചു.

ഉർദു കവി കൂടിയായിരുന്ന ബഹദൂർഷാ അവസാനമായി എഴുതി-

ജീവിതത്തിന്റെ പകൽ തീരാറായിരിക്കുന്നു.
സന്ധ്യ പടർന്നു തുടങ്ങി
ഇനി ഇരുകാലുകളും നീട്ടി
ഖബർസ്ഥാനിൽ വിശ്രമിക്കാം
സഫർ നീ എത്ര നിർഭാഗ്യവാൻ
പിറന്ന നാട്ടിൽ ആറടി മണ്ണു
പോലും ലഭിച്ചില്ലല്ലോ.

# "തെരഞ്ഞെടുപ്പിലെ ജയാപചയങ്ങൾ"

റ്റി. കെ. തോമസ്, തൈകുറിഞ്ഞിയിൽ

തേരഹിന്റെ പുത്രന്മാരായ അബ്രാം, നാഹോർ, ഹാരാൻ എന്നിവരിൽ ഒരുവനായ ഹാരാൻ ഒരു മകനെ ജനിപ്പിച്ചു. അവന് ലോത്ത് എന്നു പേർ. അബ്രാമിന്റെ ഭാര്യ സാറായി മച്ചിയായിരുന്നു. അവൾക്കു സന്തതി ഉണ്ടായിരുന്നില്ല. യഹോവ അബ്രാമിനോട് അരുളിച്ചെയ്തപ്രകാരം ദേശത്തേയും, ചാർച്ചക്കാരേയും, പിതൃഭവനത്തേയും വിട്ട് യഹോവ തന്നോടു കൽപ്പിച്ചതുപോലെ അബ്രാം യാത്ര പുറപ്പെട്ടു. തന്റെ സഹോദരപുത്രനായ ലോത്തും അവനോടുകൂടെ പോയി. ഹാരാൻ തന്റെ പിതാവായ തേരഹിനു മുമ്പേ ഊരിൽ വച്ചുതന്നെ മരിച്ചുപോയി. ഹാരാനിൽ നിന്നു പുറപ്പെടുമ്പോൾ അബ്രാമിന് പ്രായം എഴുപത്തഞ്ചുവയസ്സായിരുന്നു. വേദപുസ്തക പണ്ഡിതരുടെ അഭിപ്രായത്തിൽ ലോത്തിന് അന്ന് പ്രായം ഏകദേശം പന്ത്രണ്ടിനോടടുത്ത്. അബ്രാം തന്റെ ഭാര്യയായ സാറായിയെയും, സഹോദരന്റെ മകനായ ലോത്തിനേയും, താൻ ഉണ്ടാക്കിയ സമ്പത്തുകളെയും, ഹാരാനിൽ വച്ചു സമ്പാദിച്ച ആടുകളെയും കൂട്ടിക്കൊണ്ട് കനാൻദേശത്ത് എത്തി. യഹോവയുടെ അനുഗ്രഹത്താൽ കന്നുകാലി, വെള്ളി, പൊന്ന് ഈ വകയിൽ അബ്രാം ബഹു സമ്പന്നനായിരുന്നു. അബ്രാമിനോടുകൂടെ വന്ന ലോത്തിനും ആടുമാടുകളും, കൂടാരങ്ങളും ഉണ്ടായിരുന്നു. അവർ ഒന്നിച്ചു പാർപ്പാൻ തക്കവണ്ണം ദേശത്തിന് വിസ്തൃതി പോരായിരുന്നു. സമ്പത്ത് വളരെ ഉണ്ടായിരുന്നതുകൊണ്ട് അവർക്ക് ഒന്നിച്ചു പാർപ്പാൻ കഴിഞ്ഞില്ല. അബ്രാമിന്റെ കന്നുകാലികളുടെ ഇടയന്മാരും, ലോത്തിന്റെ കന്നുകാലികളുടെ ഇടയന്മാരും തമ്മിൽ പിണക്കമുണ്ടായി. സഹോദരന്മാർ തമ്മിൽ പിണക്കം ഒഴിവാക്കാൻ ആഗ്രഹിച്ച അബ്രാം ദേശമെല്ലാം നിന്റെ മുമ്പിലുണ്ടല്ലോ. എന്നെ വിട്ടുപിരിഞ്ഞാലും, നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട്, നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട് പൊയ്ക്കൊള്ളാം എന്ന് ലോത്തിനോടു പറഞ്ഞു. യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളത് എന്നു കണ്ട് ആ പ്രദേശമൊക്കെയും ലോത്ത് തിരഞ്ഞെടുത്തു. അങ്ങനെ ലോത്ത് കിഴക്കോട്ടു യാത്രയായി അവർ തമ്മിൽ പിരിഞ്ഞു. അബ്രാം കനാൻ ദേശത്തു പാർത്തു. അബ്രാമിനു തൊണ്ണൂറു വയസ്സായപ്പോൾ യഹോവ അബ്രാമിനു പ്രത്യക്ഷനായി അവനോട്, ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു, നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്കെ നിന്നെ അധികമായി വർദ്ധിപ്പിക്കും എന്ന് അരുളിച്ചെയ്തു. നീ ബഹുജാതികൾക്കു പിതാവാകും, ഇനി നിന്നെ അബ്രാം എന്നല്ല വിളിക്കേണ്ടത്. ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിയിരിക്കയാൽ നിന്റെ പേർ അബ്രഹാം എന്നായിരിക്കണം. നിന്റെ ഭാര്യയായ സാറായിയെ, സാറായി എന്നല്ല വിളിക്കേണ്ടത് അവളുടെ പേർ സാറാ എന്നിരിക്കണം എന്ന് യഹോവ അരുളിച്ചെയ്തു. നിന്റെ ഭാര്യ സാറാ നിനക്ക് ഒരു മകനെ പ്രസവിക്കും, യഹോവ താൻ അരുളിച്ചെയ്തതുപോലെ സാറായെ സന്ദർശിച്ചു. താൻ വാഗ്ദത്തം ചെയ്തിരുന്നത് യഹോവ സാറായ്ക്ക് നിവർത്തിച്ചുകൊടുത്തു. അബ്രാമിന്റെ വാർദ്ധക്യത്തിൽ ദൈവം അവനോട് അരുളിചെയ്തിരുന്ന അവധിക്ക് സാറാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു, അവന് യിസ്ഹാക്ക് എന്നുപേരിട്ടു. തന്റെ മകനായ യിസ്ഹാക്ക് ജനിച്ചപ്പോൾ അബ്രഹാമിന് നൂറുവയസ്സായിരുന്നു. ലോത്ത് സോദോം വരെ കൂടാരം നീക്കി നീക്കി അടിച്ചു. സൊദോം നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളുമായിരുന്നു. യഹോവയുടെ കോപം സൊദോമിന്റെയും ഗൊമോറോയുടെയും മേൽ ജ്വലിച്ച്, യഹോവയുടെ സന്നിധിയിൽ നിന്ന് ആകാശത്തു നിന്നു തന്നെ ഗന്ധകവും, തീയും വർഷിച്ച്, പട്ടണവും, പട്ടണനിവാസികളും, നിലത്തെ സസ്യങ്ങൾക്കും ഉന്മൂലനാശം വരുത്തി. ലോത്തിനേയും കുടുംബത്തേയും പട്ടണത്തിന്റെ അകൃത്യത്തിൽ നശിക്കാതിരിക്കാൻ യഹോവ അവനോടു കരുണ ചെയ്കയാൽ ലോത്തിനേയും ഭാര്യയേയും രണ്ടു പുത്രിമാരേയും പട്ടണത്തിനു പുറത്തു കൊണ്ടുപോയി ആക്കി. ജീവരക്ഷയ്ക്കായി പർവ്വതത്തിലേക്ക് ഓടി പോകുക എന്നു പറഞ്ഞു. പർവ്വതത്തിലേക്ക് ഓടി എത്തുവാൻ കഴിവില്ല എന്ന ലോത്തിന്റെ അപേക്ഷ കേട്ട യഹോവ, നീ പറഞ്ഞ പട്ടണം ഞാൻ മറിച്ചുകളകയില്ല നീ ബദ്ധപ്പെട്ട് അവിടേയ്ക്ക് ഓടിപ്പോകുക, അവിടെ എത്തുവോളം എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്നു പറഞ്ഞു. ആ പട്ടണത്തിനു സോവാർ എന്നു പേരായി. ലോത്ത് സോവാറിൽ കടന്നപ്പോൾ സൂര്യൻ ഉദിച്ചു സോദോമിന്റെ നാശവും ഭവിച്ചു. ലോത്തിന്റെ ഭാര്യ (പേര് വേദപുസ്തകത്തിൽ പരാമർശിച്ചിട്ടില്ല) പിന്നിൽ നിന്നു തിരിഞ്ഞു നോക്കി ഉപ്പുതൂണായി ഭവിച്ചു. ദൈവം അബ്രഹാമിനെ ഓർത്തു ലോത്തിനെ ഈ ഉന്മൂലനാശത്തിൽ നിന്നു വിടുവിച്ചു. സോവാറിൽ പാർപ്പാൻ ഭയപ്പെട്ട ലോത്തും പെൺമക്കളും ഗുഹയിൽ കഴിയവെ, ഭൂമിയിൽ ഒരു പുരുഷനും നമ്മുടെ അടുക്കൽ വരുവാൻ ഇല്ല എന്നു കണ്ട ലോത്തിന്റെ രണ്ടു പെൺമക്കളും അപ്പനാൽ സന്തതി ലഭിക്കേണ്ടത് ലോത്തിനെ വീഞ്ഞുകുടിപ്പിച്ച് മത്തനാക്കി അവനോടൊപ്പം ശയിച്ച് അവന്റെ രണ്ടുപുത്രിമാരും അപ്പനാൽ ഗർഭം ധരിച്ചു. മൂത്തവൾ പ്രസവിച്ച മകൻ മോവാബ്, അവൻ ഇന്നുള്ള മോവാബ്യർക്കു പിതാവ്. ഇളയ മകളും ഒരു മകനെ പ്രസവിച്ചു. അവന് ബെൻ-അമ്മി എന്നു പേർ, അവൻ ഇന്നുള്ള അമ്മോന്യർക്കു പിതാവ്. ●

## ക്നായിതോമാ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രെയർ ഫെലോഷിപ്പിന്റെ സെപ്തംബർ മാസത്തെ പ്രാർത്ഥനായോഗം 22-09-2019 ഞായറാഴ്ച വൈകുന്നേരം 6-ന് ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളി ഇടവകാംഗം മടത്തുമണ്ണിൽ ശ്രീ. കെ. കെ. കുര്യന്റെ പൂവൻതുരുത്ത് മേൽ പാലത്തിനു സമീപം ഉള്ള ഭവനാങ്കണത്തിൽ വച്ച് നടത്തുന്നതാണ്. റവ. ഫാ. മാത്യു കവിരായിൽ മുഖ്യ സന്ദേശം നൽകുന്നതാണ്.

# ലോട്ടറി

**ഏബ്രഹാം കല്ലിശ്ശേരി**

അടുത്ത വീട്ടിലെ ഓട്ടോക്കാരൻ ചാക്കോയ്ക്ക് ലോട്ടറിയടിച്ചു. വാർത്ത കാട്ടുതീപോലെ പടർന്നു. ഒന്നും രണ്ടുമല്ല, 50 ലക്ഷമാണ് കിട്ടുന്നത്. കേട്ടവർ കേട്ടവർ അത്ഭുതത്തോടെ തിരക്കി. കേട്ടത് നേരാണോ. ശരിക്കും അടിച്ചോ. ചാക്കോയുടെ മൊബൈലിലേയ്ക്ക് വിളിയോടുവിളി. സഹിക്കാതായപ്പോൾ ചാക്കോ ഫോൺ ഓഫ് ചെയ്തുവച്ചു. നമ്പർ ഒന്നുകൂടി ഒത്തുനോക്കിയിട്ട് ലോട്ടറി ടിക്കറ്റ് അലമാരിയിൽവച്ചുപൂട്ടി. താക്കോൽ അണ്ടർവെയറിന്റെ പോക്കറ്റിൽ ഭദ്രമായിവച്ച് ലുങ്കിമുറുക്കിയുടുത്തു.

രാത്രി ചാക്കോയ്ക്കും ഭാര്യയ്ക്കും ഉറക്കം വന്നില്ല. നേരമൊന്നു വെളുത്തെങ്കിൽ ടിക്കറ്റ് ബാങ്കുകാരെ ഏൽപ്പിക്കാമായിരുന്നു. രാവിലെതന്നെ ചാക്കോ മൂന്നാല് ഓട്ടോ സുഹൃത്തുക്കളുടെ അകമ്പടിയോടെ ടൗണിലേക്കോടി. 50 ലക്ഷത്തിന്റെ ടിക്കറ്റ് ബാങ്കിൽ നിക്ഷേപിച്ചു.

ചാക്കോയുടെ വീടിന്റെ എതിർദിശയിലാണ് പെൻഷൻ പറ്റിയ അദ്ധ്യാപകൻ കുറിയാക്കോസാറിന്റെ വീട്. സാറിന്റെ ഭാര്യ ചിന്നമ്മ ചാക്കോയുടെ വീട്ടിലേക്കുതന്നെ നോക്കിയിരുന്നു. ബാങ്ക്മാനേജർമാർ, പത്രക്കാർ, ടി.വി.ക്കാർ, രാഷ്ട്രീയക്കാർ എന്നു വേണ്ട ആളുകളുടെ ബഹളം തന്നെ. പറഞ്ഞിട്ടെന്താ കാര്യം എല്ലാറ്റിനും ഒരു യോഗം വേണം. രണ്ടു ദിവസം മുമ്പ് ലോട്ടറിക്കാരൻ ഇതുവഴി വന്നതാണ്.

ഇനി ഒരു ടിക്കറ്റു കൂടേയുള്ളൂ. ഇത് സാറങ്ങെടുത്തോ. എപ്പഴാ ഭാഗ്യം വരുന്നതെന്നു പറയാനൊക്കുമോ.

വേണ്ടടാ കുഞ്ഞെ, ഞാൻ ലോട്ടറി ടിക്കറ്റെടുക്കാറില്ല. അടിച്ചാൽ അമ്പതു ലക്ഷമാ സാറെ.

എനിക്ക് എടുക്കണമെന്നുണ്ടായിരുന്നു. പക്ഷെ സാറു സമ്മതിക്കണ്ടെ.

അദ്ധ്വാനിക്കാതെ കിട്ടുന്ന പണം നമുക്കു വേണ്ട.

ഓട്ടം കഴിഞ്ഞ് അതുവഴിവന്ന ചാക്കോയെ അതു പിടിച്ചേല്പിച്ചു. അവന്റെയൊരു ഭാഗ്യം. ഒന്നാം സമ്മാനം അവനുതന്നെ അടിച്ചു. ഇവിടെയൊരുത്തൻ ആദർശോം പറഞ്ഞോണ്ടിരിക്കുന്നു.

നാമിങ്ങറിയുവതൽപ്പം

എല്ലാം ചിന്നമ്മെ ദൈവ സങ്കൽപ്പം.

കുറിയാക്കോസാറിന്റെ കവിത ചിന്നമ്മയെ ചൊടിപ്പിച്ചു. അവർ കലിതുള്ളി അകത്തേക്കു കയറിപ്പോയി.

പിറ്റെ ദിവസത്തെ പത്രത്തിലും ടി.വി.യിലും ചാക്കോയുടെ പടം വന്നു. ഓട്ടോ ഡ്രൈവർക്ക് ലോട്ടറിയടിച്ചു. അമ്പതുലക്ഷം.

അന്നുരാത്രി ചാക്കോയ്ക്കും കുടുംബത്തിനും ഉറക്കം വന്നില്ല. ഭാവിപരിപാടികളെക്കുറിച്ച് ആലോചിച്ചു കിടന്നു. നല്ല ഒരു വീടുവയ്ക്കണം. മോനെ ഡോക്ടറാക്കണം. മോൾ പഠിക്കാൻ മണ്ടിയാണ്. അതുകൊണ്ടവളെ നേരത്തെ കെട്ടിച്ചുവിട്ടേക്കാം. ഓട്ടോ ചാക്കോ എന്നുള്ള പേര് മാറ്റണം. അതിനെന്തെങ്കിലും ബിസിനസ്സാ നല്ലത്.

ആദ്യം ഓട്ടോ വിറ്റു. പിന്നെ ഒരു പുതിയ ബൈക്ക് വാങ്ങി. എന്നിട്ട് ബിസിനസ്സ് വഴികൾ തേടി നാടു മുഴുവൻ ചുറ്റി. അപ്പോഴാണ് ഒരു പുതിയ കണ്ടെത്തൽ. വഴിയില്ലാത്തതു കാരണം വിറ്റുപോകാതെ കിടക്കുന്ന ഒരേക്കർ പുരയിടം അടുത്തുണ്ട്. ഉടമസ്ഥർ അമേരിക്കയിലാണ്. അവരിനിയിങ്ങോട്ടു വരത്തില്ല. ഇതെങ്ങനെയെങ്കിലുമൊന്നു വിറ്റുകിട്ടിയാൽ മതിയെന്നാണവർക്ക്. വഴിയില്ലാത്തതു കാരണം സംഗതി എളുപ്പമല്ല. വിലയും കിട്ടില്ല. ചാക്കോ അമേരിക്കക്കാരുടെ നാട്ടിലുള്ള ഒരു ബന്ധുവിനെ കണ്ടുപിടിച്ച് ഇടപാടുകൾ നടത്തി. ചുളുവിലയ്ക്ക് ഭൂമി വിലയ്ക്കു വാങ്ങി. ചെറിയൊരു തുക അവർക്ക് കമ്മീഷനായി കൊടുക്കേണ്ടിവന്നെന്നു മാത്രം. മൂന്നുപേരുടെ സ്ഥലത്തുകൂടി മാത്രമേ വാങ്ങിയ പുരയിടത്തിലേക്കൊരു വഴി വെട്ടാനൊക്കൂ. മൂന്നു പേർക്കും അഞ്ചുലക്ഷം രൂപാ വീതം കൊടുത്ത് ചാക്കോ വഴിക്കുള്ള സ്ഥലവും വിലയ്ക്കുവാങ്ങി. ലോറി കയറത്തക്ക വിധത്തിൽ ഒരു റോഡു വെട്ടി. എന്നിട്ട് പുരയിടത്തിന്റെ നടുവിലൂടെ നല്ലയൊരു റോഡുണ്ടാക്കി ടാറിട്ടു. അഞ്ചും പത്തും സെന്റു വീതമുള്ള പ്ലോട്ടുകൾ തിരിച്ച് അതിരിട്ടു. കുഴൽകിണർ കുത്തി വെള്ളത്തിനുള്ള ഏർപ്പാട് ചെയ്ത് ചുറ്റിനും മതിൽകെട്ടി. പെട്ടെന്നുതന്നെ പ്ലോട്ടുകൾ ചൂടപ്പംപോലെ വിറ്റുപോയി. ചെലവെല്ലാം കഴിച്ച് ചാക്കോയ്ക്ക് കിട്ടിയ ലാഭം 75 ലക്ഷം.

ചാക്കോ പുതിയൊരു കാർ വാങ്ങി. ആ പ്രാവശ്യത്തെ പള്ളിപെരുന്നാൾ ചാക്കോയുടെ വകയായിരുന്നു. വന്നവർക്കെല്ലാം നേർച്ചവിളമ്പിനുപകരം ബിരിയാണി പാക്കറ്റാണ് കൊടുത്തത്. അതോടെ ചാക്കോ ചാക്കോച്ചനായി. ചാക്കോച്ചൻ പള്ളിപ്രമാണിയുമായി.

പിന്നീട് ടൗണിൽ ഒരു തുണിക്കട തുടങ്ങി. ആദ്യം റെഡിമെയ്ഡ് വസ്ത്രങ്ങൾ മാത്രം. പിന്നീടത് വിപുലീകരിച്ച് ഭാര്യയെ അവിടിരുത്തി അതിനോട് ചേർന്ന് ഒരു സ്വർണ്ണക്കടയ്ക്കും തുടക്കമിട്ടു. അതിന്റെ മറവിൽ സ്വർണ്ണം പണയമെടുത്ത് പണം പലിശയ്ക്ക് കൊടുക്കുന്ന പരിപാടിയും ആരംഭിച്ചു. ക്രമേണ അതൊരു വലിയബ്ലേഡ്ബാങ്കായി മാറി. പണത്തിന്റെ വരവ് വർദ്ധിക്കുന്തോറും ചാക്കോച്ചന് പണത്തോടുള്ള ആർത്തിയും കൂടിക്കൊണ്ടിരുന്നു. എങ്കിലും പണച്ചെലവില്ലാത്ത ഏതു പൊതുപ്രവർത്തനത്തിനും ചാക്കോച്ചൻ മുന്നിട്ടുനിന്നു.

പഞ്ചായത്തു തിരഞ്ഞെടുപ്പു വന്നപ്പോൾ ചാക്കോച്ചനെ സ്ഥാനാർത്ഥിയാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും ശ്രമിച്ചെങ്കിലും ചാക്കോച്ചൻ വഴങ്ങിയില്ല. ഒടുവിൽ എല്ലാവരെയും അമ്പരിപ്പിച്ചുകൊണ്ട് ചാക്കോച്ചൻ സ്വതന്ത്രനായി നിന്ന് മത്സരിച്ച് ജയിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പറായതോടെ ചാക്കോച്ചൻ ചാക്കോസാറായി. നാട്ടിലെ എണ്ണപ്പെട്ട പ്രമാണിയുമായി. ഓട്ടോക്കാരൻ ചാക്കോയിൽ നിന്നും മെമ്പർ ചാക്കോസാറിലേക്കുള്ള ദൂരം കേവലം അഞ്ചുവർഷങ്ങൾ മാത്രം.

പിന്നീട് ചാക്കോസാറിന് തിരിഞ്ഞുനോക്കേണ്ടിവന്നില്ല. പഴമക്കാർ പറയുന്നതുപോലെ വെച്ചടി വെച്ചടി കരേറ്റമായിരുന്നു. പഞ്ചായത്തിലെ പല കോൺട്രാക്ടുകളും ചാക്കോസാറിനെ തേടിയെത്തി. ചാക്കോ സാർ വല്ലാതങ്ങു വളർന്നു. ഇതിനിടയിൽ മകളുടെ കല്യാണം വലിയ ആർഭാടമായി നടന്നു. മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ അനേകം അച്ചന്മാരുടെയും അമ്മായരുടെയും സാന്നിദ്ധ്യത്തിലായിരുന്നു വിവാഹം. ശിങ്കാരിമേളം, ഗാനമേള, മാർഗ്ഗംകളി. എല്ലാ മേളങ്ങളും ഒരുമിച്ചു മേളിച്ചു. ഇതെല്ലാം ഉദ്ഘാടനം ചെയ്യാൻ സീരിയൽ താരങ്ങളും രംഗത്തു വന്നു. എല്ലാം കഴിഞ്ഞ് പിരി

*ശേഷം 18 –ാം പേജിൽ*

# വിവാഹിതരായി



Advt - R

ഇറഞ്ഞാൽ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ വടാമറ്റത്തിൽ അലക്സാണ്ടർ വി. ഫിലിപ്പിന്റെയും ലിസി അലക്സിന്റെയും മകൻ **അലൻ അലക്സും** വാകത്താനം സെന്റ് സൈമൺസ് ക്നാനായ പള്ളി ഇടവകയിൽ മരങ്ങാട്ട് പി.സി. സാബുവിന്റെയും ചാച്ചിക്കുട്ടി സാബുവിന്റെയും മകൾ **അഞ്ചു സാബുവും** തമ്മിലുള്ള വിവാഹം 2019 ആഗസ്റ്റ് 22–ാം തീയതി കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ അഭി. സഖറിയാസ് മോർ പീലക്സിനോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.





## Happy 36th Anniversary to Our Pappa & Amma

## T. Thomas & Jessy Thomas

Anakkadu,
Connecticut, USA

*With lots of Love & Prayers*
Rakesh, Juny, Emelia
Rekha, Cayleb

Advt - R




മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനം പ്രളയദുരിതാശ്വാസം– 2019 നോടനുബന്ധിച്ച് കേരളത്തിന്റെ വടക്കൻ ജില്ലകളിൽ വിതരണം ചെയ്യാൻ തക്കവണ്ണം ഇടവക പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച അവശ്യസാധനങ്ങൾ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായ **വലിയ മെത്രാപ്പോലീത്ത അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഫ്ളാഗ് ഓഫ് ചെയ്യുന്നു. സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം, കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, തമ്പി ചേന്തിയിൽ, റ്റി.സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ, രാജു വള്ളപ്പുരക്കൽ, ഫാ. പി. റ്റി. മാത്യു പയ്യനാട്ട്, പ്രസാദ് കോയിക്കൽ (ഫാർമസി കോളേജ് സെക്രട്ടറി), ആശ്രമം കൗൺസിൽ മെമ്പർ ബൈജു പുലയകുന്നിൽ, ഷിജു എണ്ണിക്കാട്ടിൽ, പി.കെ. കുര്യൻ പാട്ടമ്പലത്ത്, ക്നാനായ കോൺഗ്രസ് സെക്രട്ടറി റോയിപുത്തൻപുരക്കൽ, ക്നാനായ വനിതാ സമാജം സെക്രട്ടറി വിൻസി കുന്നത്തുകര, ട്രസ്റ്റി കുഞ്ഞുമോൾ സ്റ്റീഫൻ കൈപ്പുഴ കമ്മറ്റിയംഗങ്ങളായ ആലീസ് പുന്നൂസ് കന്നാക്കുഴി, സുജ സക്കറിയ കളത്തിൽ തുടങ്ങിയവർ സമീപം.



## 40 – ാം വിവാഹവാർഷികം

27-08-2019



60 – ാം ജന്മദിനം 70 – ാം ജന്മദിനം

**സാലമ്മ ചാക്കോ & കെ.കെ. ചാക്കോ**

**കൂർക്കകാലായിൽ, ചിങ്ങവനം**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

ആശംസകൾ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - O

## 20th Wedding Anniversary

16 – 09 – 2019



**Suja Jose & Jose Uthuppan**

മണക്കാട്ട്, ചിങ്ങവനം

(Texas, U.S.A.)

ആശംസകൾ:

**മെർലിൻ ജോസ് & മാർട്ടിൻ ജോസ്**

Advt - O



# 50th Wedding Anniversary

08-09-2019



# K.T.Thomas & Aleyamma Thomas

**(Kunjumon & Kunjumol)**

**Kunnumpurath, Kottayam**





**Moncy Thomas &**
**Jesa Moncy**
**Ethan, Olivia, Leah**

**Reji Jacob &**
**Shiny Reji**
**Jacku, Justy, Jeswin**

With Love and Prayers

Advt -O

**കഴിഞ്ഞ ലക്കം തുടർച്ച**



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**മാതൃകാ കുടുംബജീവിതം മനഃശാസ്ത്രവീക്ഷണത്തിൽ**

അന്നൊരു അവധി ദിവസമായിരുന്നു ജോസഫും ലിസിയും അന്നേദിവസം ചെയ്തുതീർക്കാൻ വേണ്ടി ചില പദ്ധതികളൊക്കെ ആസൂത്രണം ചെയ്തിരുന്നു. അപ്പോഴാണ് വികാരി അച്ചന്റെ ഫോൺ കോൾ. "ഗുഡ്മോണിംഗ്"

വളരെ സന്തോഷത്തോടെയാണ് അച്ചന്റെ പ്രഭാതവന്ദനം സ്വീകരിച്ചത്. അച്ചൻ രാവിലെ വരാനുള്ള സന്നദ്ധത അറിയിച്ചപ്പോൾ അച്ചനോടൊപ്പം ഈ ദിവസം ചിലവഴിക്കുവാൻ അവരും തയ്യാർ. ആസൂത്രണം ചെയ്ത പദ്ധതികളൊക്കെ മാറ്റിവച്ച് അച്ചനെ സ്വീകരിക്കാൻ തയ്യാറായി. അച്ചൻ വന്ന ഉടനെ ലിസി പറഞ്ഞു.

"അച്ചോ ബ്രേക്ക് ഫാസ്റ്റ് റെഡി".

''ഹാ കൊള്ളാമല്ലോ. വന്ന ഉടനെ ഡൈനിംഗ് ടേബിളിലിരിക്കണം. ലിസി ഇത്ര പെട്ടെന്ന് എല്ലാം റെഡിയാക്കിയോ"?

"അല്ല അച്ചോ, നേരത്തെ തന്നെ ബ്രേക്ക് ഫാസ്റ്റ് പ്ലാൻ ചെയ്തിരുന്നു. അച്ചനായിട്ട് സ്പെഷ്യൽ ഒന്നുമില്ല".

അച്ചനെ കണ്ടതും വളരെ ഉത്സാഹത്തോടെ ചാക്കോച്ചനും അന്നമ്മയും അച്ചന്റെയടുത്ത് ഓടിയെത്തി. പതിവുള്ള ചോക്ക്ളേറ്റ് നൽകി അച്ചൻ അവരെ സ്വീകരിച്ചു. എല്ലാവരും ഒരുമിച്ചിരുന്നു പ്രഭാതഭക്ഷണം കഴിച്ചു. കുട്ടികളെ കളിക്കുവാൻ കുടുംബവീട്ടിലേക്കയച്ചിട്ട് സ്വീകരണമുറിയിൽ അച്ചനോടൊപ്പം ജോസഫും ലിസ്സിയും വന്നിരുന്നു. അച്ചൻ സംസാരിച്ചു തുടങ്ങി.

**വ്യക്തിത്വത്തിന് അംഗീകാരം**

ബൽസാക്ക് എന്ന മനഃശാസ്ത്രജ്ഞൻ പറയുന്നത്:

"ഒരു ഭർത്താവായിരിക്കുന്നതിനെക്കാൾ എളുപ്പം കാമുകൻ ആയിരിക്കുന്നതാണ്. എന്തെന്നാൽ ഭർത്താവിന് പരുക്കൻ യാഥാർത്ഥ്യങ്ങൾ പറയേണ്ടിവരും. എന്നാൽ കാമുകന് അങ്ങനെയുള്ള കാര്യങ്ങൾ പറയേണ്ടതില്ല. പകരം രസകരവും സുഖകരവുമായ കാര്യങ്ങൾ മാത്രം പറഞ്ഞാൽ മതിയാകും".

കുടുംബജീവിതം യാഥാർത്ഥ്യങ്ങളുടെ പരുക്കൻ ലോകത്താണ്. സുഖകരമല്ലാത്തതാണെങ്കിലും യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടേ മതിയാകൂ. ബൽസാക്ക് പറയുന്നതുപോലെ എന്നും കാമുകനായിരിക്കാൻ കഴിയില്ലല്ലോ. പൊരുത്തക്കേടുകളും അഭിപ്രായഭിന്നതകളും ഇല്ലാത്ത ഒരു കുടുംബം പോലുമില്ല. അവയെ അതിജീവിക്കാൻ കഴിയുമ്പോഴാണ് ജീവിതവിജയം കൈവരിക്കുവാൻ കഴിയുന്നത്. ഒളിച്ചോട്ടമല്ല; അഭിമുഖീകരിക്കലാണ് അഭികാമ്യം.

ബൽസാക്ക് പറയുന്നതുപോലെയുള്ള സാഹചര്യമല്ല നമുക്കുള്ളത്. നമ്മുടെ സംസ്ക്കാരം ശീതസമരങ്ങളെയും സൗന്ദര്യപിണക്കങ്ങളെയും അതിജീവിച്ച് ഒരുമയോടെ മുൻപോട്ടു പോകുവാനാണ് നമ്മെ പരിശീലിപ്പിക്കുന്നത്. ഒരുമയോടെ ജീവിക്കണമെങ്കിൽ ജീവിതപങ്കാളിയുടെ വ്യക്തിത്വം തിരിച്ചറിഞ്ഞ് അതിനെ അംഗീകരിക്കണം. ഒരുവന്റെ വ്യക്തിത്വം രൂപപ്പെടുന്നത് അവൻ/അവൾ വളർന്ന പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിലാണ്. ജനിച്ചു വളർന്ന സാഹചര്യം, മാതാപിതാക്കളുടെ അച്ചടക്ക പരിശീലനം, ജീവിതശൈലി രൂപപ്പെടുത്തുന്ന വീട്ടിലെ അലിഖിതനിയമങ്ങൾ, പഠിച്ച വിദ്യാലയങ്ങൾ, ആത്മീയത, സുഹൃദ്ബന്ധങ്ങൾ, ജീവിതാനുഭവങ്ങൾ തുടങ്ങി അനേക ഘടകങ്ങളെ ആസ്പദമാക്കിയാണ് ഒരു വ്യക്തിയുടെ വ്യക്തിത്വം രൂപപ്പെടുന്നത്. ജീവിതപങ്കാളിയെ മനസ്സിലാക്കുകയെന്നാൽ പങ്കാളിയുടെ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞ് അംഗീകരിക്കുകയെന്നതാണ്.

പങ്കാളിക്കു വളരെ പ്രാധാന്യമുള്ള കാര്യങ്ങൾ നമുക്കു നിസ്സാരമായി തോന്നിയേക്കാം. പക്ഷെ നിസ്സാരമായി തള്ളിക്കളയുന്നത് ആ വ്യക്തിയുടെ വ്യക്തിത്വത്തെ നിസ്സാരമായി കാണുന്നതിന് തുല്യമാണ്. അംഗീകരിക്കപ്പെടാതെ പോകുന്ന വ്യക്തിത്വം നിരാശയിലേക്ക് വീഴുകയും അത് കുടുംബബന്ധങ്ങളുടെ തകർച്ചയ്ക്ക് കാരണമാവുകയും ചെയ്യും. തന്നെ അംഗീകരിക്കാത്ത പങ്കാളിയോട് പ്രതികാരബുദ്ധിയോടെ പെരുമാറുന്നത് അങ്ങനെയുള്ള ഇരകളുടെ ശൈലിയാണ്. അത് മനസ്സിലാക്കാതെ അന്തം വിട്ട് നിൽക്കുന്ന പങ്കാളിയും പിന്നീട് വൈരാഗ്യത്തിന്റെയും പക

വീട്ടലിന്റെയും പാത തെരഞ്ഞെടുക്കും. അങ്ങനെ കുടുംബം ഒരു യുദ്ധക്കളമായി മാറും. അതുകൊണ്ട് ജീവിതപങ്കാളിയുടെ വ്യക്തിത്വത്തെ മനസ്സിലാക്കുവാനും അംഗീകരിക്കുവാനും ശ്രദ്ധിക്കുന്നത് ഉത്തമ ഭാര്യാഭർത്താക്കന്മാരുടെ ലക്ഷണമാണ്.

ജീവിതപങ്കാളിയുടെ വ്യക്തിത്വത്തെ അംഗീകരിക്കുകയും പ്രശ്നങ്ങളെ അവരുടെ കണ്ണിലൂടെ കാണുകയും ചെയ്യുമ്പോൾ കുടുംബം പ്രശ്നരഹിതമായിത്തീരും. ഭാര്യാഭർത്തൃജീവിതത്തിൽ ചെറിയകാര്യങ്ങളിൽപ്പോലും അതീവശ്രദ്ധ ആവശ്യമാണ്. അംഗീകരിക്കപ്പെടുമ്പോൾ കുടുംബത്തിൽ കൂടുതൽ സന്തോഷം വരികയും ജീവിതം മധുരതരമാവുകയും ചെയ്യും. എല്ലാവർക്കും അവരുടേതായ ആഗ്രഹങ്ങളും ഇഷ്ടാനിഷ്ടങ്ങളും ഉണ്ട്. അവയെ മനസ്സിലാക്കുവാനും ബഹുമാനിക്കുവാനും ശ്രദ്ധിക്കണം. ഉദാഹരണത്തിന് ജോസഫ് ജോലിക്കുപോകുമ്പോൾ ലിസി സിറ്റൗട്ടിൽ നിന്ന് യാത്രയാക്കുന്നത് ഒരു പക്ഷെ ജോസഫിന് സന്തോഷമായിരിക്കും.

ലിസി ആവേശത്തോടെ പറഞ്ഞു. "എന്റെ അച്ചോ, ഈ ജോസ്ച്ചായൻ ജോലിക്കു പോകുമ്പോൾ മാത്രമല്ല ഏതാവശ്യത്തിന് പുറത്തോട്ട് പോയാലും ഞാൻ സിറ്റൗട്ടിൽചെന്ന് യാത്രയാക്കാറുണ്ട്. പിള്ളാർ തീരെ ചെറിയ കുഞ്ഞുങ്ങളായിരുന്നപ്പോൾ ജോസ്ച്ചായൻ ഈ യാത്രയയപ്പൊന്നും വേണ്ടെന്ന് പറഞ്ഞിട്ടുണ്ട്. എന്നാലും കരയുന്ന കുഞ്ഞുങ്ങളെ ഒക്കത്തിരുത്തിക്കൊണ്ട് യാത്ര പറയാൻ ഞാൻ സിറ്റൗട്ടിൽ എത്താറുണ്ടായിരുന്നു".

ജോസഫ് അല്പം ജാള്യതയോടെ പറഞ്ഞു "അത് പിന്നെ അച്ചോ ഞാൻ കോളേജിൽ പഠിക്കുമ്പോൾ കൂട്ടുകാരുമായി ഭാവിയെക്കുറിച്ച് സ്വപ്നം കാണുമ്പോൾ ഇങ്ങനെയൊക്കെ ആഗ്രഹിച്ചിട്ടുണ്ട്.

"അതിന് ജോസഫിന് എന്തിനാണ് ചമ്മൽ. വിവാഹത്തെക്കുറിച്ച് ചിന്തിക്കുന്ന ഏതൊരു വ്യക്തിയും ഇപ്രകാരമുള്ള സ്വപ്നങ്ങൾ കൊണ്ടുനടക്കുന്നത് സ്വാഭാവികമാണ്". അച്ചൻ അല്പം തമാശയോടെ പറഞ്ഞു

അംഗീകരിക്കുവാൻ ശ്രദ്ധിക്കുന്നത് ജീവിതപങ്കാളിയുടെ വിശ്വാസവും സന്തോഷവും പതിന്മടങ്ങ് വർദ്ധിക്കുമെന്നുള്ളതിന് അച്ചൻ സ്വന്ത ജീവിതാനുഭവം അവരുമായി പങ്കുവച്ചു. അച്ചൻ പറയുന്നത് കേൾക്കുവാൻ ജോസഫും ലിസ്സിയും അല്പം ആവേശത്തോടെ മുന്നോട്ട് കയറിയിരുന്നു.

എന്റെ അകന്ന ബന്ധത്തിലെ ഒരു സഹോദരി അമ്മായിയമ്മപ്പോരിന് പ്രശസ്തയായ ഒരു അമ്മയുടെ മകന്റെ ഭാര്യയായിട്ടാണ് ആ വീട്ടിൽ ചെന്നു കയറിയത്. മണവാളത്തകാലമൊക്കെ പിന്നിട്ട് വിരുന്നുകാലവും മധുവിധുനാളുകളും കഴിഞ്ഞ് ഭർത്തൃഗൃഹത്തിൽ സ്ഥിരവാസമാരംഭിച്ചു. ആദ്യദിനങ്ങളൊക്കെ സാധാരണപോലെ; ചേച്ചിയുടെ അമ്മ, ചേച്ചിയോട് പ്രത്യേകം പറഞ്ഞിരുന്നു എന്തുസംഭവിച്ചാലും കണ്ടില്ല; കേട്ടില്ലായെന്ന് നടിച്ചു നിൽക്കണം. അവരോട് വഴക്കടിച്ച് ഇങ്ങോട്ട് പോരരുത്. നിന്റെ ഇളയ സഹോദരിമാർ ഇവിടെയുണ്ടെന്ന് ഓർമ്മയുണ്ടാകണം.

അമ്മായിയമ്മപ്പോരും നാത്തൂൻപ്പോരും സർവ്വസാധാരണമായിരുന്നതിനാൽ മകൾ അവിവേകം ഒന്നും കാട്ടാതിരിക്കുവാൻ അമ്മ മുൻകൂറായി പറഞ്ഞിട്ടുണ്ടായിരുന്നു. അതിനാൽ ചേച്ചി വളരെ ശ്രദ്ധിച്ചാണ് നിന്നിരുന്നത്.

ഒരു ദിവസം അത്താഴത്തിനു ചോറു വിളമ്പിയപ്പോൾ ഭർത്തൃമാതാവ് നാല് പാത്രങ്ങൾ മാത്രം എടുത്ത് മേശപ്പുറത്ത് വച്ചു. അപ്പനും അമ്മയ്ക്കും ഭർത്താവിനും ഭർത്തൃസഹോദരനും മാത്രം. അഞ്ചാമത് ഒരാൾ കൂടിയുണ്ട്. അതാണ് ഈ ചേച്ചി. മൂന്നുപേരും ചോദിച്ചു: ഒരു പാത്രംകൂടിയെടുത്താൽ എല്ലാവർക്കും ഒരുമിച്ചു കഴിക്കാമല്ലോ. അമ്മ പറഞ്ഞു: 'അവൾ അടുക്കളയിലിരുന്നുകൊള്ളും'.

ഇത് കേട്ടപ്പോൾ ചേച്ചിക്ക് സഹിക്കാൻ വയ്യാത്ത സങ്കടം. അമ്മായിയമ്മപ്പോരിന്റെ ആദ്യഘട്ടം താൻ അനുഭവിച്ചു തുടങ്ങിയെന്ന് ചേച്ചിക്കു മനസ്സിലായി. കണ്ണ് നിറഞ്ഞത് ആരും കാണാതെ തുടച്ച് തന്റെ ജോലിയിൽ ശ്രദ്ധിച്ചത് അവഗണനയുടെ നൊമ്പരവും പേറിയാണ്. ഭർത്താവിനും സങ്കടം തോന്നിയെങ്കിലും പുറമെ കാട്ടിയില്ല. രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോൾ ഈ വിഷയത്തെക്കുറിച്ച് രണ്ടുപേരും ഒന്നും മിണ്ടിയില്ല. ചേച്ചി പരാതിയും പറഞ്ഞില്ല.

എന്നാൽ പിറ്റേദിവസം വൈകിട്ട് പ്രാർത്ഥനയ്ക്കുശേഷം ചോറു വിളമ്പാൻ തുടങ്ങിയപ്പോൾ ചേച്ചിയുടെ ഭർത്താവ് അയയിൽ കിടന്ന തോർത്ത് ശക്തിയായി കുടഞ്ഞ് തോളിലിട്ട് ഇങ്ങനെ പറഞ്ഞു;

"അമ്മെ ഞാൻ കുളിച്ചിട്ട് വരാം"

ഇതു പറഞ്ഞ് വീടിന്റെ സമീപത്തുള്ള ആറ്റിലേക്ക് വേഗം നടന്നു നീങ്ങി. അമ്മയ്ക്കു കാര്യം മനസ്സിലായി. പെണ്ണും പിള്ളയോടൊപ്പം ഭക്ഷണം കഴിക്കുവാനുള്ള അവന്റെ അടവാണിത്. അമ്മ ഉച്ചത്തിൽ പറഞ്ഞു:

"സന്ധ്യയ്ക്കു മുമ്പ് കുളിക്കണമെന്ന് എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എന്തു പറയാനാ ഓരോ അവളുമാര് വന്നു കേറിയാൽ പിന്നെ എല്ലാം തലതിരിഞ്ഞാകും".

അമ്മയുടെ ദേഷ്യം അടങ്ങുന്നില്ല.

ഈ സമയം അടുക്കളയിൽ നിൽക്കുന്ന ചേച്ചിയുടെ കണ്ണിൽ സന്തോഷത്തിന്റെ നനവ് പടർന്നു. ചേച്ചിക്കു മനസ്സിലായി തന്റെ ഭർത്താവ് തന്നോടുള്ള സ്നേഹത്താൽ ഒരുമിച്ചിരുന്നു ഭക്ഷണം കഴിപ്പാൻ അദ്ദേഹം കണ്ട മാർഗ്ഗമാണിതെന്ന്. എന്നും പതിനഞ്ച് മിനിറ്റുകൊണ്ട് കുളിച്ചുവരുന്ന പുള്ളിക്കാരൻ അന്ന് അരമണിക്കൂർ കഴിഞ്ഞാണ് വന്നത്. പിന്നീട് രണ്ടുപേരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചു. ആ ചേച്ചിയുടെ ജീവിതത്തിൽ പലവിധത്തിലുള്ള കഷ്ടതകളിലൂടെ പോകേണ്ടി വന്നു. പക്ഷെ തന്നെ ഇത്രമാത്രം സ്നേഹിക്കുന്ന തന്റെ ഭർത്താവിനെ ഉപേക്ഷിച്ച് എവിടെയും പോകാൻ മനസ്സനുവദിച്ചില്ല. ചേച്ചിയുടെ ആഗ്രഹത്തെ മാനിച്ച ആ ഭർത്താവാണ് ഉത്തമനായ ഭർത്താവ്. തന്റെ വ്യക്തിത്വത്തെ മാനിച്ച ഭർത്താവിനെ ജീവനുതുല്യം സ്നേഹിക്കുവാൻ ആ ഭാര്യയെ ആരെങ്കിലും പഠിപ്പിച്ചതാണോ?.

അച്ചൻ പറഞ്ഞ സംഭവം കേട്ട് രണ്ടുപേരും അതിശയത്തോടെ പരസ്പരം നോക്കി. നിസ്സാരകാര്യങ്ങളിൽപോലും തന്റെ ജീവിത പങ്കാളിയുടെ മനസ്സിനെ തിരിച്ചറിഞ്ഞ് അതിനെ ആദരിക്കുന്ന വ്യക്തിയാണ് ഉത്തമൻ/ഉത്തമ. മാതൃകാ ദാമ്പത്യജീവിതത്തിൽ എത്രമാത്രം പ്രാധാന്യം കൊടുക്കേണ്ട വിഷയമാണിത്. ജീവിതപങ്കാളിയുടെ വ്യക്തിത്വത്തെ മാനിക്കുന്നതിൽ വീഴ്ച പാടില്ല.

പലരും പങ്കാളിയുടെ വികാരത്തിന് അധികം പ്രാധാന്യം നൽകാറില്ല പങ്കാളിയുടെ കൊച്ചുകൊച്ചുസന്തോഷങ്ങളെ ആദരിക്കുകയും നമുക്കു നിസ്സാരമെന്നു തോന്നുന്നവ പോലും മാനിക്കുകയും ചെയ്യുകയെന്നത് നമ്മുടെ ധർമ്മമായി കാണണം. അതിലൊരിക്കലും വീഴ്ച വരുത്തരുത്. ജോസഫിന് ലിസിയുടെ വികാരം മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ സഹോദരന്റെ ആവശ്യത്തിൽ കൂടെ നിൽക്കുവാൻ ഒരു സഹോദരി ചെയ്ത ധർമ്മമെന്ന് ചിന്തി

# കൃതജ്ഞതാ നിർഭരമായ ഒരു ജീവിതം

സി. ഐ. ചാക്കോ, കൊച്ചുപറമ്പിൽ, നീലംപേരൂർ

ഒരു നാടോടിക്കഥ ഇപ്രകാരമാണ്. ഘോരവനത്തിൽകൂടി ഒരാൾ യാത്രചെയ്യുകയാണ്. വലിയമരങ്ങൾ; അവയ്ക്കിടയിൽ കുറ്റിക്കാടുകളും വള്ളിപടർപ്പുകളും. സൂര്യപ്രകാശം അരിച്ചിറങ്ങുന്നുവെങ്കിലും അന്ധകാരം ഘനീഭവിച്ച അന്തരീക്ഷമാണ്. കാറ്റ് ആഞ്ഞടിക്കുന്നു. നമ്മുടെ യാത്രികൻ ക്ഷീണിതനായി നടന്നു നീങ്ങുമ്പോൾ, ഒരു വൈക്കോൽപുര കണ്ടെത്തി. അല്പം വിശ്രമിക്കാം എന്നു തീരുമാനിച്ചു. അപ്പോൾ മനസ്സിലായി അത് സാത്താന്റെ വിത്തു സംഭരണശാലയാണെന്ന്. മനുഷ്യഹൃദയങ്ങളിൽ വിതയ്ക്കേണ്ട വിവിധയിനം വിത്തുകൾ എല്ലാം ഇവിടെയാണ് ഭദ്രമായി സൂക്ഷിച്ചിരിക്കുന്നത്. യാത്രികൻ കൈയ്യിലുള്ള തീപ്പെട്ടി ഉരച്ച് കത്തിച്ച് അവിടെല്ലാം പരിശോധിച്ചു. വിത്തുശേഖരം വിശദമായികണ്ടു എന്നാൽ ഒരുതരം വിത്ത് വളരെ കൂടുതലായി ശേഖരിച്ചിരിക്കുന്നതായി കണ്ടു. ഭരണിയുടെ പുറത്തെ ലേബലിൽ നിരാശയുടെ വിത്തുകൾ എന്നാണ് കാണിച്ചിരിക്കുന്നത്. എന്തുകൊണ്ടാണ് ഇത്തരം വിത്തുകൾ കൂടുതലായി സൂക്ഷിച്ചിരിക്കുന്നത് എന്ന് ചിന്തിച്ച് നിൽക്കുമ്പോൾ സാത്താന്റെ മുഖ്യപ്രതിനിധിയായ കുട്ടിപിശാച് പ്രത്യക്ഷനായി. യാത്രികൻ ചോദിച്ചു എന്തുകൊണ്ടാണ് നിരാശയുടെ വിത്തുകൾ ഇത്രയധികം സൂക്ഷിച്ചിരിക്കുന്നത്? പിശാച് അതുകേട്ട് പൊട്ടിച്ചിരിച്ചു. അതിനുശേഷം പറഞ്ഞു കാരണം, അവ വേഗത്തിൽ മനുഷ്യഹൃദയങ്ങളിൽ വേരൂന്നി തഴച്ചുവളരുമെന്നതുകൊണ്ടാണ്. യാത്രികൻ ചോദിച്ചു: എല്ലായിടത്തും വളരുമോ? പിശാചിന്റെ മറുപടി കൃതജ്ഞതാനിർഭരമായ ഹൃദയത്തിൽ അവ ഒരിക്കലും വേരുപിടിക്കുകയില്ല. മുളയ്ക്കുമ്പോൾ തന്നെ ഉണങ്ങിപോകും.

ഈ കഥ ഒരു വലിയ ആത്മീയ സത്യം അനാവരണം ചെയ്യുന്നുണ്ട്. നിരാശയും നിരുത്സാഹവും കടന്നു വരുന്നത് കൃതജ്ഞത പുലർത്താത്ത ഹൃദയത്തിലാണ്. അവിടെ പരാതിയും പിറുപിറുപ്പും ഉയരുമെന്ന് മാത്രമല്ല വേഗത്തിൽ നിരാശയുടെ വിത്ത് മുളച്ച് വളരുകയും ചെയ്യും. സാത്താന്റെ വിളകളിൽ പ്രധാനമായ ഒന്നാണ് നിരാശ. അത് ഹൃദയങ്ങളിൽ വേരൂന്നിയാൽ വളരെ വേഗത്തിൽ വളർന്ന് വേരൂന്നും. മനുഷ്യ ചേതനകളെ മുരടിപ്പിക്കുന്ന ഒന്നാണത്. ഈശ്വരനിലുള്ള ആശ്രയം മനുഷ്യൻ വിട്ടുകളയുന്നതും ഉപേക്ഷരഹിതരും നിഷ്ക്രിയരുമായിത്തീരുന്നതിനും ഇടയാക്കുന്നു. ഈ വിത്ത് വളരാതിരിപ്പാൻ ചെയ്യേണ്ടത് ഹൃദയം കൃതജ്ഞതാ നിർഭരമാക്കുകയാണ്. പൗലോസ് അപ്പോസ്തോലൻ നിർദ്ദേശിക്കുന്നു: എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ: ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം.

രോഗിയും അവശനും എല്ലാറ്റിനും പരസഹായം വേണ്ടിയതുമായ ഒരു രോഗിയെ ഓർക്കുന്നു. പരാതികൾ ഏറെ പറയാവുന്ന അവസ്ഥ; ദൈവസ്നേഹത്തേയും ദൈവീക പരിപാലനത്തേയും ചോദ്യം ചെയ്യാവുന്ന സാഹചര്യം. പക്ഷെ അദ്ദേഹം വളരെ പതിഞ്ഞസ്വരത്തിൽ പറയുമായിരുന്നു; ദൈവം എത്ര നല്ലവനാണ്. ദൈവത്തിന്റെ കരുണകൾ എത്ര അളവറ്റതാണ്. ഒരിക്കൽപോലും ഒന്നിനെപ്പറ്റിയും പരാതിപ്പെടുമായിരുന്നില്ല. അതിന്റെ കാരണം ആ ഹൃദയം നന്ദിയും കൃതജ്ഞതയും നിറഞ്ഞതായിരുന്നു.

ഇപ്രകാരം ഒരു ഹൃദയം സാധ്യമാക്കുന്നതിന് ചില പ്രായോഗിക നിർദ്ദേശങ്ങൾ വയ്ക്കുന്നു. (1) ഓരോ ദിവസവും പ്രഭാതത്തിലോ രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പോ, കൃതജ്ഞത ഉയർത്തേണ്ട അഞ്ചുകാര്യങ്ങളെപ്പറ്റി ഓർത്തു കുറിച്ചുവയ്ക്കുക. (2) എല്ലാ ദിവസവും കുടുംബാംഗങ്ങളോടും സ്നേഹിതരോടും നന്ദി പറയേണ്ട അവസരങ്ങൾ ഒന്നും മറക്കരുത്. (3) പൊതുരംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികളോട് ഉചിതമാംവണ്ണം നന്ദി പ്രകാശിപ്പിക്കുക. (4) ചുറ്റിലുമുള്ള പ്രകൃതിയെ നിരീക്ഷിക്കുക. ചെറുതും വലുതുമായ എന്തെല്ലാം കാര്യങ്ങൾ അവിടെയുണ്ട്. വിരിഞ്ഞ ചക്രവാളം, വിടരുന്ന പൂക്കൾ പാറിപ്പറക്കുന്ന പൂമ്പാറ്റകൾ, പ്രകാശം പരത്തിപറക്കുന്ന മിന്നാമിനുങ്ങുകൾ, ഇങ്ങനെ എന്തെല്ലാം അവയെക്കുറിച്ച് കൃതജ്ഞരായിരിക്കുക. (5) ഓരോ ദിവസവും കൃതജ്ഞതയോ പ്രാർത്ഥനയോ ആരംഭിക്കുക. ഒരാൾ ഇപ്രകാരം പ്രാർത്ഥിച്ചു. നാഥാ, ഓരോദിവസവും അവിടുന്ന് ചൊരിയുന്ന അനുഗ്രഹങ്ങളെ അനുസ്മരിക്കാൻ കൃതജ്ഞതയുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ. എന്റെ ചുറ്റിലുമുള്ള സൗന്ദര്യത്തെ ആസ്വദിക്കാൻ എന്റെ ഇന്ദ്രിയങ്ങളെ സജ്ജമാക്കേണമേ. സൗഹൃദത്തിന്റേയും കുടുംബ ബന്ധങ്ങളുടെയും സന്തോഷം തിരിച്ചറിയാൻ എന്നെ പ്രാപ്തനാക്കേണമേ. അവിടുത്തെ അനന്തമായ ശക്തിയും കൃപയും കാരുണ്യവും ഞാൻ അനുഭവിക്കുമാറാകട്ടെ. ●

---

ക്കാമായിരുന്നു. മറിച്ച് ജോസഫ് അധീശത്വം കാണിക്കുവാനാണ് ശ്രമിച്ചത്. അപ്രകാരംതന്നെ ലിസിക്ക് പുരുഷത്വത്തിന് മുറിവേറ്റ ജോസഫിന്റെ വികാരം മനസ്സിലാക്കാമായിരുന്നു. ലിസിയുടെ വാക്കുകളെ നിയന്ത്രിച്ച് ജോസഫിനെ പ്രകോപിപ്പിക്കാതിരിക്കാമായിരുന്നു. ജോസഫിനെ മനസ്സിലാക്കി പെരുമാറിയിരുന്നുവെങ്കിൽ ജോസഫിനോട് തർക്കുത്തരം പറയാതിരുന്നുവെങ്കിൽ ജോസഫിന്റെ വ്യക്തിത്വത്തിന് മുറിവേൽക്കില്ലായിരുന്നു. വ്യക്തിത്വത്തെ മനസ്സിലാക്കി അംഗീകരിക്കുന്നത് മാതൃകാദമ്പതികളുടെ സവിശേഷതയാണ്.

“സംസാരിച്ചിരുന്ന് സമയം പോയതറിഞ്ഞില്ല. എനിക്ക് ഒരു അപ്പോയിന്റ്മെന്റ് ഉണ്ട്. രണ്ടുമണിയാകുമ്പോൾ അവരെത്തും. ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയുടെ പെരുമാറ്റവൈകല്യമാണ് വിഷയം. ഞാൻ പോകട്ടെ. പിന്നീട് വരാം”.

അച്ചൻ പറഞ്ഞിറങ്ങാൻ തുടങ്ങിയപ്പോൾ ലിസി പറഞ്ഞു:

“അയ്യോ അച്ചാ ഒരുമണിയായി. ചോറുണ്ടിട്ടു പോകാം”.

അച്ചൻ ഒരു പുഞ്ചിരിയോടെ പറഞ്ഞു. “ഒരു ഊണുള്ളത് അവിടെ കിടക്കട്ടെ. പിന്നീടാകാം” അച്ചൻ കാർ സ്റ്റാർട്ടാക്കി. ഗേറ്റ് കടന്നു പോകുന്നതുവരെ ജോസഫും ലിസിയും തിരിച്ചുകിട്ടിയ തങ്ങളുടെ ജീവിതത്തിന് ദൈവത്തിനും വികാരി അച്ചനും ഹൃദയത്തിൽ നന്ദി പറഞ്ഞുകൊണ്ട് സിറ്റൗട്ടിൽ തന്നെ നിന്നു.

(തുടരും)



ഡോ. സുനിൽ ഡി. കുരുവിള

# ജീവനുള്ള സമഗ്രമായ അദ്ധ്യാപനം

**" Education is not preparation for life; Education is life itself ".**

പുതിയ അദ്ധ്യയന വർഷത്തിലൂടെ നാം കടന്നുപോകുമ്പോൾ അദ്ധ്യാപകരെന്ന നിലയിൽ ഈ തലമുറയിലെ കുട്ടികൾക്കായി എന്തായിരിക്കണം നമ്മുടെ തയ്യാറെടുപ്പുകൾ. എന്ത് ഹോം വർക്കുകളാണ് നാം ചെയ്യേണ്ടത്. പദ്ധതികൾക്കും, സിലബസ്സിനും അതീതമായി ഒരു അദ്ധ്യാപകനെന്ന നിലയിൽ എനിക്ക് ഒരു ഉദ്ദേശമുണ്ടോ? ലക്ഷ്യമുണ്ടോ? ജൂൺമാസത്തിൽ കൈയ്യിൽ കിട്ടുന്ന കുട്ടികളെ മാർച്ച് മാസത്തിൽ പിരിയുമ്പോൾ എന്ത് മാറ്റമാണ് അവരിൽ ഞാൻ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നത്. അവരുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക ചുറ്റുപാടിൽ അവർക്ക് ഒരു വിദ്യാഭ്യാസ പ്രക്രിയയിൽ നിന്ന് ലഭിക്കേണ്ടത് എന്താണ്. അവരുടെ വ്യത്യസ്തതകൾക്കും, ആവശ്യങ്ങൾക്കും ചേരുന്ന വിദ്യാഭ്യാസമാണോ അവർക്ക് ലഭിക്കുന്നത്. അല്ലെങ്കിൽ ആ വിദ്യാഭ്യാസം പൂർണ്ണമാക്കാൻ ഒരു അദ്ധ്യാപകൻ എന്ന നിലയിൽ ഉത്തരവാദിത്വവും, കടമയുമില്ലേ ?

വർദ്ധിച്ചു വരുന്ന ചെറുപ്പക്കാരുടെ ഇടയിലെ അക്രമങ്ങൾ, ആത്മഹത്യ, മദ്യ - മയക്കുമരുന്ന് ഉപയോഗം, ലൈംഗിക ആസക്തി, സൈബർ കുറ്റകൃത്യങ്ങൾ, കുടുംബപ്രശ്നങ്ങൾ, മോഷണം, ആഡംബര ആസക്തി, പണിയെടുക്കാനും അധ്വാനിക്കാനുമുള്ള വിമുഖത, അലസത, മാനസിക പ്രശ്നങ്ങൾ, സൈബർ അഡിക്ഷൻ ഇവയെല്ലാം അദ്ധ്യാപകർക്ക് വിദ്യാഭ്യാസത്തിന് ചില വെല്ലുവിളികൾ ഉയർത്തുന്നില്ലേ ? വിദ്യാഭ്യാസം ഒരു സാംസ്കാരിക പ്രക്രിയയും ശാക്തീകരണപ്രക്രിയയും ആണെങ്കിൽ എന്തുകൊണ്ട് വിദ്യാസമ്പന്നർ എന്ന് സ്വയം അഭിമാനിക്കുന്ന നമ്മുടെ സമൂഹത്തിലെ കുട്ടികൾ ഇത്തരത്തിൽ തകരുന്നു. പ്രവർത്തിക്കാനും പ്രതികരിക്കാനും ചോദ്യം ചോദിക്കാനും ഉത്തരം പറയാനും ചിന്തിക്കാനും, ധാർമ്മികത ഉയർത്തി പിടിക്കാനും നമ്മുടെ യുവതലമുറ നന്നെ പാടുപെടുന്നു എന്നുള്ളതും സത്യമല്ലേ ?

ജീവിക്കാൻ- സമൃദ്ധമായി ജീവിക്കാൻ പഠിപ്പിച്ച ആത്മീയതയെ ഉൾക്കൊള്ളാനും ആസ്വദിക്കാനും ഈ തലമുറയ്ക്ക് കഴിയുന്നുണ്ടോ ? തൊഴിലും മാർക്കും മാത്രം ലക്ഷ്യമാക്കി വിദ്യാഭ്യാസം മാറിയപ്പോൾ നഷ്ടപ്പെട്ടത് ആത്മവിശ്വാസവും ജീവിക്കാനുള്ള കരുത്തുമല്ലേ. വളർത്തിയെടുക്കാവുന്ന നല്ല ശീലങ്ങൾ ചെറു പ്രായത്തിൽ തന്നെ ലക്ഷ്യം വെയ്ക്കണം. വിദ്യാഭ്യാസം സമഗ്രതയുള്ള ആത്മവിശ്വാസമുള്ള വ്യക്തികളെ വാർത്തെടുക്കുന്ന പ്രക്രിയയായി മാറണം. പ്രചോദനാത്മകമായ പ്രേരണയും അർത്ഥമുള്ള ലക്ഷ്യങ്ങളും അതിന് സൃഷ്ടിക്കാൻ കഴിയുന്നില്ലെങ്കിൽ വെറും മൂല്യം കുറഞ്ഞ ഒരു തലമുറയെ സൃഷ്ടിച്ചതിന്റെ പാപഭാരം അദ്ധ്യാപകരും കൂടി ഏറ്റെടുക്കേണ്ടി വരും.

ജീവിക്കാൻ പഠിപ്പിക്കണം, ഒപ്പം നന്നായി പഠിക്കാനും പഠിപ്പിക്കണം. നല്ല ലക്ഷ്യബോധവും മൂല്യ ബോധവും അവരിൽ രൂപപ്പെടണം. ഇതായിരിക്കണം ക്ലാസ് മുറികളിലേക്ക് ചെല്ലുമ്പോൾ ഓരോ അദ്ധ്യാപകന്റേയും മനസ്സിൽ.

വായനാശീലം കുട്ടികളിൽ നന്നേ കുറഞ്ഞു. 'Readers are Leaders'. കുട്ടികൾ വായിക്കണമെങ്കിൽ നമ്മൾ വായിക്കുന്നവരും അത് പ്രോത്സാഹിപ്പിക്കുന്നവരും ആകണം. നല്ല വായന ഒരു കുട്ടിയുടെ ലോകത്തെ വിശാലമാക്കുകയും ചെയ്യും.

**വൈകാരിക സാക്ഷരത:** ഒരു വ്യക്തിക്ക് താനായിരിക്കുന്ന സാഹചര്യത്തിൽ അർത്ഥവത്തായ രീതിയിൽ പെരുമാറാൻ, യുക്തിസഹമായി ചിന്തിക്കാൻ, സാഹചര്യത്തെ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യാനുള്ള കഴിവിന്റെ ആകെ തുകയാണ് വൈകാരിക ബുദ്ധിശക്തി. കത്തിയും മുള്ളും കൊണ്ട് ആഹാരം കഴിക്കാൻ പഠിപ്പിക്കുന്നതും, സായിപ്പിന്റെ ഭാഷയിൽ സംസാരിക്കാൻ പഠിപ്പിക്കുന്നതും നല്ലതു തന്നെ. പക്ഷെ അതാണ് പുരോഗതി എന്ന് തെറ്റിദ്ധരിക്കരുത്. നമുക്ക് ചുറ്റുമുള്ള ലോകം, മനുഷ്യൻ, പരിസ്ഥിതി അതിന്റെ സാധ്യതകളും ആവശ്യങ്ങളും എല്ലാം നമ്മുടേതിനോട് ചേർത്തുപിടിക്കാൻ പുതിയ തലമുറയെ പ്രാപ്തമാക്കണം. എങ്കിലേ യഥാർത്ഥ പുരോഗതി നേടാൻ സാധിക്കൂ.

അർത്ഥമുള്ള ( Meaningful and significant ) ജീവിതത്തിന് വെറും കഴിഞ്ഞുകൂടാൻ മാത്രം പഠിച്ചാൽ പോരാ. അതിന് വ്യക്തമായ ഉദ്ദേശങ്ങളും, ലക്ഷ്യങ്ങളും ഉണ്ടാവണം. പ്രവർത്തിക്കാനും പ്രതികരിക്കാനും പഠിക്കണം. നേരിടാനും സ്വന്തം ഇടം കണ്ടെത്താനും പഠിക്കണം. സഹവർത്തിത്തവും, സഹകരണവും സ്നേഹവും ശീലിക്കണം. വ്യത്യസ്തതകളെ (Variety) അംഗീകരിക്കാനും പരസ്പര ബന്ധം (Interconnection) സൃഷ്ടിക്കാനും, ആത്മീയതയിൽ പ്രചോദിതരാകാനും പഠിക്കണം- പഠിപ്പിക്കണം.

നമുക്ക് വേണ്ടത് സത്യസന്ധമായ, ആഴമുള്ള വിദ്യാഭ്യാസമാണ്. അല്ലാതെ ഉപരിപ്ലവമായ മാർക്ക്- തൊഴിൽ മാത്രം ലക്ഷ്യം വെയ്ക്കുന്ന വിദ്യാഭ്യാസമല്ല.

കുട്ടികൾക്ക് അറിവിനോടൊപ്പം, കളികളും, കലയും, സൗഹൃദങ്ങളും, യാത്രയും, വായനയും വിനോദവും, സാമൂഹിക പ്രവർത്തനങ്ങളും എല്ലാം ആവശ്യമാണ്. ക്ലാസ് മുറിയിൽ നിന്ന് ക്യാംപസിലേക്കും സമൂഹത്തിലേക്കും എല്ലാം കുട്ടിയുടെ ജീവിതം അർത്ഥവത്തായി വ്യാപരിക്കുമ്പോളാണ് യഥാർത്ഥ വിദ്യാഭ്യാസം സഫലമാകുന്നത്.

ഏതു Syllabus ആയാലും ഏത് വിദ്യാഭ്യാസ പദ്ധതി ആയാലും എല്ലാത്തിനും സവിശേഷതകളും ന്യൂനതകളും ഉണ്ടാവും. എന്നാൽ ആവശ്യമായ രൂപാന്തരം ടീച്ചറിൽ നടക്കുമ്പോൾ വിദ്യാഭ്യാസം പൂർണ്ണമാകും. കമ്പോളത്തിന്റേയും ആധുനിക സാങ്കേതിക വിദ്യയുടെയും ഒക്കെ ആസക്തിയിൽപ്പെട്ട് ബലിയാടുകളാകാതിരിക്കാൻ നല്ല മൂല്യങ്ങളുടെ സ്വാധീനവലയത്തിൽ നമുക്ക് യുവതലമുറയെ ഒരുക്കാം-

പ്രതിരോധിക്കാനുള്ള കഴിവ് അവരിൽ സൃഷ്ടിക്കാം.

**HmÀ½n¡pI.**

- ഓരോകുട്ടിയും ദൈവത്തിന്റെ അമൂല്യസൃഷ്ടിയാണ്.
- കുട്ടികളുടെ വ്യത്യസ്തതയെ അംഗീകരിക്കാം.
- താരതമ്യം പാപമാണ്. എല്ലാവർക്കും എഞ്ചിനീയറും, ഡോക്ടറും ആകാൻ കഴിയില്ല. താരതമ്യം ആവശ്യമില്ല.
- ചീത്തകുട്ടികളില്ല. മോശം സാഹചര്യങ്ങളും, മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും കുറവുകളുമാണ് മോശം കുട്ടികളെ സൃഷ്ടിക്കുന്നത്.
- കുട്ടികളിലെ മാനസിക പ്രശ്നങ്ങളും, കുറ്റവാസനയും വൈകാരിക പ്രശ്നങ്ങളും നേരത്തെ കണ്ടെത്തിയാൽ പരിഹരിക്കാവുന്നതാണ്.
- ഓരോ കുട്ടിയും പാകമാകാൻ, വ്യത്യസ്തമായ സമയ ദൈർഘ്യം എടുത്തേക്കാം എല്ലാ ചെടികളും ഒരേ പ്രായത്തിൽ പൂക്കാറില്ലല്ലോ.
- കുട്ടികളുടെ ആവശ്യങ്ങൾ മനസ്സിലാക്കുക, ക്ഷമയോടെ സ്നേഹത്തോടെ പെരുമാറുക. പരീക്ഷയും, പരീക്ഷണങ്ങളും, ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളും ഒക്കെ നേരിടാൻ പ്രാപ്തമാക്കുക.
- അച്ചടക്കം ശീലിപ്പിക്കണം
- നല്ല ശീലങ്ങളും, വൈകാരിക ബുദ്ധിശക്തി ലക്ഷ്യബോധം ഇവ വളർത്താൻ ആവശ്യമായ പരിശീലനം, കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശങ്ങൾ ഇവ നിർബന്ധമാക്കുക.
- പഠനത്തോടൊപ്പം, ലക്ഷ്യവും മൂല്യവും, സാമൂഹിക-പരിസ്ഥിതിബോധവും കുഞ്ഞുങ്ങളിൽ വളർത്താൻ അനുയോജ്യമായ ഇടം വിദ്യാഭ്യാസത്തിൽ സൃഷ്ടിക്കുക.

" If we create a culture where every teacher believes they need to improve not because they are not good enough but because they can be even better there is no limit to what we can achieve."

Ip«nIsf a\Êenem¡m\pw t{]mÕmIn¸n¡m\pw AwKoIcn¡m\pw Igns ª ¦nte Ahcnse hfÀ¨bpw ]ptcmKXnbpw Dd¸m¡m³ km[n¡pIbpÅp.

(Sunil D Kuruvilla is an educator,HR Trainer and career counseller.

He is the founder of Insight Mission, Mavelikara.

He can be contacted at +91 9656144712, +91 9847400712

E-mail : sunil_kuruvilla@rediffil.com , www.insightmission.org.)

## ലോട്ടറി പേജ് 11-ൽ നിന്ന് തുടർച്ച

ഞ്ഞുപോകുമ്പോൾ ആളുകൾ പറഞ്ഞു ഇതുപോലൊരു അടിപൊളി കല്യാണം ഈ നാട്ടിൽ നടന്നിട്ടില്ല.

സീരിയൽ താരങ്ങളുമായുള്ള അടുപ്പം ചാക്കോസാറിനെ മറ്റൊരു മോഹവലയത്തിലേക്കു നയിച്ചു. അങ്ങനെയാണ് തലസ്ഥാനത്ത് നടന്ന താരനിശയിൽ പങ്കെടുക്കാൻ ചാക്കോസാറിന് അവസരം കിട്ടിയത്. താരനിശ ചാക്കോസാർ ശരിക്കും ആസ്വദിച്ചു. അതിന്റെ പൊൻതിളക്കത്തിൽ മനസ്സ് ആടിയുലഞ്ഞു. അത് മനസ്സിലാക്കിയ സുഹൃത്തുക്കൾ ചാക്കോസാറിന്റെ തലച്ചോറിൽ പുതിയൊരാശയം കുത്തിവച്ചു. സിനിമാ നിർമ്മാണം.

അതൊക്കെ വലിയ മുതൽമുടക്കുള്ള കാര്യമല്ലെ.

പണം കൊണ്ടെറിഞ്ഞാലേ പണം വരൂ സാറെ. നമുക്ക് കുറച്ചു മുടക്കേ വേണ്ടിവരൂ സാറേ. ബാക്കി ഫൈനാൻസിയേഴ്സും ഡിസ്ട്രിബ്യൂട്ടേഴ്സുമൊക്കെ മുടക്കിക്കൊള്ളും.

എന്നാലും

ഒരു എന്നാലും വേണ്ട. ഒരു പടം 'ക്ലിക്ക്'ആയാൽ കോടികളല്ലെ വരുന്നത്. അതുമാത്രമോ, അവാർഡുകൾ, പ്രശസ്തി, ഉന്നതരുടെയിടയിൽ പിടിപാടുകൾ. പിന്നെ ജീവിതം 'ജിംഗാല'.

ചാക്കോസാർ രണ്ടാമതൊന്നൂടെ ആലോചിച്ചില്ല. സിനിമയുടെ മാസ്മരിക ലോകം അത്രയാകർഷിച്ചു കഴിഞ്ഞിരുന്നു. ഒരു ലോബജറ്റ് ഫിലിം എന്നായിരുന്നു ആശയം. പക്ഷെ പ്രൊഡക്ഷൻ തുടങ്ങിയതോടെ സംഗതി ആകെയങ്ങുമാറി. വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന മട്ടിലായി കാര്യങ്ങൾ. സിനിമാരംഗത്തെ ചതിക്കുഴികളൊന്നും നവാഗതനായ ചാക്കോ സാറിന് മനസ്സിലായതുമില്ല.

ആറുമാസംകൊണ്ട് പടം റിലീസ് ചെയ്യാമെന്നായിരുന്നു ഡയറക്ടർ പറഞ്ഞത്. ഒരു വർഷം കഴിഞ്ഞിട്ടും പ്രൊഡക്ഷൻ എങ്ങുമെത്തിയില്ല. പോക്കറ്റു കാലിയായതു മിച്ചം. മറ്റു ബിസിനസ്സിലെ പണം സിനിമയിലേക്കു മാറ്റിയപ്പോൾ ബിസിനസ്സിന്റെ താളം തെറ്റി. പിന്നീട്, പണയം, കടം. ഒടുവിൽ പിടിച്ചുനിൽക്കാൻ പലതും വിൽക്കേണ്ടി വന്നു.

അവസാനം വലിയ പബ്ലിസിറ്റിയോടെ സിനിമ റിലീസ് ചെയ്തു. പ്രതീക്ഷിച്ചതുപോലെ അത്ഭുതങ്ങളൊന്നും സംഭവിച്ചില്ല. പടം എട്ടുനിലയിൽ പൊട്ടി. ജനങ്ങൾ പറഞ്ഞു തുടങ്ങി. ചാക്കോസാറിന്റെ നല്ലകാലം കഴിഞ്ഞു. അതങ്ങനെ തന്നെ ആയി. ബ്ലേഡ് ബാങ്കിലെ പണം സിനിമയ്ക്കുവേണ്ടി മറിച്ചതിനാൽ നിക്ഷേപകർക്ക് തിരികെ കൊടുക്കാൻ നിവൃത്തിയില്ലാതായി. ബ്ലേഡ്ബാങ്കും സ്വർണ്ണക്കടയും പൂട്ടി. മോടിയിൽ പണികഴിപ്പിച്ച ആഡംബരവീട് വിറ്റ് ചെറിയൊരു വാടകവീട്ടിലേക്കു മാറി. അങ്ങനെ നിക്ഷേപകരുടെ കടം കുറെയൊക്കെ വീട്ടാൻ കഴിഞ്ഞെങ്കിലും പലരും കേസ് കൊടുത്തു. പിന്നെയും ബാങ്ക്ലോണുകൾ ബാക്കി. പണയം വയ്ക്കാനോ ഇനിയൊന്നും ശേഷിച്ചിട്ടില്ല.

പിന്നീട് കേട്ട വാർത്ത ചാക്കോസാർ മുങ്ങിയെന്നാണ്. പോലീസ് തിരയുന്നുണ്ട്.

ഒരാഴ്ച്ച കഴിഞ്ഞ് കുറിയാക്കോസ് സാർ വരാന്തയിലിരുന്ന് രാവിലെ പത്രം വായിക്കുകയായിരുന്നു. ചിന്നമ്മ ചായയുമായെത്തി. ചോദിച്ചു

പത്രത്തിൽ നമ്മുടെ ചാക്കോയുടെ വാർത്ത വല്ലതുമുണ്ടോ.

നമ്മുടെ ചാക്കോയോ.

ആ പഴയ ഓട്ടോ ചാക്കോ അല്ലെങ്കിൽ ഇപ്പോഴത്തെ ഫിലിം പ്രൊഡ്യൂസർ ചാക്കോസാർ.

വാർത്തയുണ്ടല്ലോ. ഇന്നലെ അറസ്റ്റു ചെയ്യപ്പെട്ട ചാക്കോ ജയിലിൽ തൂങ്ങി മരിച്ച നിലയിൽ.

എടീ ചിന്നമ്മെ, നീയൊന്നു മനസ്സിലാക്കിക്കോ-രുചിയോടെ ഭക്ഷണം കഴിക്കണമെങ്കിൽ അവനവൻ അദ്ധ്വാനിച്ചുണ്ടാക്കണം. അപ്പോഴും ചിന്നമ്മ പറഞ്ഞു എന്നാലും ആ ലോട്ടറി ടിക്കറ്റു വാങ്ങാൻ നമുക്കു ഭാഗ്യമില്ലാതെ പോയല്ലോ.

# മാതാപിതാക്കൾ അറിയുവാൻ

**അനൂബ് ജോൺ ചക്രവേലിൽ, രാമമംഗലം**
**അദ്ധ്യാപകൻ ഹൈസ്ക്കൂൾ രാമമംഗലം**

ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകുമ്പോൾ നമ്മുടെ കുട്ടികൾ വിവിധ മാനസിക സംഘർഷങ്ങൾക്കും അടിമപ്പെട്ട് പോകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഉത്തമ സുഹൃത്തായി നിന്നുകൊണ്ട് സംഘർഷങ്ങളെ ലഘൂകരിക്കുക എന്നതാണ് രക്ഷകർത്താക്കളുടെ ഉത്തരവാദിത്തം വളർച്ചയുടെയും വികസനത്തിന്റെയും വിവിധ ഘട്ടങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെയും അവയെ രക്ഷകർത്താക്കൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നും നമുക്ക് പരിശോധിക്കാം.

ഒരു വ്യക്തിയുടെ വളർച്ചയും വികാസവും ഒരു അർത്ഥമാണ് എങ്കിലും രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. വികാസം എന്നു പറയുന്നത് ഗുണപരമായ വർദ്ധനവ് ആണ്. പിണ്ഡത്തിലുള്ള വർദ്ധനവാണ് വളർച്ച. ഉദാഹരണത്തിന് മസ്തിഷ്കം വളരുന്നു ബുദ്ധി വികസിക്കുന്നു. വികസനം എന്നത് പാരമ്പര്യത്തേയും സാഹചര്യത്തെയും ആശ്രയിച്ചിരിക്കുന്നു. ജന്മനാ ലഭിക്കുന്ന പാരമ്പര്യവും, പരിസരങ്ങളും ഇടപെടലുകളിലൂടെയും സാഹചര്യങ്ങളിലൂടെയും വ്യക്തി വികസിക്കുന്നു.

**വളർച്ചയുടെ വിവിധ ഘട്ടങ്ങൾ (വികസന ഘട്ടങ്ങൾ).**

പ്രാഗ്ജന്മം (pre natel period). ശൈശവം (infancy). ബാല്യം (chi1dhood). കൗമാരം (adolescence). യൗവനം, വാർദ്ധക്യം (oldage) എന്നിവയാണ് വികസന ഘട്ടങ്ങൾ

**പ്രാഗ്ജന്മം (Pre natel period)**

അമ്മയുടെ ഉദരത്തിൽ കിടക്കുമ്പോൾ തന്നെ വികസനം ആരംഭിക്കുന്നു. മാതാവിന്റെ ആരോഗ്യം, ആഹാരം, വൈകാരിക അനുഭവം ഇവയെല്ലാം കുട്ടിയുടെ വളർച്ചയെ സ്വാധീനിക്കുന്നു. അമ്മയുടെ പൂർണ്ണ സന്തോഷം എല്ലാവരും ഉറപ്പ് വരുത്തണം. പോഷകാഹാരവും ആരോഗ്യവും ഗർഭസ്ഥ ശിശുവിനെ സ്വാധീനിക്കുന്നു. അമ്മയുടെ ഉദരത്തിൽനിന്ന് പുറത്തേക്ക് വരുകയും പൊക്കിൾക്കൊടിബന്ധം വിഛേദിക്കുന്നതും കുട്ടിക്ക് സ്വതന്ത്ര ജീവിതം ഉറപ്പ് വരുത്തുന്നു.

**ബാല്യം (childhood)**

വ്യക്തിത്വ വികാസത്തിന്റെ ഘട്ടമാണ് ബാല്യം. നല്ല ബാല്യം ലഭിച്ച വ്യക്തികൾ ജീവിതത്തിൽ വിജയം കൈവരിച്ചിട്ടുണ്ട്. ബാല്യത്തിലെ അറിവുകൾ ശരിയായി ഉപയോഗിച്ച് ജീവിതം സുന്ദരമാക്കാം. ബാല്യത്തെ 3 ആയി തിരിക്കാം ആദിബാല്യം, മദ്ധ്യബാല്യം, അന്ത്യബാല്യം.

അമ്മയാണ് എല്ലാം എന്ന അവസ്ഥയാണ് ശൈശവം. കരയുവാൻ മാത്രം അറിയുന്ന കുഞ്ഞിൽ നിന്ന് നിഷ്കളങ്കമായ ബാല്യത്തിലേക്ക് എത്തുന്നതു വരെ അമ്മയാണ് എല്ലാമെല്ലാം. ബാല്യത്തിലേക്ക് തിരിച്ച് പോക്ക് നാം എല്ലാവരും ആഗ്രഹിക്കും. എന്നാൽ ബാല്യത്തിലുള്ളവർ വലുതാകാൻ ആഗ്രഹിക്കുന്നു. വലുതായാൽ വണ്ടി ഓടിക്കാം, കറങ്ങി നടക്കാം.

**ആദിബാല്യം**

പഞ്ചേന്ദ്രിയങ്ങൾ കൂടുതൽ കാര്യക്ഷമമാകും. സ്പർശനം, മണം തുടങ്ങിയ തിരിച്ചറിയുന്നു. പിടിവാശിയുടെ കാലം, ശാഠ്യം, കളിപ്പാട്ടങ്ങളെ പ്രണയിക്കുന്ന കാലം. ഓട്ടം, കളികൾ, സംഘം ചേർന്നുള്ള കളിയിൽ താൽപര്യം കാണിക്കുന്നു. ചോദ്യങ്ങളുടെ ശരവർഷം. ഉത്തരം പ്രശ്നമേ അല്ല.

**മദ്ധ്യബാല്യം**

പഠിക്കാൻ കൂടുതൽ ഉത്സാഹം, യുക്തി പൂർവ്വം ചോദ്യങ്ങൾ ചോദിക്കും. വീര കഥകളിൽ താല്പര്യം. സംഘകളികളിൽ കൂടുതൽ താല്പര്യം.

**പിൽക്കാല ബാല്യം**

വിദ്യാലയ ജീവിതം സംഘബോധം ഉണ്ടാക്കുന്നു. കായിക പ്രവർത്തനങ്ങളിൽ താൽപര്യം. സമപ്രായക്കാരുമായി ചങ്ങാത്തം. സ്ഥിരദന്തം, അസ്ഥികൾ ശക്തമാകും, നിരീക്ഷണം, യുക്തി ചിന്ത ഇവയുടെ കാലം.

**രക്ഷിതാക്കളോട്**

1) നല്ല കേൾവിക്കാരാവുക, ശ്രദ്ധയോടെ കേട്ട് മറുപടി നൽകണം.

2) കുടുംബം എന്ന സുരക്ഷിതത്വം കുട്ടിയ്ക്ക് നൽകുക. മാതാപിതാക്കൾ നമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ പറഞ്ഞ് തീർക്കുക.

3) മൂല്യങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ പറഞ്ഞു കൊടുക്കുക.

4) കുട്ടികൾക്കൊപ്പം കളിക്കുക

5) കൂടെ ഇരുത്തി പഠിപ്പിക്കുക. വർക്ക് ചെയ്തു കൊടുക്കരുത്. പറഞ്ഞു കൊടുക്കുക.

**കൗമാരം (adolescence)**

ബാല്യത്തിനും യൗവ്വനത്തിനും ഇടയിലുള്ള പ്രായം. നിഷേധത്തിന്റെ കാലം. തെറ്റുകളുടെ ഘോഷയാത്രകൾ. ഉപദേശിക്കുന്നവരെ എതിർക്കുവാനും മാതാപിതാക്കളിൽ നിന്ന് അകന്ന് സ്വാശ്രയ ജീവിതത്തിന് ശ്രമിക്കുന്ന കാലം. വ്യക്തിത്വ സ്ഥാപനത്തിന്റെയും, ലൈഗിക പക്വതയുടെയും കാലം ഇതരലിംഗക്കാരോട് താല്പര്യം, അറിയുവാനുള്ള ആഗ്രഹവും തീവ്രം. വിവാഹ ജീവിതം സ്വപ്നം കാണുക പതിവ്.

പ്രജനനശേഷി കൈവരിക്കുന്ന കാലം. ശരീരം അതിവേഗം വളർന്ന് വലുതാകും. ശബ്ദ വ്യതിയാനവും രോമ വളർച്ചയും, മീശവളർച്ചയും, ലിംഗവളർച്ചയും ആൺകുട്ടികളിൽ പ്രകടമാകുന്നു. പെൺകുട്ടികളിൽ നിതംബ വളർച്ചയും സൗന്ദര്യ വർദ്ധനവ്, രോമവളർച്ച, സ്തന വളർച്ച, ഗുഹ്യരോമത്തിന്റെ വളർച്ചയും ശരീര വളർച്ചയും പ്രകടമാകുന്നു. ആൺ പെൺകുട്ടികൾ നമ്മിൽ വൈകാരിക അടുപ്പം തുടരുന്നത് ഈ കാലഘട്ടത്തിലാണ്. ലൈഗിക വികാരങ്ങൾ അവരെ അലട്ടുന്നു. ആൺകുട്ടികളിൽ സ്ഖലനവും പെൺകുട്ടികളിലെ ആർത്തവവും പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആൺകുട്ടികൾ സ്വയം ഭോഗത്തിലേക്കും പെൺകുട്ടികൾ സ്വയം പ്രദർശനങ്ങളിലേക്കും സഞ്ചരിക്കാം. എതിർ ലിംഗത്തെക്കുറിച്ച് അറിയുവാനുള്ള ആകാംക്ഷ അബദ്ധത്തിലെത്താനുള്ള സാദ്ധ്യത കൂടുതൽ, അപക്വമായ അറിവുകൾ സൃഷ്ടിക്കുന്ന പ്രശ്നം. കൂടുതൽ അറിയുവാൻ പോൺ സൈറ്റുകളെ

ആശ്രയിക്കാം. സമസമൂഹം തെറ്റിലേക്ക് നയിപ്പിക്കാം. സ്നേഹം, അംഗീകാരം, സുരക്ഷിതത്വം, ലൈഗിക ആഗ്രഹം ഇവ ആഗ്രഹിക്കുന്നു. ലഭിക്കാതെ വരുമ്പോൾ സാമൂഹിക വിരുദ്ധ പ്രവർത്തനം, ഒളിച്ചോട്ടം ഇവ സംഭവിക്കുന്നു.

**രക്ഷിതാക്കളോട്**

1) പരിവർത്തനത്തിന്റെ കാലം ആരോഗ്യ വളർച്ചയ്ക്ക് ആവശ്യമാണ്. അവ കുട്ടികളുടെ ധിക്കാരം ആയി കാണരുത്.
2) കുട്ടികളുടെ പ്രശ്നങ്ങളെ സമചിത്തതയോടെ കൈകാര്യം ചെയ്യുക.
3) ലൈഗിക വികാരങ്ങളുടെ പിടിയിൽപെട്ട് ചൂഷണം ചെയ്യപ്പെടാം.
4) ആത്മാഭിമാനം കൂടുതൽ ഉണ്ട്, എടുത്തു ചാട്ടം സ്വാഭാവികം.
5) മാതാപിതാക്കൾക്ക് സ്നേഹം ഇല്ല എന്ന് കരുതി വ്യാജ സ്നേഹത്തിൽപ്പെടാം.
6) ഒളിച്ചോടാനുള്ള സാധ്യത തള്ളിക്കളയരുത്.
7) ചോദ്യങ്ങൾക്ക് ഉത്തരം നല്കുക. കായിക പരിശീലനത്തിന് വിടുക.

**യൗവനം**

ആവേശവും ചോരത്തിളപ്പും നിറഞ്ഞ പ്രായം. പക്വതയുടെ കാലം, യൗവ്വനത്തിൽ ജീവിത മധുരവും കൈപ്പും ഒരുപോലെ അറിയും. ഗൗരവ പ്രണയ കാലം. വലിയ സുഹൃത്ത് വലയങ്ങളുടെയും കറക്കത്തിന്റെയും കാലം. ബാധ്യതകളുടെ കൂമ്പാരം ചിലപ്പോൾ പേറുന്നകാലം. കൂട്ടിമുട്ടിക്കുവാൻ നെട്ടോട്ടം ഓടുന്ന കാലം. കുടുംബ ബന്ധങ്ങളുടെ വിലയറിയുന്ന കാലം. കഷ്ടപ്പാടിന്റെയും അലച്ചിലിന്റെയും കാലം.

**വാർദ്ധക്യം**

ആവേശത്തിനും ആഘോഷത്തിനും അർദ്ധ വിരാമ മിടുന്ന കാലം. വിശ്രമത്തിന്റെ കാലം, ഒറ്റപ്പെടലിന്റെ കാലം. നഷ്ടം വന്ന കൗമാരത്തെയും യൗവ്വനത്തെയും ബാല്യത്തെയും ഓർക്കുന്ന കാലം ധിക്കാരപൂർവ്വം പ്രതികരിച്ച മാതാപിതാക്കളുടെ വിലയറിയുന്ന കാലം, കൊച്ചു മക്കളെ പോറ്റി വളർത്തുന്ന കാലം.

No one is perfect. No. parent is perfet. No child is perfect. ആരും പൂർണ്ണരല്ല. മക്കളെ സ്നേഹിച്ച് അവരുടെ പ്രശ്നങ്ങളിൽ സമചിത്തതയോടെ ഇടപെട്ട് സ്വന്തം ജീവിതം മാതൃകയാക്കിയും അവരെ നേർവഴിക്ക് നയിക്കുക. Talk to your child and Listern to then carefully. തന്റെ കുട്ടിക്ക് ധൈര്യമായി തുറന്നു പറയുവാൻ തന്റെ മാതാപിതാക്കൾ ഉണ്ട് എന്ന ബോധ്യം അവനിൽ ഉണ്ടെങ്കിൽ ഒരു കുട്ടിയും വഴിതെറ്റില്ല. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ കുട്ടികൾക്ക് തണലായി നിൽക്കുവാൻ എല്ലാ മാതാപിതാക്കൾക്കും കഴിയട്ടെ എന്ന് ആശം സിക്കുന്നു.

●

# വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിൽ വചനാഭിഷേക ധ്യാനം

സെപ്റ്റംബർ 18,19, 20, 21 തീയതികളിൽ മൂവാറ്റുപുഴ സങ്കീർത്തനാ ധ്യാനകേന്ദ്ര ടീം ധ്യാനം നയിക്കുന്നു. 18-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് തുടങ്ങി 21-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.

ഒക്ടോബർ 1-ാം തീയതി ആദ്യ ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 2 മണി വരെ ഏകദിന ധ്യാനം ഉണ്ടായിരിക്കും. ബ്രദർ സണ്ണി തയ്യിൽ ഇടുക്കി ധ്യാനം നയിക്കുന്നതായിരിക്കും.

**ഫാ. മാത്യൂസ് ചെറുകരേത്ത്**
(ഡയറക്ടർ സുഖാർ ധ്യാനകേന്ദ്രം)
9447224025



# യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, തെങ്ങേലി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, റാന്നി**

**പരിശുദ്ധാത്മാവിന്റെ ഉപകാരസ്മരണ**

പരിശുദ്ധാത്മാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

# ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റി "സ്വാന്തനം 2019" (പാലിയേറ്റീവ് കെയർ)

ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റിയുടെ "സ്വാന്തനം 2019" (പാലിയേറ്റീവ് കെയർ പദ്ധതി) ന്റെ ഭാഗമായി അത്യാസന്നനിലയിൽ വീട്ടിൽ കഴിയുന്ന നിർദ്ധനരായ രോഗികൾക്ക് വേണ്ടി രണ്ട് ഓക്സിജൻ യൂണിറ്റുകൾ (ഏകദേശം 87000/- രൂപ വിലവരുന്ന) ഒരു സമുദായ സ്നേഹി തന്നിട്ടുണ്ട്. വളരെ അത്യാസന്ന നിലയിൽ വീട്ടിൽ കഴിയുന്ന രോഗികൾക്ക് ആവശ്യമെങ്കിൽ ക്നാനായ കോൺഗ്രസ് കേന്ദ്രഭാരവാഹികളുമായി ബന്ധപ്പെടുക. ഇപ്പോൾ രണ്ട് രോഗികൾക്ക് കൊടുത്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഒരു സർജ്ജിക്കൽ ബെഡും, എയർ ബെഡും (ഏകദേശം 20000/- രൂപ) ഒരു സമുദായ സ്നേഹി തരികയും അർഹതപ്പെട്ട ഒരു രോഗിക്ക് അത് കൈമാറുകയും ചെയ്തിട്ടുണ്ട്.

# മലങ്കര സഭ

പ്രൊഫ. പി.കെ. സ്കറിയ, കുന്നത്തിൽ

(2019 മെയ് ലക്കത്തിൽനിന്ന് തുടർച്ച)

## അഞ്ചും ആറും നൂറ്റാണ്ടുകൾ

**കോസ്മസ് ഇൻഡികോപ്ളസ്റ്റിസ് (Cosmos Indicoplustis)**

ക്രിസ്തുവർഷം 522-ൽ ദക്ഷിണേന്ത്യ സന്ദർശിച്ച ഈജിപ്റ്റിലെ അലക്സാന്ത്രിയാ സ്വദേശിയും സഞ്ചാരിയുമായിരുന്ന കോസമസ് തന്റെ യൂണിവേഴ്സൽ ക്രിസ്റ്റ്യൻ ടോപ്പോ ഗ്രാഫി (universal Christian Topography) എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "സഭ ക്ഷയോന്മുഖമായിട്ടില്ല എന്നാലോ നാനാഭാഗങ്ങളിലും വ്യാപിച്ചും ലോകം മുഴുവനും ക്രിസ്തീയ തത്വങ്ങളിൽ നിറഞ്ഞും ദിവസേന അഭിവൃദ്ധി പ്രാപിച്ചും, സുവിശേഷം ലോകം മുഴുവനും പ്രസംഗിക്കപ്പെട്ടും വരുന്നതായി ഞങ്ങൾ കാണുന്നു. ഞാൻ ഇത് എന്റെ സ്വന്തം കണ്ണുകളാൽ കാണുകയും മറ്റുള്ളവരിൽനിന്ന് ഗ്രഹിക്കുകയും ചെയ്തിരിക്കയാൽ സത്യത്തിന്റെ സാക്ഷിയായി ഞാൻ ഇവയെ വിവരിക്കുന്നു. റ്റാപ്രോബെയിൻ (സിലോൺ) ദ്വീപിലും ഇൻഡ്യൻ മഹാസമുദ്രതീരത്തുള്ള ഇൻഡ്യയുടെ ഉൾഭാഗങ്ങളിലും പട്ടക്കാരും വിശ്വാസികളുടെ സമൂഹവുമായുള്ള ഒരു ക്രൈസ്തവ സഭ ഉണ്ട്. സഭ ഇവിടെ നിന്ന് മറ്റു രാജ്യങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ടോ എന്നു തീർച്ച ഇല്ലങ്കിലും കുരുമുളകു വിളയുന്ന 'മലെ' (മലബാർ) രാജ്യത്തും ക്രൈസ്തവ സഭ ഉണ്ട്. കൂടാതെ കല്ല്യാൺ (ബോംബയ്ക്ക് അടുത്ത കല്ല്യാൺ) എന്ന സ്ഥലത്ത് പേർഷ്യയിൽ, നിന്ന് അഭിഷേകം ചെയ്യപ്പെട്ട ഒരു മെത്രാനും ഉണ്ട്".

കോസ്മസ് ഒരു നെസ്തോറിയൻ ആയിരുന്നു എന്നും അയാൾ ഇൻഡ്യയിൽ കണ്ടസഭ പേർഷ്യക്കാർ നെസ്തോറിയ വിശ്വാസം സ്വീകരിച്ചതിനുശേഷം പേർഷ്യൻ നെസ്തോറിയ മിഷനറിമാരാൽ സ്ഥാപിക്കപ്പെട്ട നെസ്തോറിയ സഭാ ശാഖ ആയിരുന്നു എന്നും വളരെ ചുരുക്കം ചരിത്രകാരന്മാർ അനുമാനിക്കുന്നു. എന്നാൽ ഈ വീക്ഷണം ശരി അല്ലെന്ന് താഴെ കൊടുക്കുന്ന വസ്തുതകൾ സ്ഥാപിക്കുന്നു.

1)കോസ്മസ് അലക്സാന്ത്രിയാക്കാരൻ ആയിരുന്നുവല്ലോ അലക്സാന്ത്രിയാ ഒരിക്കലും നെസ്തോറിയ ആയിരുന്നില്ല എന്നു മാത്രമല്ല ഈജിപ്റ്റിലെ ക്രൈസ്തവ സഭ ഒരിക്കലും നെസ്തോറിയ വിശ്വാസം സ്വീകരിച്ചിരുന്നില്ല.

2)കോസ്മസ് കന്യകമറിയാമിനെക്കുറിച്ച് പ്രസ്താവിക്കുന്ന എല്ലാ അവസരങ്ങളിലും ദൈവമാതാവ് എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. മറിയാം ഒരു സാധാരണ സ്ത്രീ ആയിരുന്നെന്നും ഒരു സാധാരണ മനുഷ്യ സ്ത്രീക്ക് ദൈവത്തെ പ്രസവിപ്പാൻ കഴികയില്ലെന്നും ആണല്ലോ നെസ്തോർ പഠിപ്പിച്ചിരുന്നത്.

3) അന്ത്യോഖ്യായുടെ മേൽക്കോയ്മയ്ക്കു ഭംഗം വരാതെ സെലൂഷ്യ (മെഡിറ്ററേനിയൻ കടലിന്റെ കിഴക്കേ തീരത്ത് അന്ത്യോഖ്യായ്ക്കു സമീപമുള്ള പട്ടണം) യിലെ പേർഷ്യൻ മെത്രാന് ഇൻഡ്യൻ സഭയുടെ മേലുള്ള ആത്മീക അധികാരം നിഖ്യാ സുന്നഹദോസിനു (എ.ഡി. 325) തൊട്ടു മുൻപ് വിട്ടു കൊടുത്ത കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ അനേക വർഷങ്ങൾ (ഏതാണ് ഒന്നേമുക്കാൽ നൂറ്റാണ്ടോളം) കടന്നുപോയതിനുശേഷം എ.ഡി. 498ൽ മാത്രമാണ് സെലൂഷ്യ നെസ്തോറിയ വിശ്വാസത്തിലേക്ക് വഴുതി വീഴുകയും അവിടത്തെ തലവൻ ബാബിലോൺ പാത്രിയർക്കീസ് എന്ന സ്ഥാനം സ്വീകരിച്ച് അന്ത്യോഖ്യായുടെ മേൽക്കോയ്മ നിഷേധിക്കയും ചെയ്തത്. തന്നെയുമല്ല സെലൂഷ്യായിലെ നെസ്തോറിയ വിശ്വാസത്തിന്റെ വിജയം ദീർഘ കാലത്തേക്ക് നിലനിന്നുമില്ല. എ.ഡി. 531 വരെയും അതിനുശേഷവും വളരെ വർഷങ്ങൾ യാക്കോബായ വിശ്വാസവും സെലൂഷ്യായിൽ പ്രബലമായിരുന്നു എന്നതിന് ചരിത്ര രേഖകൾ ഉണ്ട്. അക്കാലത്ത് സെലൂഷ്യയിൽ നെസ്തോറിയനും യാക്കോബ്യനുമായി രണ്ടു കാതോലിക്കമാർ വീതം തുടർച്ചയായി ഉണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു.

ഏതായാലും എ.ഡി. 498-ൽ മാത്രമാണല്ലോ സെലൂഷ്യയിൽ നെസ്തോറിയനിസം കടന്നു കൂടിയത്. അതിനുശേഷം കേവലം 24 വർഷങ്ങൾക്കുശേഷം എ.ഡി. 522-ൽ മലങ്കരയിലെത്തിയ കോസ്മസ് ഇവിടെ കണ്ട സഭ നെസ്തോറിയം ആയിരുന്നു എന്ന വാദം തീർത്തും അവിശ്വസനീയം ആണ്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇവിടെ നിലനിന്നിരുന്നതിനു കടകവിരുദ്ധമായ ഒരു വിശ്വാസം ഇവിടെ വേരുറച്ചു എന്നു പറയുന്നത് ഒരിക്കലും സംഗതമല്ലല്ലോ കാരണം.

a) ബ്രിട്ടീഷ് ഗവൺമെന്റിന്റെയും ഇവിടത്തെ ഭരണാധികാരികളുടെയും എല്ലാവിധ സഹായ. സഹകരണങ്ങൾ ഉണ്ടായിരുന്നിട്ടും ഇൻഡ്യയിൽ സുവിശേഷ വേല ചെയ്ത ആംഗ്ലിക്കൻ മിഷണറി മാർക്ക് ഒരു സഭ രൂപീകരിക്കാൻ ഏകദേശം 100 വർഷത്തോളം വേണ്ടിവന്നു.

b) സ്വേച്ഛാധിപതികളും മത വൈരാഗികളുമായിരുന്ന പോർട്ടുഗീസ് ഗവൺമെന്റിന്റെ ദണ്ഡനം, ഭീഷണി, പണം, മുതലായ വിവിധ ഉപായങ്ങൾ പ്രയോഗിച്ചിട്ടും അവർക്ക് എളുപ്പത്തിൽ ഇവിടെ ഒരു സഭ സ്ഥാപിക്കാൻ സാധിച്ചില്ല.

അങ്ങനെ ഇരിക്കെ സ്വന്ത സ്ഥലത്തുതന്നെ വിശ്വാസ വ്യത്യാസങ്ങളും കലഹങ്ങളും ഉണ്ടായിരുന്ന നിർദ്ധനരായിരുന്നു ബാസിലോണിലെ നെസ്തോറിയ മിഷണറിമാർ വിദൂരമായ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലും സിലോൺ വരെയും 24 വർഷങ്ങൾ ക്കുള്ളിൽ സഭ സ്ഥാപിച്ചു എന്നു പറയുന്നത് തീർത്തും അവിശ്വസനീയമാണ്.

താൻ സന്ദർശിച്ച പേർഷ്യയിൽനിന്നു വന്ന മെത്രാന്മാരാൽ ഭരിക്കപ്പെട്ടിരിക്കുന്ന ഇൻഡ്യൻ ക്രൈസ്തവ സഭ നെസ്തോറിയമായിരുന്നു എന്ന് കോസ്മസ് തന്റെ ടോപ്പോ ഗ്രാഫിയിൽ പറയുന്നില്ല. മറിച്ച് "സഭ ക്ഷയോന്മുഖമായിട്ടല്ല നാനാഭാഗങ്ങളിലും വ്യാപിച്ചും ഭൂമി മുഴുവനും ക്രിസ്തു തത്വങ്ങളാൽ നിറഞ്ഞും... ഞങ്ങൾ കണ്ടിരിക്കുന്നു.'' എന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്.

ഏതായാലും മലങ്കര സഭയ്ക്ക് പേർഷ്യയിൽ നിന്ന് മെത്രാന്മാരെ ലഭിച്ചിരുന്നു എന്ന ഏക കാരണം കൊണ്ട് പേർഷ്യയിലെ നെസ്തോറിയ സഭയ്ക്ക് ദക്ഷിണേന്ത്യൻ സഭ വിധേയമായിരുന്നുവെന്ന് അനുമാനിക്കുന്നത് ഒരിക്കലും ശരിയല്ല.

എന്നാൽ പേർഷ്യയിൽനിന്ന് മലങ്കരയിലെത്തിയ മെത്രാന്മാരിൽ ചിലരെങ്കിലും ഒരു പക്ഷെ നെസ്തോറിയ വിശ്വാസികൾ ആയിരുന്നിരിക്കാം കാരണം.

1) സെലൂഷ്യ അന്ത്യോഖ്യായുടെ മേൽക്കോയ്മ ധിക്കരിച്ച് (എ.ഡി. 498) സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയതിനെ

സംബന്ധിച്ച് ഇവിടത്തെ ക്രിസ്ത്യാനികൾ അജ്ഞരായിരുന്നു.

2) പേർഷ്യയിലെ യാക്കോബായ കാതോലിക്കയും നെസ്തോറിയ കാതോലിക്കായും തങ്ങളുടെ പ്രതിനിധികളെ മാറി മാറി ഇങ്ങോട്ട് അയച്ചിട്ടുണ്ടാവണം. ഇരു കാതോലിക്കമാരും മലങ്കര സഭ അവർക്ക് വിധേയമാണെന്ന് അവകാശപ്പെട്ടിരുന്നു.

3) യാക്കോബാക്കാരും നെസ്തോറിയരും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്ന ക്രിസ്തുവിന്റെ ക്നുമ്മാ (ആളത്വം) ക്യോനോ (സ്വഭാവം) മുതലായ സങ്കീർണ്ണ വിഷയങ്ങൾ മനസ്സിലാക്കുന്നതിനുതകുന്ന വൈദിക പഠനം ഇൻഡ്യൻ ക്രിസ്ത്യാനികൾക്ക് ലഭിച്ചിരുന്നില്ല. (അക്കാലത്ത് നാട്ടുകാർക്ക് മെത്രാൻ പട്ടം ലഭിച്ചിരുന്നില്ലല്ലോ.)

4. അതേ സമയം പരിശുദ്ധ ത്രിത്വത്തിലുള്ള അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ നിഖ്യാ സുന്നഹദോസ് പ്രമാണം യാക്കോബായക്കാരും നെസ്തോറിയരും ഒരുപോലെ അംഗീകരിച്ചിരുന്നു.

ആയതിനാൽ മേൽ പറഞ്ഞ കാരണങ്ങൾകൊണ്ട് മലങ്കര ക്രിസ്ത്യാനികൾ അക്കാലത്ത് അന്ത്യോഖ്യായ്ക്ക് വിധേയരായ യാക്കോബായ മെത്രാന്മാരെയും ബാബിലോണിലെ നെസ്തോറിയ മെത്രാന്മാരെയും ഒരേപോലെ സ്വീകരിക്കയും ഇരു കൂട്ടരെയും തങ്ങളുടെ മേലധികാരികളായി അംഗീകരിക്കുകയും ചെയ്തിരുന്നു എന്നു കരുതുന്നതാവും ഉചിതം. ●

# ക്നാനായ കോൺഗ്രസ് കേന്ദ്ര ജനറൽ ബോഡിയും സ്വാതന്ത്ര്യദിന സ്മൃതി സംഗമവും

ക്നാനായ കോൺഗ്രസിന്റെ കേന്ദ്ര ജനറൽ ബോഡിയോഗവും, സ്വാതന്ത്ര്യദിന സ്മൃതി സംഗമവും ആഗസ്റ്റ് 15 വ്യാഴാഴ്ച ചിങ്ങവനം സെന്റ്മേരീസ് ശാലേംപള്ളിയിൽ നടത്തി. പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജന.സെക്രട്ടറി റോയി പുത്തൻ പുരയ്ക്കൽ 2018-19 വർഷത്തെ ക്നാനായ കോൺഗ്രസ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ അനീഷ് റ്റി.സി. തകിടിയിൽ 2018-19 വർഷത്തെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു. 2018 ലെ മഹാപ്രളയകാലത്തെ ക്നാനായ കോൺ ഗ്രസിന്റെ 26 ലക്ഷം രൂപ ചിലവഴിച്ച വാർഷിക റിപ്പോർട്ടിനും വരവു കണക്കിനും ജനറൽ ബോഡി അംഗീകാരം നൽകി.

തുടർന്നു നടന്ന സ്വാതന്ത്ര്യദിന സ്മൃതി സംഗമം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജേക്കബ് കല്ലുകുളം, ഫാ. ജേക്കബ് നടയിൽ, ഫാ. ഷിബിൻ മണിമലേത്ത്, റോയി പുത്തൻ പുരയ്ക്കൽ, അനീഷ് റ്റി.സി. തകിടിയിൽ, കൊച്ചുമോൻ ഒറ്റത്തൈക്കൽ, സജി താന്നിക്കൽ, ബിനു കല്ലേ മണ്ണിൽ, അനീഷ് കൈയ്യത്ര, ബിബിൻ കല്ലംപറമ്പിൽ, ഏബ്രഹാം ചാങ്ങയിൽ എന്നിവർ പ്രസംഗിച്ചു. ●

## എഡിറ്റോറിയൽ 4-ാം പേജ് തുടർച്ച

ങ്ങൾക്കു മുമ്പേ ദൈവം തയ്യാറാക്കിയ ഒരു പദ്ധതിയുടെ പൂർത്തീകരണമാണ് ആരാധന (യിരമ്യാ. 29:11). എന്നാൽ അനേകരും അവ വേണ്ടിടത്തോളം ആസ്വദിക്കാതെ ജീവിക്കുന്നു. ആരാധനാക്രമങ്ങളിലും പിതാക്കന്മാരുടെ എഴുത്തുകളിലും സഭയുടെ തത്വപരമായ ഉപദേശങ്ങളിലും വിഭാവനം ചെയ്യുന്ന ഒരു സഭാ നടപടിക്രമം യഥാവിധി-ആന്തരികമായ് അനുഭാവത്തോടെ നമ്മുടെ ഇടവകകളിൽ കാണുവാനില്ല. നമ്മുടെ ചുറ്റും കാണുന്ന അനേകം ക്രിസ്തേതര സമുദായങ്ങളും, സംഘടനകളും നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതും യേശുക്രിസ്തുവിനോടു ബന്ധപ്പെട്ടിട്ടല്ലല്ലോ. അതുപോലെ നമ്മുടെ സഭയും അതിനുള്ളിൽ പ്രവർത്തനം വല്ലതും ഉണ്ടെങ്കിൽ അവയും നിലനിൽക്കുന്നതുകൊണ്ടു മാത്രം യേശുക്രിസ്തുവിനോട് ബന്ധത്തിൽ പോകുന്നുവെന്ന് അർത്ഥമാക്കുവാൻ പാടില്ല. കൂദാശകളും തിയോളജിയും ഭംഗിയേറിയ ആരാധനകളും പള്ളിയകത്തുമാത്രം ഇരിക്കുന്ന ഒരു Hobby ആയി മാത്രം തീരാതെ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി ജീവിതത്തെ രൂപാന്തരപ്പെടുത്തികൊണ്ടിക്കുവാനാണ് ദൈവ ഉദ്ദേശം. അതിന് ദൈവത്തിന്റെ പ്രവർത്തന ത്തിനു സഭാംഗങ്ങളുടെ സഹകരണം അത്യാവശ്യമാണ്. മനുഷ്യന്റെ സഹകരണവും സമ്മതവും ഇല്ലാതെ ദൈവം യാതൊന്നും പ്രവർത്തിക്കുകയില്ല. വി. കുർബ്ബാന തക്സായിലും പട്ടക്കാരന്റെ ഇമ്പമേറിയ ശബ്ദത്തിലും മാത്രം ഒതുങ്ങിയിരിക്കാതെ, പാപത്തിൽ പഴകിക്കിടക്കുന്നവന്റെ ഹൃദയഭിത്തിമേൽ ആഞ്ഞടിച്ച് അവനെ രക്ഷയിലേക്ക് ആകർഷിക്കുന്നതിനുള്ള മാർഗ്ഗമായിട്ടാണ് ആരാധന തീരേണ്ടത്. പാപജീവിതത്തിൽനിന്ന് ദൈവീക ജീവിതത്തിലേക്കും, ലൗകീകത്തിൽനിന്ന് ആത്മീകത്തിലേക്ക് ജനങ്ങളുടെ ചിന്താഗതിയെ തിരിച്ചുവിടുന്ന ഒരു വിപ്ലവം മുഴക്കുകയും പരിശുദ്ധാത്മാവിന്റെ കൊടുങ്കാറ്റ് ഊതിക്കയും ചെയ്യണമെങ്കിൽ ഏലിയായെപ്പോലെയും യറമിയായെപ്പോലെയും ഉള്ള ധീരസേനാനികൾ എഴുന്നേൽക്കേണ്ടിയിരിക്കുന്നു. അങ്ങനെ എഴുന്നേൽക്കുവാനുള്ള ആത്മ പ്രചോദനം സഭാംഗങ്ങളിൽ ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

എന്ന്,

നിങ്ങളുടെ പ്രിയ റോയി അച്ചൻ

●

# സമയം ഒരു അമൂല്യവിഭവം

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റിയംഗം)

വിലമതിക്കാനാവാത്ത ഒരു വിഭവമാണ് സമയം. വിലപിടിപ്പുള്ളതൊന്നും നാം സാധാരണ പാഴാക്കാറില്ല. അവയുടെ നഷ്ടത്തെക്കുറിച്ച് ഓർത്ത് ദുഃഖിക്കാറുണ്ട്. സമയം എന്നത് അമൂല്യമാണ്. ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നെ തിരിച്ചു കിട്ടുക സാധ്യമല്ല. ഇതെല്ലാം അറിയുന്ന നാം സമയത്തിനു യാതൊരു വിലയും കൊടുക്കാതെ പലപ്പോഴും സമയം ധൂർത്തടിക്കുന്നു.

പരീക്ഷ അടുക്കുമ്പോൾ വിദ്യാർത്ഥി ആലോചിക്കും, പരീക്ഷയ്ക്കുവേണ്ടിയുള്ള തയ്യാറെടുപ്പിനു കുറച്ചു സമയം കൂടി ചിലവഴിക്കാമായിരുന്നു. 'സമയം പണമാണ്' എന്ന ചൊല്ല് ഓർമ്മവേണം. നിങ്ങൾ സമയത്തെ ശ്രദ്ധിക്കുന്നില്ലായെങ്കിൽ സമയം നിങ്ങളെയും ശ്രദ്ധിക്കുകയില്ല. വാസ്തവത്തിൽ സമയമില്ലാഴികയല്ല നമ്മുടെ പ്രശ്നം പിന്നയോ സമയത്തെ ഫലപ്രദയമായി വിനിയോഗിക്കാൻ തയ്യാറാകാത്തതാണ്. ചായക്കുവേണ്ടി മേശക്കരികിൽ കാത്തിരിക്കുമ്പോഴാണ് പ്രശസ്ത അമേരിക്കൻ കവിയായ ലോങ് ഫെല്ലോ പല കവിതകളും രചിച്ചത്. ജയിലിൽ കഴിയുമ്പോഴാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 'ഇന്ത്യയെ കണ്ടെത്തൽ' എന്ന വിഖ്യാതകൃതി എഴുതിയത്. എല്ലാവർക്കും സമയം ഒരുപോലെയാണ്. കുറവോ കൂടുതലോ ഇല്ല. എന്നാൽ നമ്മൾ സമയത്തിന്റെ നല്ലൊരു പങ്ക് അപ്രധാനമായ കാര്യങ്ങളിൽ മുഴുകി സൊറ പറഞ്ഞും, ടി.വി. സീരിയലുകൾക്ക് അടിമപ്പെട്ടും, മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും അമിത ഉപയോഗത്തിലൂടെയും, മറ്റുള്ളവരിലെ കുറ്റങ്ങൾ കണ്ടുപിടിക്കാനും, വിമർശിക്കാനും സമയം ധൂർത്തടിച്ച് സന്തോഷം കണ്ടെത്തുന്നു. എന്നാൽ സമയം ഫലപ്രദമായി ക്രിയാത്മക പന്ഥാവിലൂടെ പരമാവധി വിനിയോഗിച്ച് മത്സരപരീക്ഷകളിൽ ഉന്നതവിജയം നേടുമ്പോഴും ജോലിയിൽ മികവു തെളിയിക്കുമ്പോഴും രാഷ്ട്രത്തിനും, സമൂഹത്തിനും, സമുദായത്തിനും പ്രയോജനകരമായ ഉത്തരവാദിത്തങ്ങൾ വിജയകരമായി നിർവ്വഹിക്കപ്പെടുമ്പോഴും നല്ല സന്തോഷം തോന്നും. ഇതിൽ ഏതുസന്തോഷമാണ് അഭികാമ്യം.

ഭാഗ്യം അഥവാ വിജയം എന്നു പറയുന്നത് ഒരു വ്യക്തിയുടെ മുന്നിൽ കൂടി കടന്നുപോകുന്ന അവസരങ്ങളുടെയും അയാളുടെ ജാഗ്രതയുടെയും സംഗമമാണ്. ഉന്നതവിജയം നേടിയ ഒരു വ്യക്തിയെ അനുമോദിക്കാൻ കൂടിയ യോഗത്തിൽ പലരും ആ വ്യക്തിയെ ഭാഗ്യവാൻ എന്നു വിശേഷിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു

"നമ്മുടെ എല്ലാവരുടെയും ജീവിതത്തിലൂടെ ഒരിക്കലെങ്കിലും വലിയ ഒരു ഭാഗ്യദേവത പറന്നുപോകും. എന്റെ മുന്നിലൂടെ പറന്നുപോയപ്പോൾ ഞാനതിനെ ചാടിപ്പിടിച്ചു".

അപ്പോൾ കേട്ടുകൊണ്ടിരുന്നവരിൽ ഒരാൾ ചോദിച്ചു "ഈ ഭാഗ്യദേവത പറന്നുപോകുന്നതറിയാത്തതുകൊണ്ട് ഞാനെപ്പോഴും ചാടിക്കൊണ്ടേയിരുന്നു". മുന്നിൽകൂടി കടന്നുപോകുന്ന അവസരങ്ങൾ എത്തിപ്പിടിക്കുക എന്നാൽ സമയത്തിന്റെ വിവേകപൂർവ്വമായ ചെലവഴിക്കലാണ്. അതിന് ആദ്യം വേണ്ടത് സമയത്തിന്റെ അമൂല്യമായ വില മനസ്സിലാക്കുക എന്നുള്ളതാണ്.

ദീർഘകാല ആസൂത്രണമാണ് സമയം ഫലപ്രദമായി ചെലവഴിക്കുന്നതിന്റെ ആദ്യപടി. ഒപ്പം തന്നെ ഹ്രസ്വകാല ലക്ഷ്യവുമായി ബന്ധപ്പെടുത്തി ഓരോ ദിവസവും ആസൂത്രണം ചെയ്യുമ്പോഴാണ് ലക്ഷ്യത്തിലെത്തുന്നത്.

സമയം പാഴായിപ്പോകുന്ന വഴികൾ തിരിച്ചറിഞ്ഞ് മാറ്റം വരുത്താൻ നാം തയ്യാറാകണം. ഒരിക്കൽ ഒരു അദ്ധ്യാപകൻ പറഞ്ഞു ഞാനെന്റെ ജീവിതത്തിലെ കുറെയധികം സമയം ചിലവഴിച്ചത് വീട്ടിലെ സാധനങ്ങൾ തെരഞ്ഞു നടക്കാനാണ് ചിട്ടയും ക്രമവും പാലിക്കുന്നതുവഴി സമയം ചോർന്നുപോകുന്നതു തടയാൻ സാധിക്കും.

സമയത്തിനെന്തു പ്രാധാന്യം എന്നു തെറ്റായി ചിന്തിക്കുന്നവരുണ്ട്. റോഡപകടത്തിൽ നിന്നും തലനാരിഴക്കു രക്ഷപെട്ടയാൾക്ക് ഒരു നിമിഷത്തിന്റെ വിലയറിയാം. സ്റ്റേഷനിലോടിയെത്തിയപ്പോൾ വിട്ടുപോയ ട്രെയിനിന്റെ പിൻഭാഗം കാണാനിടയാകുന്നയാൾക്ക് ഒരു മിനിറ്റിന്റെ വില ബോദ്ധ്യമാകും. ലോസ് ആഞ്ചലസ് ഒളിമ്പിക്സിൽ ഒരു നിമിഷാർദ്ധത്തിൽ മെഡൽ നഷ്ടപ്പെട്ട പി. റ്റി. ഉഷ നമ്മെ സമയത്തിന്റെ വില മനസ്സിലാക്കിത്തരുന്നു. ആയിരം പേരുമായി യാത്രചെയ്യുന്ന ഒരു ട്രെയിൻ 10 മണിക്കൂർ ലേറ്റായാൽ എത്രപേരുടെ എത്ര മണിക്കൂറുകളാണ് നഷ്ടപ്പെടുന്നത്. ഒരു വലിയ സമ്മേളനത്തിൽ മുഖ്യപ്രഭാഷകൻ ഒരു മണിക്കൂർ താമസിച്ചാൽ രണ്ടായിരം പേരുടെ 2000 മണിക്കൂറുകൾ നഷ്ടപ്പെടുന്നു.

ജീവിതവിജയം കൈവരിച്ചവരിൽ ഭൂരിപക്ഷവും സമയനിഷ്ഠയുള്ളവരായിരുന്നു. സമയനിഷ്ഠ ഇല്ലാത്തയാൾ തനിക്കു മാത്രമല്ല സമൂഹത്തിനും ദോഷം വരുത്തുന്നു. ടൈം മാനേജ്മെന്റ് വിദഗ്ദർ ഏറെ ചർച്ച ചെയ്യുന്ന വിഷയമാണിത്.

"കാലത്തെ വിതച്ചാൽ നേരത്തെ കൊയ്യാം" എന്ന ചൊല്ലുകൾക്ക് എത്രയോ പഴക്കവും പ്രസക്തിയുമുണ്ട്.

A stich in time saves nine
Time and tide wait for no man

എന്ന ഇംഗ്ലീഷ് മൊഴികൾ ഈ അവസരത്തിൽ ശ്രദ്ധേയമാണ്.

എന്റെ കുടകണ്ടോ, എന്റെ വാച്ച് എവിടെ സോക്സ് കാണുന്നില്ല, താക്കോൽ എവിടെ കണ്ണാടി എവിടെപോയി എന്നൊക്കെ പറഞ്ഞു കേൾക്കുന്നതിന്റെ പിന്നിൽ അടുക്കും ചിട്ടയുമില്ലായ്മയും അശ്രദ്ധയുമാണ്. മിക്ക ഓഫീസുകളിലും വളരെയധികം സമയം ഫയലുകൾ തപ്പിത്തടഞ്ഞ് പൊതുജനത്തിനു ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വിദ്യാർത്ഥികൾ മേശയിലും അലമാരയിലും ടെക്സ്റ്റ്ബുക്കുകൾ, നോട്ടുബുക്കുകൾ, റഫറൻസ് ഗ്രന്ഥങ്ങൾ, പെൻസിൽ, പേന, കാൽക്കുലേറ്റർ, ഇൻസ്ട്രമെന്റ് ബോക്സ്, പണം മുതലായവയ്ക്കു നിശ്ചിത സ്ഥാനങ്ങൾ നീക്കിവച്ചാൽ പരതൽ സമയം കുറയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്തു സമയം ലാഭിക്കാൻ സാധിക്കും.

Yesterday is a cancelled cheque
Tomorrow is a promissory note
Today is ready cash, use it.

സമയത്തിനൊരു ബഡ്ജറ്റ് തയ്യാറാക്കി അതിന്റെ വരവും ചെലവും തുലനം ചെയ്ത് വിവേക പൂർവ്വവുമായ വിനിയോഗത്തിലൂടെ ജീവിത വിജയം കരഗതമാക്കാൻ നമുക്കു ശ്രമിക്കാം.

●

പ്രസംഗദീപം

# വലിയ രക്ഷ

ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കാപ്പ, മുളമൂട്ടിൽ

**എബ്രായർ 2:2-4**

ദൂതന്മാർ മുഖാന്തിരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കുകയും ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യ പ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും.

1. കർത്താവ് പറഞ്ഞു തുടങ്ങിയത് ഉല്പ. 3:15-ൽ സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും എന്ന് കല്പിച്ചു.

2. ദൈവം സാക്ഷി നിന്നത് എങ്ങനെ. ലൂക്കോ. 3:22-ൽ പ്രിയ പുത്രനിൽകൂടിയുള്ള രക്ഷയ്ക്ക് സാക്ഷിനിന്നും അടയാളങ്ങളാലും അത്ഭുതങ്ങളാലും പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് സാക്ഷിനിന്നു.

3. കേട്ട അപ്പോസ്തലന്മാർ ഭൂമിയുടെ അറ്റത്തോളം നടന്ന് ഉറപ്പിച്ചു തന്നതുമാണ് ഈ രക്ഷ.

1) **ഈ രക്ഷ ദൈവത്തിന്റേതാണ്.** സങ്കീ.3:8-ൽ രക്ഷ യഹോവയ്ക്കുള്ളതാകുന്നു. അനുഗ്രഹം ജനത്തിന്മേൽ വരും എന്ന് പ്രവചിച്ചിരിക്കുന്നു. സമുദ്രത്തിന്റെ ഉള്ളിൽ മത്സ്യത്തിന്റെ വയറ്റിൽ കിടന്നുകൊണ്ട് യോനാ പ്രവാചകൻ പ്രാർത്ഥിച്ചു. യോന. 2:9 ഞാനോ സ്തോത്രയാഗത്തോടെ നേർന്നിരിക്കുന്നത് കഴിയ്ക്കും രക്ഷ ദൈവത്തിന്റെ പക്കൽനിന്നു വരുന്നു എന്ന് പ്രാർത്ഥിച്ചപ്പോൾ മത്സ്യം യോനായെ കരക്കു ഛർദ്ദിച്ചു യോന രക്ഷപെട്ടു.

2) **രക്ഷാനായകൻ ക്രിസ്തുവാണ്.** എബ്രാ.2:10-ൽ അനേക കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായ രക്ഷാ നായകനായ ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. അവന്റെ അടിപിണരുകളാൽ നമുക്ക് പരിപൂർണ്ണ രക്ഷ വന്നു. നിത്യ രക്ഷയ്ക്ക് ക്രിസ്തുവാണ് കാരണഭൂതൻ. അവനെ അനുസരിക്കുന്നവർക്കും നിത്യരക്ഷയുടെ വാതിൽ തുറന്നു തന്നു. എബ്ര.5:9. എബ്ര. 7:25-ൽ അവനെ കൈകൊണ്ട് അവന്റെ കഷ്ടാനുഭവത്തെ വിശ്വസിച്ചുകൊണ്ട് അവന്റെ രക്തത്തിൽ കഴുകൽ പ്രാപിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് പാപങ്ങൾ ഏറ്റുപറയുന്ന ഏവരേയും രക്ഷിപ്പാൻ പ്രാപ്തനാണ്.

**3) രക്ഷ പാപത്തിൽനിന്നുള്ള വിടുതലാണ്.**

നമ്മുടെ കർത്താവിന്റെ ജനനത്തെക്കുറിച്ച് മാലാഖ പറയുമ്പോൾ വി.മത്തായി 1:21 തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും രക്ഷിപ്പാനിരിക്കെ കൊണ്ട് നീ അവന് യേശു എന്നുപേർ ഇടണം എന്ന്. യേശു എന്ന നാമം തന്നെ പാപത്തെ രക്ഷിക്കുന്നവൻ എന്നാണ്. എല്ലാ അനീതിയും 1.യോഹ.5:17. എല്ലാ അധർമ്മവും 1.യോഹ.3:4, നന്മ ചെയ്യുവാൻ അറിഞ്ഞിട്ടും ചെയ്യാത്തത് യാക്കോ. 4:17, വിശ്വാസത്തിൽനിന്നുൽഭവിക്കാത്തതെല്ലാം റോമ.14:23. ക്രിസ്തുയേശു പാപികളെ രക്ഷിക്കുന്നു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യമായ വചനം തന്നെ 1.തീമോ 1:15-ൽ പാപികളിൽ ഒന്നാമനായ ശൗലിനെ രക്ഷിച്ച് വിശുദ്ധ പൗലോസ് ആക്കിതീർത്ത കർത്താവ് നമ്മെയും രൂപാന്തരപ്പെടുത്തുന്നതാണ്.

4) **രക്ഷ പിശാചിന്റെ അധികാരത്തിൽനിന്നുള്ള വിടുതലാണ്.** കൊലോ 1:13. വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അധികാരത്തിലേക്കു നമ്മെ പ്രാപ്ത ന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാര ത്തിൽനിന്നു വിടുവിച്ച് തന്റെ സ്നേഹ സ്വരൂപനായ പുത്രന്റെ രാജ്യത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക, അപ്പോൾ നീയും നിന്റെ കുടുംബവും പിശാചിന്റെ അധികാരത്തിൽ നിന്ന് രക്ഷിക്കപ്പെടും.

5) **രക്ഷ ദൈവകോപത്തിൽ നിന്നുമുള്ള വിടുതലാണ്.** റോമ. 5:9. 1.തെസ്സ 1:9. ദൈവം പാപിയെ സ്നേഹിക്കുന്നു എങ്കിലും പാപത്തെ വെറുക്കുന്നു. അതുകൊണ്ട് ദൈവ കോപത്തിൽ പാപികൾ വിധേയരാകുന്നു. അതിൽനിന്ന് വിടുതൽ പ്രാപിക്കുവാൻ യേശുവിന്റെ അടുക്കൽ വന്ന പട്ടണത്തിലെ മഹാപാപിനിയായ സ്ത്രീയുടെ പാപങ്ങൾ ക്ഷമിച്ച് അവളെ വിശുദ്ധ മഗ്ദലനമറിയം ആക്കിയ കർത്താവിന്റെ അടുക്കലേക്ക് മുടിയനായ പുത്രൻ കടന്നു വന്നതുപോലെ ആകുന്ന അവസ്ഥയിൽ നമ്മുടെ പാപങ്ങളുമായി സ്വർഗ്ഗസ്ഥപിതാവിന്റെ അടുക്കലേക്ക് ഓടിവന്നാൽ അവൻ നമ്മെ കെട്ടിപ്പുണർന്ന് സ്വീകരിച്ച് അവന്റെ രക്തത്താൽ കഴുകി ശുദ്ധീകരിച്ച് നഷ്ടപ്പെട്ട എല്ലാ പദവികളും തിരികെ തന്ന് തന്റെ സ്വന്തം പുത്രന്മാരും പുത്രികളും ആക്കി തീർക്കും. ആയതിനാൽ നമ്മുടെ ഇന്നത്തെ സ്ഥിതിക്ക് മാറ്റം തന്ന് നമ്മെ ഉന്നതരാക്കി ത്തീർക്കുവാൻ കഴിവുള്ള മഹാപുരോഹിതനായ പിതാവിന്റെ അടുക്കലേക്ക് അടത്തുവന്നു. പുത്രന്മാരും പുത്രികളുമായി തീർന്ന് അവന്റെ ആത്മാവിനാൽ നിറയപ്പെട്ടവരായി രക്ഷയുടെ സന്തോഷം അനുഭവിക്കാം. ദാവീദ് രാജാവ് ഈ രക്ഷയുടെ സന്തോഷം നഷ്ടപ്പെടുത്തി. വ്യഭിചാരവും കൊലപാതകവും ചെയ്തു. സ്വസ്ഥത നഷ്ടപ്പെട്ടപ്പോൾ കരഞ്ഞു പ്രാർത്ഥിച്ചു. നാഥാൻ പ്രവാചകൻ പാപത്തെ ഓർമ്മപ്പെടുത്തിയപ്പോൾ അനുതപിച്ച് 51-ാം സങ്കീർത്തനം ചൊല്ലി പ്രാർത്ഥിച്ചു. നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരണമേ എന്ന്. അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ 2:45-ൽ ഉല്ലാസവും ഹൃദയ പരമാർത്ഥ തയും പൂണ്ട് സന്തോഷത്തോട് സ്തോത്രഗീതം പാടി ഉല്ലസിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഇതാണ്

*ശേഷം 39 - ാം പേജിൽ*



# മലർവാടിക്കൂട്ടം

**കാ**ട്ടുരാജാവായ സിംഹം കിടപ്പിലാണ്. വയസ്സ് കുറെയായി. പണ്ടേ അല്പം മടിയനാണ്. ഇപ്പോൾ ഇരതേടാൻപോലും വയ്യ. ഒരു രോഗിയെപ്പോലെ സിംഹം ഗുഹയിൽ കിടന്ന് ഞരങ്ങുകയും മൂളുകയും ചെയ്തു. രാജാവ് രോഗശയ്യയിലാണെന്ന് കാട്ടിൽ വാർത്ത പരന്നു. പ്രജകളിൽ രണ്ടുപേരെങ്കിലും ദിവസേന രാജാവിന്റെ വിവരമറിയാൻ പോകുന്നുണ്ട്. ഒരു ദിവസം മൃഗരാജന്റെ തുടർച്ചയായ കരച്ചിൽ കേട്ട് പ്രജകളിൽ വളരെപ്പേർ ഗുഹക്കടുത്തെത്തി. ഇന്ന് ആരും എന്റെ രോഗവിവരം അറിയാൻ വന്നില്ലല്ലോ എന്ന് സിംഹം ചോദിച്ചു. നിങ്ങൾക്കാർക്കും എന്നോടു ദയയില്ലാതായോ? ആരും ഒന്നും പറഞ്ഞില്ല.

എന്താ കുറുക്കച്ചാരെ, നിങ്ങളെങ്കിലും എന്റെ അടുത്തുവന്ന് അല്പം ആശ്വസിപ്പിക്കൂ. സിംഹം ആവശ്യപ്പെട്ടു.

ഞാൻ തീർച്ചയായും വരുമായിരുന്നു രാജാവേ. കുറുക്കൻ മറുപടി നൽകി. പക്ഷേ അങ്ങോട്ട് കയറി വന്ന പല കാൽപ്പാടുകളും തിരികെ പോകുന്നതായി ഞാൻ കാണുന്നില്ല. അതിനാൽ ക്ഷമിക്കണം. ഇത്രയും ദൂരെ ഇരുന്നുകൊണ്ടു തന്നെ ഞാൻ അങ്ങയെ ആശ്വസിപ്പിച്ചുകൊള്ളാം. ദൈവം അങ്ങേയ്ക്ക് വേഗത്തിൽ രോഗവിമുക്തി നൽകട്ടെ.

പ്രിയ കൂട്ടുകാരെ, രാജാവിന്റെ രോഗവിവരം അറിയുവാൻ വന്നവരെയൊക്കെ രാജാവ് ഭക്ഷണമാക്കി. ബുദ്ധിശാലിയായ കുറുക്കൻ ഇതു കണ്ടുപിടിച്ചു. സിംഹത്തിന്റെ അടുത്തുചെല്ലുന്നത് അപകടമാണെന്ന് അവൻ മനസ്സിലാക്കി. ശത്രുവിന്റെ സമീപനം പലതരത്തിലാവാം. സൂക്ഷ്മ ദൃഷ്ടിയുള്ളവൻ എപ്പോഴും വലയിലകപ്പെടാതെ രക്ഷപെടുന്നു.

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

1. വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തായ ആദ്യത്തെ രക്തസാക്ഷി ആര്?
2. പരദേശികളെ കുഴിച്ചിടുവാൻ കുശവന്റെ നിലം രക്തവിലകൊണ്ടു വാങ്ങും എന്നു പ്രവചിച്ച പ്രവാച കൻ ആര്?
3. ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടതാര്?
4. “എഴുന്നേറ്റു പ്രകാശിക്ക' എന്ന അരുളപ്പാടു തന്ന പ്രവാചകൻ ആര്?
5. താഴ്മയുള്ളവരുടെ മനസ്സിനും, മനസ്താപമുള്ളവരുടെ ഹൃദയത്തിനും ദൈവം നല്കുന്നതെന്ത്?
6. ഒരു അശുദ്ധനും കടന്നുപോകാത്ത വഴി ഏത്?
7. ഭൂമിയുടെ പൊടി ദൈവം എന്തിലാണ് കൊള്ളിച്ചത്?
8. ലംഘനങ്ങളെ ദൈവം എന്തിനെപ്പോലെ മായിച്ചുകളയുന്നു?
9. പുനരുത്ഥാനത്തിൽ മനുഷ്യർ ആരെപ്പോലെയാകും?
10. ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്ത് കാണുമെന്ന് പ്രവചിച്ച പ്രവാചകൻ ആര്?

**ഓഗസ്റ്റ്മാസത്തിലെ ശരി ഉത്തരങ്ങൾ**

1. കട്ടക്കയം ചെറിയാൻ മാപ്പിള
2. വില്യാർവട്ടം
3. ആരാധന
4. പ്ലാസ്റ്റിക്ക്
5. മണർകാട് കരിശുപള്ളിയിലേക്കുള്ള റാസ (5.കി.മി.)

# വിവാഹിതരായി



തെങ്ങേലി സെന്റ് മേരീസ് പള്ളി ഇടവകയിൽ മണലിത്തറ സജു ഏബ്രഹാമിന്റെയും (അപ്പു) സുമ സജുവിന്റെയും മകൻ **സുജിത്ത് സജു ഏബ്രഹാമും** (ബ്രിസ്റ്റോൾ, യു.കെ.) റാന്നി സെന്റ് തോമസ്സ് വലിയപള്ളി ഇടവകയിൽ തോമ്പുമണ്ണിൽ റെഞ്ചി ഏബ്രഹാമിന്റെയും (സൗദി അറേബ്യ) പ്രിയ റെഞ്ചിയുടെയും മകൾ **ശ്രേയാ സൂസൻ റെഞ്ചിയും** തമ്മിലുള്ള വിവാഹം 2019 ആഗസ്റ്റ് മാസം 5-ാം തീയതി തിങ്കളാഴ്ച ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാപ്പള്ളിയിൽ വച്ച് നടത്തപ്പെട്ടു.


## 2-ാം ചരമ വാർഷികം

08-08-2019




**M. K. ഏബ്രഹാം**
**(കുഞ്ഞൂഞ്ഞുകുട്ടി)**
**മണലിത്തറ, തെങ്ങേലി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 20-ാം ചരമ വാർഷികം

06-09-2019



**Very. Rev. M. K. തോമസ്സ്**
**കോർ-എപ്പിസ്കോപ്പ**
**മണലിത്തറ, തെങ്ങേലി**

"ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോരീ
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

# വിവാഹിതരായി



Advt - R

നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയപള്ളി ഇടവകയിൽ കളരിത്തറ ജോമോന്റെയും സുലുവിന്റെയും മകൻ **ടോണും**, ഇരവിപേരൂർ സെന്റ് മേരീസ് പള്ളി ഇടവകയിൽ പീടികയിൽ സജിയുടേയും ഷെറിന്റെയും മകൾ **രേഷ്മയും** തമ്മിലുള്ള വിവാഹം 2019 ഓഗസ്റ്റ് 22-ാം തീയതി **അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി**യുടെ മുഖ്യകാർമ്മികത്വത്തിൽ നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

# 50th Wedding Anniversary

## 14-09-2019



## N.T. Abraham & Ammini Abraham

**Naduvileparambil, Vadavathoor, Kottayam**

മക്കൾ

Priya & Mon - Kannattuparambil, Kurichy
Maya & Soney - Chittedathu, Ranny
Manju & Tiby - Panthrandamkuzhy, Vakathanam
Anju & Shibu - Maliyeckal, Ranny

കൊച്ചുമക്കൾ

Chintu, Nilto, Pavin, Helya, Harsha, Herrik, Noel, Joel, Abel, Hrudhya, Hrudisha, Haran & Aiden




## Congratulations



Advt - O

**Dr. Annie Elias** for graduating Doctor of Pharmacy (Pham. D) in first class from JSS Academy of Higher Education & Research, Mysuru. She is the daughter of late T.I.Elias (Thuruthel, Kuttoor) and Jessy Elias (Kuttikattil, Mazhukeer)

## $2^{nd}$ Death Anniversary

27-09-2019



Advt - O


**Abin Abraham**

**Elayasseril, Kuttoor, Thiruvalla**


"You will live forever in our heart's"

By Loving Family

# St. Peter & St. Pauls Knanaya Church, London
# Managing Committee 2019-2020



**John Kurian**
Thattaniyath
Secretary



**Fr. Jomon Punnoose**
Kochuparampil
Vicar



**Binoy Abraham**
Mavelil
Trustee

## Commitee Members



**James Abraham**
Kodinjoor



**Moncy Abraham**
Thykoottathil



**Regi Chacko**
Kunnumpurathu




**Gigi K Thomas**
Kizhakemuriyil



**Aby Abraham**
Kaniyamparampil




**Joyce James**
Kocheril



**Vijoy Mathew**
Perincheril



**Anish Abraham**
Kizhakkepurathu
Association Member



**Anil George**
Kaleekal
Association Member



**Shabu Mathew**
Kuttiyil
Auditor

## 17 – ാം ചരമവാർഷികം

12-09-2019



## മാത്യു ജേക്കബ് (തങ്കച്ചൻ)

കാളിശ്ശേരിൽ, ചിങ്ങവനം

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 1 – ാം ചരമ വാർഷികം

11- 09 -2019



## M.P.KURIAN

(അനിയൻ)

മംഗലത്ത്, ഇരവിപേരൂർ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## വേർപാടിന്റെ 3 – ാം വാർഷികം

24 – 10 – 2019



## കെ.എ. ജോസഫ്

(ജോസുകുട്ടി)

മണിമലപാറയിൽ, ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ


Advt - R

## 1 – ാം ചരമവാർഷികം

24 – 9 – 2019

## 7 – ാം ചരമവാർഷികം

17 – 04 – 2019





## N. K. ഏബ്രഹാം

(അവറാച്ചൻ)

## കുഞ്ഞുമോൾ ഏബ്രഹാം

നക്കര, ചിങ്ങവനം

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - R

## 1 –ാം ചരമവാർഷികം

**08-09-2019**



# THANKAMMA ABRAHAM

**Naduvileparambil,**
**Vakathanam**


"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 40th Day of Demise

**12-09-2019**



# K.K.Kuriakose
## (Thampykunju)

**Karikottu (House), Kurichy**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt - R



## 14 –ാം ചരമ വാർഷികം

**30-09-2019**

# പി. പുന്നൂസ്

**(കുഞ്ഞവറാച്ചൻ)**

**ആശാൻ പറമ്പിൽ**

**തൈമറവുങ്കര, വെസ്റ്റ് ഓതറ**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

ഭാര്യ – ബേബിക്കുട്ടി
മക്കൾ – ഷൈൻ, ഷിജ, ഷിനു
മരുമക്കൾ – റാണി, റോമി, നീതു
കൊച്ചുമക്കൾ – അനിക്കാ, നോഹയിൻ, ഗബ്രിയേൽ, റേച്ചൽ, ഹെസ്സൽ

Advt - R

## 2 – ാം ചരമ വാർഷികം

**2-09-2019**



## കെ. ഐ. ഇട്ടി (അനിയൻ)

കൂടത്തിൽ, തെങ്ങേലി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 2 – ാം ചരമ വാർഷികം

**25 – 08 – 2019**



## ഗ്രേസി ഏബ്രഹാം

W/o സി.ഐ. ഏബ്രഹാം

ചരിവുപറമ്പിൽ, കല്ലിശ്ശേരി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 40 – ാം ചരമദിനം

**24-09-2019**



## N.U. CHACKO (83)

**(PAPPACHEN)**

**Neduvoppil, Eara**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 2 – ാം ചരമവാർഷികം

**24 – 09 – 2019**



## കെ. എം. കുരുവിള

കിഴക്കേമുട്ടത്തിൽ, വേഴപ്രാ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

2nd Anniversary In Heaven

27.09.2019

ഞങ്ങളുടെ അപ്പ ഞങ്ങളെ വിട്ടു പിരിഞ്ഞിട്ട്
ഇന്നേക്ക് രണ്ട് വർഷം

MISS YOU APPA



ABIN ABRAHAM
ELAYASSERIL

കണ്ണീരോടെ പ്രാർത്ഥനയോടെ അപ്പയുടെ സ്വന്തം
കൊച്ചു, ലച്ചു, അവറാച്ചൻ, തോമാച്ചൻ

Advt - O

14 – ാം ചരമവാർഷികം

17-09-2019



**ചാക്കോ ഉതുപ്പാൻ** (കുഞ്ഞുപ്പായി)

മണക്കാട്. ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - O

5th Death Anniversary

20-09-2019



**M.K.Josekutty**

Marangattu House, Vakathanam

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Sorrowing Family

Advt - O

40 – ാം ചരമദിനം

02-08-2019



**അമ്മുക്കുട്ടി തോമസ്**

കുന്നിരിയ്ക്കൽ, പഴവങ്ങാടി, റാന്നി

*പ്രാർത്ഥനയോടെ*
*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 3 –ാം ചരമ വാർഷികം

**24- 9 -2019**



# MARIAMMA ABRAHAM

**Charivuparambil, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 5 –ാം ചരമവാർഷികം

**08 – 09 – 2019**



# Valsamma Thankachen


**Ottathycal, Ranni**

By Sorrowing Family

Advt - O

## 1 –ാം ചരമവാർഷികം

**19 – 08 – 2019**



# കെ. കെ. സ്റ്റീഫൻ (അനിയൻ)

**കൈപ്പുഴ, അങ്ങാടി, റാന്നി**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 4th Death Anniversary

**13 – 08 – 2019**

## 10th Death Anniversary

**14 – 09 – 2019**



**M.M.GEORGE**

**THANKAMMA GEORGE**

**Manimaleth**
**Angadi, Ranny**

By Sorrowing Family

Advt - O

## 1 – ാം ചരമ വാർഷികം

04- 10 -2019



# P. I. KUNJACHAN (93)

**Pallickal House**
**Pulloopuram P.O, Ranny**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 2nd Death Anniversary

18 – 09 – 2019



# JAINAMMA KURIAN

**Kailathu House**
**Meenthalakara, Kattode,**
**Thiruvalla**

By Sorrowing Family

Advt -O

## 2 – ാം ചരമവാർഷികം

14 – 09 – 2019



# C.T.THOMAS (തങ്കച്ചൻ)

**(Rtd. KSEB)**
**Chembil, Pavukkara, Mannar**

"കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

11 – 09 – 2019



# ആലീസ് കുറിയാക്കോസ്

**കല്ലൂപറമ്പിൽ, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*



## ഒന്നാം ചരമവാർഷികം

18 – 09 – 2019

## മാത്യു ഇ. ഇ.

ഇടത്തുണ്ടിമേപ്പുറത്ത്,
തിരുമേനി പി. ഒ
ചെറുപുഴ,
കണ്ണൂർ

ജനനം:– 10 – 05 – 1928
മരണം:– 18 – 09 – 2018

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - O

---

## വേർപാടിന്റെ 100 ദിനങ്ങൾ

## 8 – ാം ചരമ വാർഷികം

3 – 10 – 2019







**Thankamma Idiculla** **M.I. Idiculla**

**Manimaleth Cross Lead, Ranni**

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, പേരക്കുട്ടികൾ

Advt - O

| | | | |
|---|---|---|---|
| 27 – ാം<br>ചരമവാർഷികം<br>05 – 09 – 2019 | 4 – ാം<br>ചരമവാർഷികം<br>27 – 02 – 2019 | 10 – ാം<br>ചരമവാർഷികം<br>24 – 01 – 2019 | 2 – ാം<br>ചരമവാർഷികം<br>08 – 09 – 2019 |
|  |  |  |  |
| **C. C.കുര്യൻ** | **അച്ചാമ്മ കുര്യൻ** | **C. K.കുറിയാക്കോസ്** | **C. K. ഏബ്രഹാം** |

**ചെറിയമൂഴിയിൽ, അങ്ങാടി, റാന്നി**

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*



## 5 – ാം ചരമ വാർഷികം

15 – 09 – 2019

# Chacko Thomas

**(Sunny)**

**Kaipuzha, Ranny**

Advt -O

എന്നെ സ്നേഹിച്ച എന്റെ പ്രിയരെ
എന്റെ ശാന്തിയിൽ സന്തോഷിക്കുക
എന്റെ കഷ്ടതയിൽ ദുഃഖിച്ചവരെ
എന്റെ മഹത്വം കണ്ട് ആനന്ദിക്കുക

*പ്രാർത്ഥനയോടെ സന്തപ്ത കുടുംബാംഗങ്ങൾ*

## വലിയ രക്ഷ

25-ാം പേജ് തുടർച്ച

രക്ഷയുടെ സന്തോഷം, ഇത് ദാവീദ് രാജാവിന് ദൈവം തിരികെ നൽകി.


6) **രക്ഷ ഇപ്പോഴത്തെ ദുഷ്ട ലോകത്തിൽ നിന്നുള്ള വിടുതലാണ്.** ഗലാ. 1:3. എഫേ.2:1 ൽ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളേയും അവൻ ഉയർപ്പിച്ചു. അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ കാലഗതികൾ അനുസരിച്ച് അനുസരണക്കേടിന്റെ മക്കളിൽ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനേയും അനുസരിച്ച് നടന്നു. അങ്ങനെ നമ്മൾ കോപത്തിന്റെ മക്കൾ ആയിരുന്നു. എന്നാൽ കരുണാസമ്പന്നനായ ദൈവം നമ്മെ സ്നേഹിച്ച് തന്റെ ഏക ജാതനായ പുത്രനെ ഈ ലോകത്തിലെക്ക് അയച്ചു. അവൻ കഷ്ടപ്പാടു കളും ക്രൂശുമരണവും പ്രാപിച്ച് നമ്മെ രക്ഷിച്ച് അവനോടുകൂടി നമ്മെയും ഉയിർപ്പിച്ച് സ്വർഗ്ഗ തുല്യമായ ജീവിതം നമുക്ക് നൽകി നമ്മെ സ്വർഗ്ഗത്തിൽ ആക്കി വച്ചിരിക്കുന്നു. അങ്ങനെ വിശ്വാസി ദുഷ്ട ലോകത്തിന്റെ അധീനതയിൽനിന്നു വിടുവിക്കപ്പെട്ട് കർത്താവിനോടുകൂടി സ്വർഗ്ഗത്തിൽ വസിക്കുന്നു. ഇതാണ് രക്ഷ.

രക്ഷിക്കപ്പെട്ട തന്റെ മക്കൾക്ക് നിത്യജീവൻ നൽകിക്കൊണ്ട് പാപമില്ലാത്ത നിഷ്പാപ പൂർണ്ണമായ ജീവിതം തന്നു. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാണപ്പെടുന്ന നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായിതന്നെ വീണ്ടും ജനിപ്പിച്ചി രിക്കുന്നു (1. പത്രോ. 1:4–5).

ഇങ്ങനെ വീണ്ടും ജനനം പ്രാപിച്ച് പുത്രസ്വീകാര്യത്തിന്റെ അധികാരത്തിൽ അടുത്തുവരുന്നവർക്ക് തന്നോടുകൂടെ കൂട്ടവകാശം നൽകി എന്നും ലോകാവസാനത്തോളം നമ്മോടുകൂടി ഇരുന്ന് നമ്മെ പരിപാലിക്കുന്ന നമ്മുടെ കർത്താവിന് എന്നും സ്തോത്രം അർപ്പിച്ച് സന്തോഷത്തോടെ ജീവിക്കു വാൻ തക്കവണ്ണം നമുക്ക് നമ്മെതന്നേ സമർപ്പിക്കാം.

ദൈവം അതിന് വായനക്കാരായ എല്ലാവരേയും ഒരുക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ●

# HEARTY CONGRATULATIONS



**FELIX ABRAHAM**
S/o Mr. K.A. Abraham
Kalarickal, Mannar
&
Mrs. Omana Abraham
Pulimoottil, Mannamaruty

Our dear Felix,

We have the pleasure to join with your nearest and dearest in sharing the joy and pride on your appointment as faculty member of St. Thomas College, Ranny and that too at your early age of 22 years.

Let all your hopes in building up a bright career come true while hundreds of flowers BLOSSOM in your future life.

With love and prayers

Kochappachen
&
Kochammachi

# ധ്യാനം

# MEDITATION

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

നമ്മുടെ ശരീരത്തിനെയും മനസ്സിനെയും ആത്മാവിനെയും സമന്വയിപ്പിച്ച്, ഏകീഭവിപ്പിച്ച്, സന്തുലനാവസ്ഥയിൽ നിലനിർത്തുന്ന ഗുണപ്രദമായ ഒരു മാർഗ്ഗമാണ് ധ്യാനം. അപരിമേയമായ ഊർജ്ജപ്രവാഹത്തിലുണ്ടാകുന്ന ആത്മ ഹർഷം ധ്യാനത്തിലൂടെ ലഭിക്കുന്നു. ആന്തരിക സൗഖ്യത്തിനും, ആന്തരിക സ്വാതന്ത്ര്യത്തിനും, ആത്മീയ ഉയർച്ചയ്ക്കും ധ്യാനം അത്യാവശ്യമാണ്. ധ്യാനത്തിലൂടെ നമ്മുടെ ഉള്ളിലെ അനന്തമായ ശക്തികളെ അനുഭവം ചെയ്യാനാവുന്നു. പ്രവപഞ്ചമഹാശക്തിയെ ധ്യാനതലത്തിൽ സ്പഷ്ടമായി അറിയാം. ശാസ്ത്രമർമ്മത്തിന്റെ രഹസ്യങ്ങൾ ധ്യാനത്തിൽ വെളിപ്പെടുന്നു. ഇന്ദ്രിയങ്ങൾക്കോ ആധുനീക യന്ത്രങ്ങൾക്കോ, മറ്റ് ഭൗതിക സാഹചര്യങ്ങൾക്കോ ചെന്നെത്താൻ കഴിയാത്ത സൂക്ഷ്മതയിലേക്കും, വിശാലതയിലേക്കും, പ്രഭവകേന്ദ്രത്തിലേക്കും ധ്യാനത്തിലൂടെ ചെന്നെത്താം. ധ്യാനത്തിലൂടെ ഉറങ്ങികിടക്കുന്ന നമ്മിലെ അനന്തമായ ശക്തികൾ ഉണർത്തപ്പെടുന്നു.

വിദഗ്ദനായ ഒരു പരിശീലകന്റെ സഹായത്തോടു കൂടെ ധ്യാനം അഭ്യസിക്കുക. ശരിയായ ധ്യാനം അഭ്യസിച്ചുകഴിഞ്ഞാൽ പിന്നെ ധ്യാനിക്കുക എന്നത് വളരെ എളുപ്പവും, നിർവൃതിദായകവുമായിരിക്കും. പരിശീലനത്തിന് തീവ്രമായ ആഗ്രഹവും, ശുഷ്കാന്തിയും ആവശ്യമാണ്. വ്യക്തിത്വ വികസന ക്ലാസ്സുകളിലും കൗൺസിലിംഗുകളിലും മറ്റും വിദഗ്ദ്ധരായ വ്യക്തികൾ ധ്യാനത്തിന്റെ ഗുണഗണങ്ങളെപ്പറ്റിയും, എങ്ങനെയാണ് ധ്യാനം അഭ്യസിക്കേണ്ടത് എന്നതിനെക്കുറിച്ചുമൊക്കെ വിവരിച്ചു നൽകുന്നുണ്ട്.

നമ്മുടെ ബോധമനസ്സിനെക്കാളും 90% മടങ്ങ് കൂടുതൽ ശക്തി ഉപബോധമനസ്സിനെ സ്വാധീനിക്കുവാനുള്ള എളുപ്പവഴികളിലൊന്നാണ് ധ്യാനം. ഉപബോധമനസ്സിനെ സ്വാധീനിച്ചുകൊണ്ട് മനുഷ്യന് എന്തു ലക്ഷ്യവും നേടിയെടുക്കുവാൻ കഴിയും. 'മണിച്ചിത്രത്താഴ്' എന്ന സിനിമയിൽ 'ശോഭന' അവതരിപ്പിക്കുന്ന കഥാപാത്രമായ 'ഗംഗ' നാഗവല്ലിയായി മാറുന്ന വേളയിൽ അതുവരെ ഗംഗ, സംസാരിക്കാത്ത ഭാഷ സംസാരിക്കുന്നു. ശീലിച്ചിട്ടില്ലാത്ത നൃത്തം ചെയ്യുന്നു. നാഗവല്ലിയുടെ ഉപബോധമനസ്സിലെ കഴിവും കലയും ഗംഗയുടെ ഉപബോധമനസ്സുമായി താദാത്മ്യം പ്രാപിക്കുന്നു.

'യേശുവെപോലെയാകുവാൻ
യേശുവിൻ വാക്കു കേൾക്കുവാൻ
യേശുവെ നോക്കി ജീവിപ്പാൻ'
ഇവയെ കാംക്ഷിക്കുന്നു ഞാൻ'

എന്നു പാട്ടുകാരൻ പറയുന്നതുപോലെ, നാം ആരെ സദാസമയം നമ്മുടെ മനസ്സിൽ പ്രതിഷ്ഠിച്ച് ആരാധിക്കുന്നുവോ, ആ വ്യക്തിയുടെ സ്വഭാവ സവിശേഷതകൾ നമ്മുടെ ഉള്ളിലേക്കും കടന്നു വരുന്നു. ത്രിയേക ദൈവത്തെ, മഹത്വ്യക്തികളെ, ഭഗീരഥൻമാരെ ധ്യാനിച്ച്, അനുകരിച്ച്, മാതൃകയാക്കി അവരുടെ നന്മ നിറഞ്ഞ സ്വഭാവ സവിശേഷതകൾ ജീവിതത്തിന്റെ ഭാഗമാക്കുക. ഉയർന്ന നിലവാരത്തിലുള്ള ആഗ്രഹങ്ങൾ ഉണ്ടാക്കുക. പോസിറ്റീവായും ക്രീയാത്മകവും, വിജയപ്രദവും, നന്മയും പ്രചോദനമുയർത്തുന്നതുമായ സ്വപ്നങ്ങൾ, ഭാവനകൾ കാണുക. കുട്ടികളെപോലെ കറയില്ലാത്ത വിശ്വാസവും, ശക്തമായ ധ്യാനവും മൂലം ഉപബോധമനസ്സിന്റെ ഭാവനകൾ യഥാർത്ഥമായിത്തീരുന്നു. "Universal oneness" ൽ ലോകത്തെല്ലാവരുടെയും ഉപബോധമനസ്സ് ഒന്നാണ്. ബോധമനസ്സിനു മാത്രമെ വ്യത്യാസങ്ങൾ തോന്നുകയുള്ളൂ. സകലതും ശോധന ചെയ്ത് തിന്മകളെ ഉപേക്ഷിച്ച്, നന്മകളെ ചിന്തയിൽ നിലനിർത്തുക.

**ധ്യാനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**സൗകര്യപ്രദമായ സമയം:** ചുറ്റുപാടുകൾ ശാന്തമായിരിക്കുന്ന അതിരാവിലെ സമയത്തെ കാലാവസ്ഥ ധ്യാനത്തിന് പ്രസന്നമായിരിക്കും. അല്ലെങ്കിൽ സ്കൂളിൽ വെച്ചോ, ജോലി സ്ഥലത്തുവെച്ചോ, യാത്രയിലോ, ഒഴിവുനേരങ്ങളിലോ, രാത്രി കിടക്കുന്നതിനുമുൻപോ, പ്രാർത്ഥനാവേളയിലോ എപ്പോൾ വേണമെങ്കിലും ധ്യാനിക്കാം.

**സൗകര്യപ്രദമായ സ്ഥലം:** പ്രകൃതിരമണീയമായ സ്ഥലത്തോ, വീട്ടുമുറ്റത്തോ, പൂന്തോട്ടത്തിലോ, പുഴയരികിലോ, ചെറിയ കാടുകളിലോ, നിങ്ങളുടെ കിടപ്പുമുറിയിലോ, എവിടെയും നിങ്ങൾക്കിഷ്ടമുള്ള സ്ഥലത്തിരുന്ന് സൗകര്യപ്രദമായ രീതിയിൽ ധ്യാനിക്കാം. ഭക്ഷണം കഴിച്ച ഉടൻ ധ്യാനിക്കാതിരിക്കുന്നത് നന്നായിരിക്കും. വയർ ശൂന്യമാക്കി നിർത്തിയാൽ ഒന്നൂടെ പ്രയോജനകരമായിരിക്കും. വയർ നിറഞ്ഞിരിക്കുമ്പോൾ സാധാരണ ഉറക്കമോ, ക്ഷീണമോ, ഭാരമോ തോന്നാം.

**ധ്യാനത്തിനു തയ്യാറാകേണ്ടവിധം:** സുഗമമായി ശ്വസിക്കുവാൻ പറ്റിയ അയഞ്ഞ വസ്ത്രം ധരിക്കുക. തറയിൽ ഒരു വിരിപ്പ് വിരിച്ച് അതിൽ ഇരിക്കുക. സമാധാനപരമായി കാലുകൾ പിണച്ചുവെച്ചോ, 'പത്മാസനത്തിലിരുന്നോ' ധ്യാനിക്കാം. കൈകൾ കാൽ മുട്ടിൽ വെയ്ക്കുക. അല്ലെങ്കിൽ കൂപ്പിപിടിക്കുക. നിങ്ങളുടെ നട്ടെല്ല് നിവർന്നിരിക്കണം. കഴുത്തും റിലാക്സ് ചെയ്ത് പിടിക്കുക. കണ്ണടച്ചിരിക്കണം. അല്ലെങ്കിൽ ശവാസനത്തിൽ കിടന്നോ, നിങ്ങൾക്ക് സുഖകരമായ, സൗകര്യപ്രദമായ ഏതു രീതിയിലും പോസ്റ്ററിലും ധ്യാനിക്കാം. നിങ്ങളുടെ പ്രാർത്ഥനകൾ ധ്യാനവിഷയമാക്കാം. ജീവിതം മെച്ചപ്പെടുത്താം.

**ധ്യാനിക്കേണ്ട രീതികൾ**

### 1. Focussed Attention Meditation

(ശ്രദ്ധയിൽ ഏകാഗ്രതയുണ്ടായിരിക്കണം)

മനസ്സിനെ ഏകാഗ്രമാക്കി നിലനിർത്താൻ ഒരു പ്രത്യേക വസ്തുവിനെ കേന്ദ്രബിന്ദുവാക്കി നിർത്തി അതിൽ ശ്രദ്ധകൊടുക്കണം. നിങ്ങളുടെ മനസ്സിന് ശാന്തി നൽകുവാൻ പ്രാപ്തിയുള്ള ഏതെങ്കിലും വസ്തു ഇതിനായി തിരഞ്ഞെടുക്കാം.

ഉദാഹരണത്തിന്- അടച്ചിട്ട ഇരുണ്ട മുറിയിൽ കത്തിച്ചുവെച്ചിരിക്കുന്ന ഒരു മെഴുകുതിരി നാളത്തെത്തന്നെ നോക്കി മറ്റൊന്നും ചിന്തിക്കാതെ അതിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കാം. അല്ലെങ്കിൽ കണ്ണടച്ചോ, കണ്ണുതുറന്നോ, മനസ്സ്

തുറന്ന് മനസ്സു ശൂന്യമാക്കി, മനസ്സ് നിശ്ചലമാക്കി നിങ്ങളുടെ ഇഷ്ട ദൈവത്തെയോ, വിശുദ്ധരെയോ മാത്രം ഉറ്റുനോക്കിക്കൊണ്ടിരിക്കാം. അല്ലെങ്കിൽ മറ്റൊന്നും ആലോചിക്കാതെ ദൈവസ്മൃതിയിലോ, ബൈബിൾ വചനത്തിന്റെ വരികളോ, ആശയങ്ങളോ മനസ്സുകൊണ്ടോ, നാവുകൊണ്ടോ, ആവർത്തിച്ചുരുവിട്ടുകൊണ്ട് അതിൽ തന്നെ ശ്രദ്ധകേന്ദ്രീകരിച്ച് തുടരാം. ഇത് നമ്മുടെ ശ്രദ്ധയും, ഏകാഗ്രതയും, ഓർമ്മശക്തിയും, ബുദ്ധിശക്തിയും, ധാരണാശക്തിയും, ഗ്രഹണശേഷിയുമൊക്കെ വികസിപ്പിക്കുന്നു. വിദ്യാർത്ഥികൾ പഠിക്കുന്നതിനു മുൻപ് അല്പനേരം ധ്യാനിച്ചിട്ട് പഠിച്ചാൽ പഠിച്ചത് മറക്കാതെ എന്നും ഓർമ്മയിൽ സൂക്ഷിക്കുവാനും, ക്രിയാത്മകശേഷി സർഗ്ഗാത്മകശേഷി, ആത്മവിശ്വാസം, ധൈര്യം ഒക്കെ കൂടുവാനും നല്ല ഗുണഗണങ്ങൾ വികസിക്കുന്നതിനുമൊക്കെ ഉത്തമമാണ്

**2. Open Monitering Meditation**

ഈ രീതിയിൽ വസ്തുവിനു പകരം ചുറ്റും നടക്കുന്ന എല്ലാ കാര്യങ്ങളെയും ശ്രദ്ധയോടെ കേൾക്കുകയോ, വീക്ഷിക്കുകയോ ചെയ്യാവുന്നതാണ്. നിങ്ങളുടെ ചിന്തകൾ, മണം, ശബ്ദം, ഓർമ്മകൾ അങ്ങനെ എന്തും ഈ രീതിയിലുള്ള ധ്യാനത്തിന് ഉതകും. ചെയ്യുന്ന കർമ്മത്തിനോടുള്ള ശ്രദ്ധയും, കാര്യക്ഷമതയും വർദ്ധിപ്പിക്കുക. Controle of Senses, Controle of thoughts and mind, awareness ന് സഹായിക്കുന്നു

**3. അനായാസ സാന്നിദ്ധ്യം** (Effortless presence Meditation)

നിങ്ങൾ ആയിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ ഏകാഗ്രമായിരിക്കുക. മനസ്സിലൂടെ കടന്നു പോകുന്ന ചിന്തകൾ കാണുക Negative (നിഷേധാത്മക) ചിന്തകൾ കുറച്ചുകൊണ്ട് വന്ന് ഇല്ലാതാക്കുക. Positive (ക്രീയാത്മക) ചിന്തകൾ വികസിപ്പിക്കുക. മാത്രമല്ല അപ്പോൾ നിങ്ങൾക്കു ചുറ്റും നടക്കുന്ന ഏതു കാര്യത്തിലും Mindfullness ആയി ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുന്നു. ചിന്തകൾ ഊർജ്ജമാണ്. അതിനു നിർമ്മാണശക്തിയും, നശീകരണശക്തിയുമുണ്ട്. അതുകൊണ്ട് ചിന്തകളെ ശുദ്ധമാക്കി സൂക്ഷിച്ച് ഉപയോഗിക്കുക.

**4. ശ്വാസത്തിൽ കേന്ദ്രീകരിക്കുക** (Focus on Breath)

നിങ്ങളുടെ ശ്വാസത്തിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ച്, പുറമെയുള്ള മറ്റെല്ലാ കാര്യങ്ങളിൽ നിന്നും ശ്രദ്ധതിരിച്ച് ശ്വാസോച്ഛ്വാസത്തിന്റെ ആവർത്തനങ്ങളിലോ, ആഴങ്ങളിലോ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. ശ്രദ്ധാപൂർവ്വം എണ്ണിയെണ്ണി മറ്റൊന്നുമാലോചിക്കാതെ ശ്വാസത്തിൽ മാത്രം ശ്രദ്ധിച്ചുകൊണ്ട് ശ്വാസം അകത്തോട്ടെടുത്തു പുറത്തോട്ടു വിട്ടുകൊണ്ടിരിക്കുക. അവനവന്റെ സമയവും സാഹചര്യവും ആരോഗ്യവും അനുസരിച്ച് എത്രനേരം വേണമെങ്കിലും ധ്യാനത്തിൽ തുടരാം.

**5. വചനമന്ത്രധ്യാനം –** വചനാക്ഷരങ്ങളും, അതിന്റെ സ്വരവും കേൾക്കുവാനിഷ്ടപ്പെടുന്നവർക്ക് ഈ ധ്യാനരീതി കൂടുതൽ ഇഷ്പ്പെടും.

**6. വസ്തുവിൽ ശ്രദ്ധകേന്ദ്രീകരിക്കുക** ((Focus on objects)

നിങ്ങൾക്ക് ഏകാഗ്രത നൽകുന്ന ഏതെങ്കിലും വസ്തുക്കളിൽ ശ്രദ്ധ നൽകി ധ്യാനിക്കുന്ന രീതിയാണിത്.

ഉദാഹരണമായി– ദൈവ തിരുസ്വരൂപങ്ങളോ, ചിത്രങ്ങളൊ, പ്രകാശ സ്രോതസുകളോ (etc.)

**7. ശരീരത്തെ കേന്ദ്രീകരിക്കുക (Body focused)**

ശവാസനത്തിൽ കിടന്നോ മറ്റോ നിങ്ങളുടെ ശരീരത്തിലെ ഓരോ ഭാഗങ്ങളേയും കേന്ദ്രീകരിച്ച് ഏകാഗ്രത കൈവരിക്കുവാൻ സഹായിക്കുന്ന രീതി ഇതിനായി കാലറ്റം മുതൽ തലമുടി അറ്റംവരെ ധ്യാനിച്ചും പ്രവർത്തനങ്ങൾ പഠിക്കാം.

**8. മൂന്നാംകണ്ണ്–** നിങ്ങളുടെ പുരികങ്ങൾക്കിടയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മനശാന്തി നേടുന്ന രീതി. നിങ്ങളുടെ ചിന്തകൾക്കിടയിൽ ആഴത്തിലുള്ള വിടവുകൾ സൃഷ്ടിച്ച് അമിത പാഴ്ചിന്ത ഒഴിവാക്കുവാൻ സഹായിക്കുന്നു.

**9. ശബ്ദം കേന്ദ്രീകരിക്കുക (sound meditation)–** വചനമന്ത്രധ്യാനത്തിനു സമാനമായ ധ്യാന രീതിയാണിത്. നിങ്ങൾക്കിഷ്ടമുള്ള എല്ലാത്തരം പാട്ടിലും ശബ്ദങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുക.

**10. ശൂന്യമായ ധ്യാനം (Emptymind meditation)**

മനസ്സിനെ എല്ലാവിധ ചിന്തകളിൽ നിന്നും, വികാരങ്ങളിൽ നിന്നും ഒഴിച്ചു നിർത്തണം. നിങ്ങളുടെ ശൂന്യമനസ്സിൽ ഏകാഗ്രതയോടെ ധ്യാനിക്കുവാൻ കഴിഞ്ഞാൽ നിങ്ങളുടെ ഉള്ളിലുള്ള ജീവശക്തി പൂർണ്ണമാകും.

**ധ്യാനത്തിന്റെ പ്രയോജനങ്ങൾ–**

ധ്യാനിക്കുമ്പോൾ നന്മയും, സന്തോഷവും മനശാന്തിയും ലഭിക്കുന്നു. സംഘർഷം ഉത്കണ്ഠ, ടെൻഷൻ, വിഷാദം, ദേഷ്യം, വക്രത കുറയുന്നു. അന്തർജ്ഞാനത്തെ വളർത്തുവാനും പഠനത്തിലും, ജോലിയിലും, മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുവാനും, ആത്മശരീര മനസ്സുകളുടെ സമ്പൂർണ്ണ ആരോഗ്യത്തിനും, ക്ഷേമത്തിനും, സംതൃപ്തിക്കും, സമാധാനത്തിനും, തലച്ചോറിന്റെ വികസനത്തിനും ധ്യാനം അത്യന്താപേക്ഷിതമാണെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നു.

വികസിത രാജ്യങ്ങളും വിദേശികളും ശാസ്ത്രജ്ഞൻമാരും ഗവേഷണങ്ങളിലൂടെയും, ശാസ്ത്രീയ പഠനങ്ങളിലൂടെയും, യോഗയുടെയും, ധ്യാനത്തിന്റെയും അതിപ്രധാനങ്ങളായ മർമ്മങ്ങളും, പ്രാധാന്യവും മനസിലാക്കി അവരുടെ സ്ക്കൂളുകളിലും കോളേജുകളിലും ജോലിസ്ഥലങ്ങളിലും അനുഷ്ഠിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ തനതായ ഈ അറിവുകളും പരിശീലനചര്യകളും നമ്മുടെ സമഗ്ര വികസനത്തിനായി നമുക്കും ശീലമാക്കാം.

രാജയോഗ ധ്യാനം ഏറ്റവും ശ്രേഷ്ഠമാണ്. 'രാജ' എന്നാൽ 'ഉയർന്നത്.' 'യോഗ' എന്നാൽ 'കൂടിക്കാഴ്ച' അഥവാ 'സംയോഗം' സർവ്വേശ്വരനുമായുള്ള കൂടിക്കാഴ്ചയാണ് രാജയോഗധ്യാനം. അഥവാ മനുഷ്യന്റെ ജീവാത്മാവും, സ്വർഗ്ഗസ്ഥനായ പിതാവ് എന്ന പരമാത്മാവുമായുള്ള ആത്മസംയോഗം, കൂടിച്ചേരൽ ദൈവം മനുഷ്യന്റെ ഹൃദയത്തിലാണ് വസിക്കുന്നത് എന്ന് എല്ലാ മതങ്ങളും സമർത്ഥിക്കുന്നു. ദൈവത്തിന്റെ 'പരിശുദ്ധാത്മാവ്' വസിക്കുന്ന മന്ദിരമാണ് നമ്മുടെ ശരീരമെന്ന് 1. കോരി. 6:19–20 ൽ പറഞ്ഞിരിക്കുന്നു. നമ്മുടെ ഉപബോധ മനസ്സിൽ ഗുപ്തമായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ വരങ്ങളും ഗുണങ്ങളും അക്ഷയനിധി സമ്പത്തും നമ്മുടെ ബോധമനസ്സിലെത്തി നമ്മുടെ ഊർജ്ജവും ഐശ്വര്യവുമായി മാറണമെങ്കിൽ നമ്മുടെ ശരീരവും മനസും ചിന്തകളുമടക്കി നിശ്ചലമായി 'ദിവ്യ കാരുണ്യ തിരുഹൃദയത്തെ 'നോക്കി ഏകാഗ്രമായിരിക്കണം. ഉത്തമ സാഹിത്യ കൃതിയായ സങ്കീർത്തനങ്ങളുടെ രചയിതാവ്

ദാവീദ് രാജാവ് ഊർജ്ജ സമ്പാദനത്തിനായി ദൈവത്തെ നോക്കി ഒറ്റയ്ക്കു മൗനമായിരുന്നു ദൈവത്തോടൊപ്പം സമയം ചിലവഴിക്കുമായിരുന്നു. 'ദൈവത്തെ നോക്കി മൗനമായിരിക്കുക. നിന്റെ മുഖപ്രകാശരക്ഷ അവങ്കൽ നിന്നും' വരുന്നു? എന്നു ദാവീദ് തന്റെ സങ്കീർത്തനങ്ങളിൽ പറഞ്ഞിരിക്കുന്നു. പഴയ നിയമ പ്രവാചകന്മാരും പഴയ നിയമ വിശുദ്ധരും പുതിയ നിയമ വിശുദ്ധരുമെല്ലാം ദൈവത്തിങ്കലേക്ക് തങ്ങളുടെ ശ്രദ്ധ ഉയർത്തി ദൈവധ്യാനത്തിൽ മനസ്സ് ഏകാഗ്രമാക്കിയാണ് അനുഗ്രഹങ്ങളും, ശക്തി ചൈതന്യവും പ്രാപിച്ചെടുത്തത്. പിതാവുമൊത്തുള്ള ഏകാന്ത ധ്യാനത്തിനായി യേശുക്രിസ്തു പലപ്പോഴും തന്റെ ശിഷ്യന്മാരെയും പുരുഷാരങ്ങളെയും വിട്ട് മലമുകളിലേക്കും, വിദൂരതകളിലേക്കും മാറി പോകുന്നതിനെക്കുറിച്ചും ബൈബിളിൽ പലയിടങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. തന്റെ കുരിശുമരണം ഉയിർപ്പിന്റെ തിരുനാളാക്കി മാറ്റിയത്, ആത്മബലവും മനശക്തിയും പിതാവിൽനിന്നും സംഭരിക്കുവാൻ ഗത്സെമെൻ മലമുകളിലെ ഏകാന്ത മൂകധ്യാന പ്രാർത്ഥനകളിലൂടെ യേശുതമ്പുരാൻ തന്നെത്തന്നെ പിതാവിന്റെ മുമ്പിൽ പരിപൂർണ്ണമായി പകർന്നതിന്റെ ഫലമായിട്ടാണ്.

പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കുന്ന ഈശ്വരീയ ശക്തിയും മനുഷ്യനുമായുള്ള ലയനം ധ്യാനത്തിന്റെ പരിപൂർണ്ണതയിൽ സംഭവിക്കുന്നു. ധ്യാനത്തിലൂടെ തന്റെയുള്ളിന്റെയുള്ളിൽ വാണരുളുന്ന ദൈവശക്തിയുടെ പരിപൂർണ്ണതയുടെ പ്രഭാവത്തിൽ മനുഷ്യന് യാതൊന്നും അസാധ്യമല്ലാതെയാവുന്നു.

●

# അഞ്ചപ്പവും രണ്ടു മത്സ്യവും

**ലീലാമ്മ ലൂയിസ്, പുത്തൻപുരയിൽ, കല്ലിശ്ശേരി**

ഗലീലാ കടലിന്റെ അക്കരെ ദേശത്ത്-
യേശു തൻ ശിഷ്യരും ഒത്തു ചേർന്നു-
ആ മലനാട്ടിലെ മനോഹര ശാന്തിയിൽ
ആശ്വാസത്തിനവർ വിശ്രമിച്ചു.
സൃഷ്ടികർത്താവിന്റെ ആഗമവേളയിൽ
പുഷ്ടമോദമോടെ പക്ഷിജാലം
പാടി തുടങ്ങി പലതരം പാട്ടുകൾ
ഓടി അണഞ്ഞിളം കാറ്റുപോലും.
ആ ദിക്കിനെ ഏതോ ദിവ്യ ചൈതന്യത്താൽ-
മുക്കി എടുത്തപോൽ അത്രമാത്രം-
ശാന്തിയും ശ്രീയും കളിയാടി നല്ലൊരു-
ഭൂതല സ്വർഗ്ഗം ചമച്ചവിടെ-
നല്ല ഇടയനാ-യേശുവിൻ സാന്നിദ്ധ്യം
നന്നായ് കൊതിച്ച നൽഭക്തജനം
ഓടി അവിടെത്തി ആ മലനാട്ടിലെ
കാനനപച്ചയിൽ തിങ്ങിക്കൂടി-
ആശ്വാസദായകൻ യേശു മഹേശ്വന്റെ
ശാശ്വത സത്യ പ്രബോധനങ്ങൾ
അന്ധരാം ആ കൂട്ടർക്കുള്ളിൽ സനാതന
സന്തുഷ്ടികൊണ്ടു നിറഞ്ഞു പാരം.
ഫീലിപ്പോസ് ചൊല്ലി അല്പാല്പമായെങ്കിലും
ഭക്ഷണം നമ്മൾ ഇവർക്ക് നൽകാൻ-
ഏറ്റം ചുരുക്കം ഇരുനൂറു ദിനാറാ-
പോരെന്നിരിക്കുന്നു എന്തു ചെയ്യും.
അഞ്ചപ്പവും രണ്ടു മത്സ്യവും ഉണ്ടെന്നായ്-
അന്ത്രയോസ് മറ്റൊരു ശിഷ്യൻ ചൊല്ലി
അഞ്ചപ്പവും രണ്ടുമത്സ്യവും തമ്പുരാൻ-
മേലോട്ടു നോക്കി സ്തുതിച്ചുവാഴ്ത്തി.
ആളുകളെ പന്തിയായിട്ടിരുത്തുവാൻ
ആജ്ഞ നൽകി ശിഷ്യർക്കേശുദേവൻ-
പന്തിയിൽ ഭക്ഷിപ്പാനായ് ഇരുന്നോർക്കെല്ലാ-
സംതൃപ്തിയായി വിളമ്പി ശിഷ്യർ
ശേഷിച്ചോരപ്പ കഷണങ്ങൾ പന്ത്രണ്ട്
വൻകുട്ടകൾക്കുള്ളിൽ ശേഖരിച്ചു.
അഞ്ചപ്പവും രണ്ടുമത്സ്യവും കൊണ്ടവൻ
അയ്യായിരം പേരെ തൃപ്തനാക്കി.

●


**RESERVE YOUR COPY, NOW**

STUDYING
MEDICINE ABROAD

An introductory resource guide for students planning to study medicine in foreign countries. All essential information is put together in a single volume. List of medical schools in about 120 foreign countries.

*Edited by*
**KUNNUPARAMBIL P. PUNNOOSE**
*
**Price Rs. 250 per copy**
**Available in January 2020**
**JAFFE INTERNATIONAL EDUCATION SERVICE**
**KUNNUPARAMBIL BUILDINGS, KURICHY**
**KOTTAYAM, 686532**

E-mail: kppunnoose@gmail.com


**NAZARETH ASRAMAM, OTHERA**
25.07.2019 TO 24.08.2019

**Donations**
Marykutty 1805/-
A Well wisher Thiruvanvandoor 10000/-
Abu Jose Maramkollil Chimngavanam 5000/-
**Feast**
Sunil George Kadakilethu Kallissery

**Fr.Mathew Uthuppan Cherukarethu**

**Secretary/Director**

# വിവാഹ ഒരുക്ക സെമിനാർ: ഒരു ശ്രദ്ധ ക്ഷണിക്കൽ

ഫാ. ഡോ. ജയിംസ് തോടത്തിൽ, ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്

1998 മുതൽ ക്നാനായ സമുദായത്തിൽ വളരെ ഭംഗിയായി പ്രവർത്തിച്ചുവരുന്ന ഒരു പ്രസ്ഥാനമാണ് ക്നാനായ ഫാമിലി ഡയറക്ടറേറ്റ്. ഈ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാമാസവും രണ്ടാം ശനിയാഴ്ചയോട് ചേർന്നുവരുന്ന മൂന്നു ദിവസങ്ങളിലായി വിവാഹ ഒരുക്ക സെമിനാർ നടത്തിവരുന്നു. എന്നാൽ മുഴുവൻ ക്നാനായ സമുദായാംഗങ്ങൾക്കും ഈ സെമിനാറിനെക്കുറിച്ചും ശരിയായ അവബോധമുണ്ടെന്ന് കരുതുവാൻ കഴിയുന്നില്ല. ഡയറക്ടർ എന്ന നിലയിൽ കഴിഞ്ഞ എട്ടു മാസങ്ങളായി എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ പറയട്ടെ ഇപ്പോഴും മാതാപിതാക്കളോ യുവതിയുവാക്കളോ ഈ സെമിനാറിന്റെ പ്രയോജനത്തെക്കുറിച്ച് പൂർണ്ണ ബോധവാന്മാരല്ല.

മൂന്നു ദിവസത്തെ വിവാഹ ഒരുക്ക സെമിനാർ ഒരു ദിവസമായി ചുരുക്കി കിട്ടുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. ക്നാനായ സമുദായത്തിലെ എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെട്ട കുടുംബങ്ങളായിത്തീരണമെന്ന ആഗ്രഹത്തിലാണ് സമുദായം ഈ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നത്. കുടുംബത്തകർച്ചകളുടെ ഈ കാലഘട്ടത്തിൽ കെട്ടുന്നതിനെക്കാൾ സ്പീഡിൽ കെട്ട് പൊട്ടുന്ന ഇക്കാലയളവിൽ സഭയും കുടുംബവും ദാമ്പത്യജീവിതത്തിന്റെ സുദൃഢതയ്ക്കുവേണ്ടി എത്രമാത്രം പരിശ്രമിക്കേണ്ടതാണ്. ആയതിനാൽ Pre-Marital Councelling നുവേണ്ടി യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയണം.

മാതാപിതാക്കളെ, നിങ്ങളുടെ മക്കൾ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് അറിഞ്ഞിരിക്കേണ്ട ചില വസ്തുതകളാണ് ഈ ത്രിദിന സെമിനാറിൽ പങ്കുവക്കുന്നത്. ഒരു റഗുലർ കൗൺസിലിംഗിൽ മൂന്നു ദിവസങ്ങളിൽ 11 ക്ലാസ്സുകളാണ് ക്രമീകരിച്ചിരിക്കുന്നത്. കുടുംബജീവിതത്തിന്റെ മിക്കവാറും എല്ലാ മേഖലകളെയും കുറിച്ച് ഒരു അവബോധം നൽകുവാനാണ് ഈ പ്രസ്ഥാനം പരിശ്രമിക്കുന്നത്. എന്നാൽ ചില അടിയന്തിര സാഹചര്യങ്ങളിൽ ഒരു ദിവസത്തെ Emergency Counselling നൽകാറുണ്ട്. അതിൽ നാലോ അഞ്ചോ ക്ലാസ്സുകളെ ഉൾപ്പെടുത്തുവാനേ നിർവ്വാഹമുള്ളു.

ഞങ്ങളെ ദുഃഖിപ്പിക്കുന്ന വസ്തുത ചില മാതാപിതാക്കളും യുവതീയുവാക്കളും ത്രിദിന സെമിനാറിൽ പങ്കെടുക്കുവാൻ സാഹചര്യമുണ്ടായിട്ടും ചില നിസാരകാരണങ്ങളുടെ പേര് പറഞ്ഞ് ഏകദിന സെമിനാറിൽ സംബന്ധിക്കുന്നുവെന്നതാണ്. അതിലും സങ്കടകരം ഏകദിന സെമിനാറിൽ സംബന്ധിക്കുവാൻ വന്നിട്ട് അവിടെനിന്നും ചില ക്ലാസ്സുകൾ ഒഴിവാക്കി അവരുടെ വ്യക്തിപരമായ കാര്യങ്ങൾക്കുവേണ്ടി പോകുന്നുവെന്നതാണ്. ഇതൊക്കെ ഞങ്ങളെ അതിശയിപ്പിക്കുന്നു. മറ്റൊരു കൂട്ടർ വിവാഹം കഴിഞ്ഞ് കൗൺസിലിംഗ് സംബന്ധിച്ചു കൊള്ളാമെന്ന നിബന്ധനയിൽ പതിനായിരം രൂപ സമുദായ ഓഫീസിൽ അടച്ച് വിവാഹം നടത്തിക്കുന്നു. സമയക്കുറവിന്റെ പേരിൽ സമുദായം നൽകുന്ന ഒരു സൗകര്യമാണിത്. എന്നാൽ അതിൽ ചിലർ പതിനായിരം പോയാലും കൗൺസിലിംഗിൽ സംബന്ധിക്കയില്ലെന്ന കഠിന തീരുമാനത്തിൽ എത്തിച്ചേരുന്നു, ഫലമോ കൗൺസിലിംഗ് ഒഴിവാക്കുന്നു. ആയതിനാൽ വിവാഹ ഒരുക്ക സെമിനാറിന്റെ പ്രാധാന്യത്തെക്കുറിച്ച് സമുദായാംഗങ്ങളെല്ലാവരും ബോധവാന്മാരാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മാതാപിതാക്കളെ, നിങ്ങളുടെ മക്കളുടെ നല്ല കുടുംബജീവിതത്തിനുവേണ്ടിയാണ് ഈ സെമിനാർ. വിവാഹകൂദാശയുടെ മഹത്വം തിരിച്ചറിയുവാനും കുടുംബ ബന്ധത്തിന്റെ തീവ്രത ബോധ്യപ്പെടുത്തുവാനും മാതൃകാ ദാമ്പത്യജീവിതം നയിപ്പാനും കുടുംബ ജീവിതത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം തിരിച്ചറിയുവാനും ശരിയായ ആശയവിനിമയവും ലൈംഗികതയുടെ ധാർമ്മികത ബോധ്യപ്പെടുവാനും വിവാഹം ഒരു ദൈവവിളിയാണെന്ന് ബോധ്യപ്പെടുവാനും ഈ സെമിനാറിലെ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. ഇതിലേക്ക് മക്കളെ അയക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. കാലത്തിന്റെ ചുവരെഴുത്തുകളെ വായിക്കുവാൻ സാധിക്കണം.

ചിലർ പേര് രജിസ്റ്റർ ചെയ്തതിനുശേഷം ഒത്തുകല്യാണം, ചന്തം ചാർത്തൽ, മൈലാഞ്ചിയിടീൽ, ഡ്രസ്സ് എടുക്കുവാൻ പോകുക, സ്വർണ്ണം എടുക്കുവാൻ പോകുക, കൂട്ടുകാരെ കൊണ്ടുവരാൻ Airport ൽ പോകുക തുടങ്ങിയ ഒഴിവ് കഴിവുകൾ പറഞ്ഞ് ക്ലാസ്സുകൾ attend ചെയ്യാതിരിക്കുന്നു. അപ്രധാനമായതിനുവേണ്ടി പ്രധാനമായത് നഷ്ടപ്പെടുത്തുന്ന അവസ്ഥ.

ആയതിനാൽ മാതാപിതാക്കളെ, നിങ്ങളുടെ മക്കൾ ഈ സെമിനാറിൽ സംബന്ധിക്കുവാൻ ആവശ്യമായ ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

1. വിവാഹ തീയതി നിശ്ചയിക്കുമ്പോൾ വിവാഹ ഒരുക്ക സെമിനാറിന്റെ തീയതികൂടി ശ്രദ്ധിക്കണം.
2. വിദേശത്തുള്ളവർ വിവാഹത്തിനുവേണ്ടി അവധിയെടുക്കുമ്പോൾ സെമിനാർ തീയതി ശ്രദ്ധിച്ചുവേണം അവധിയെടുക്കുവാൻ.
3. പെട്ടെന്നുള്ള വിവാഹമാണെങ്കിൽ എമർജൻസി കൗൺസിലിംഗിനെ ബാധിക്കാത്തവിധം ഡ്രസ്സും സ്വർണ്ണവുമെടുക്കുവാനുള്ള തീയതി ക്രമീകരിക്കുക.
4. പേര് രജിസ്റ്റർ ചെയ്തതിനുശേഷം മറ്റ് കാരണങ്ങൾ പറഞ്ഞ് ക്ലാസ്സുകൾ വിട്ട് കളയരുത്.
5. എമർജൻസി കൗൺസിലിംഗ് ചൊവ്വാഴ്ചകളിൽ മാത്രമായിരിക്കും ക്രമീകരിക്കുക.

വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളുടെ ഇക്കാലത്ത് ഒരു പരിധിവരെ ഈ അപകടത്തിനു തടയിടുവാൻ കഴിയുന്ന സംരംഭമാണ് വിവാഹ ഒരുക്ക സെമിനാർ. ബഹുമാനപ്പെട്ട വികാരിമാരും പ്രിയപ്പെട്ട മാതാപിതാക്കളും സ്നേഹമുള്ള യുവതീയുവാക്കളും ഒരുമിച്ച് കൈകോർത്ത് പിടിച്ച് പ്രവർത്തിച്ചാൽ ക്നാനായ സമുദായത്തിലെ കുടുംബങ്ങൾ അനുഗ്രഹത്തിന്റെ പാതയിലായിരിക്കും. ആയതിനുവേണ്ടി ക്നാനായ സമുദായാംഗങ്ങളുടെ പൂർണ്ണ പിന്തുണ പ്രതീക്ഷിച്ചുകൊള്ളുന്നു.

# ആസൂത്രിതമാകണം കുടുംബ ബഡ്ജറ്റുകൾ

ടോംസ് ആന്റണി (പരിശീലകൻ, പ്രഭാഷകൻ)

ഫലപ്രദമല്ലാത്ത ധനവിനിയോഗമാണ് കുടുംബത്തിലെ സാമ്പത്തിക പ്രതിസന്ധികളുടെ പ്രധാന കാരണം. വരവ് അറിഞ്ഞ് ചെലവിടാനറിയാതിരിക്കുക, ധൂർത്ത്, ആഡംബരഭ്രമം, സൂക്ഷ്മതയില്ലാതെ പണം കൈകാര്യം ചെയ്യുക, ആർത്തിമൂത്ത് അബദ്ധങ്ങളിൽ ചെന്ന് ചാടുക, സമ്പാദ്യത്തിന്റെ അഭാവം, ആസൂത്രണമില്ലായ്മ തുടങ്ങി അനേകം പ്രശ്നങ്ങളാൽ നമ്മുടെ കുടുംബബഡ്ജറ്റ് താളം തെറ്റുകയാണ്.

### വരവ്-ചെലവ് അനുപാതം ക്രമീകരിക്കുക

പല കുടുംബങ്ങളിലും നല്ല വരുമാനമുണ്ടെങ്കിലും അതിനേക്കാളേറെ ചെലവ് വന്നുകൂടുന്നതാണ് സാമ്പത്തിക പ്രതിസന്ധിയുടെ കാരണം. ഒരു കുടുംബത്തിന്റെ വരുമാനത്തിന്റെ മൂന്നിൽ രണ്ടുഭാഗത്തിൽ കൂടുതൽ ചെലവ് വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബാംഗങ്ങൾക്കെല്ലാം വരവിനേയും ചെലവിനേയും കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരിക്കുകയും, അതനുസരിച്ച് ചെലവുകൾ കുറയ്ക്കുകയുമാണ് വേണ്ടത്. വരുമാനത്തേക്കാൾ ചെലവ് കൂടുകയാണെങ്കിൽ രണ്ടുമാർഗ്ഗമേയുള്ളു, മുന്നിൽ. ഒന്നുകിൽ വരുമാനം കൂട്ടുക, അല്ലെങ്കിൽ ചെലവ് കുറയ്ക്കുക. വരുമാനം കൂട്ടുന്നതിന് നിലവിലുള്ള തൊഴിലുകളിൽ നിന്ന് കൂടുതൽ വരുമാന സാദ്ധ്യത കണ്ടെത്തുകയോ, അല്ലെങ്കിൽ കൂടെ ചെയ്യാവുന്ന പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുകയോ ചെയ്യണം. വീട്ടിലിരുന്ന് ചെയ്യാവുന്ന തയ്യൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, എൽ.ഇ.ഡി. ബൾബ് അസംബ്ലിംഗ്, പേപ്പർ ക്യാരിബാഗ് നിർമ്മാണം, കാറ്ററിംഗ്, ഇതരഭക്ഷ്യവസ്തുക്കളുടെ പാചകവും വിപണനവും, തുടങ്ങി അനേകം തൊഴിൽ സംരംഭങ്ങളിലൂടെ വരുമാനം കണ്ടെത്താവുന്നതാണ്.

### ചെലവ് ചുരുക്കൽ

വസ്ത്രങ്ങളോടുള്ള ആർത്തി, ആഭരണങ്ങളോടുള്ള ഭ്രമം എന്നിവയെല്ലാം ചില കുടുംബങ്ങളുടെ ബഡ്ജറ്റിന്റെ താളം തെറ്റിക്കാറുണ്ട്. പണത്തോടുള്ള അമിതമായ ആർത്തിമൂലം മൾട്ടി ലെവൽ മാർക്കറ്റിംഗ്, യാതൊരു ഗ്യാരണ്ടിയുമില്ലാത്ത ഇതരപണമിടപാടുകൾ എന്നിവയിൽ വൻതുകകൾ നിക്ഷേപിച്ച് വൻ കടബാദ്ധ്യതയിലേയ്ക്ക് നീങ്ങുന്നവരുണ്ട്. സൂപ്പർമാർക്കറ്റുകളിൽ കയറി അമിതമായി പണം ചെലവഴിക്കുന്നവരുമുണ്ട്. വിവാഹം, വിവാഹവാർഷികം, ജന്മദിനാഘോഷങ്ങൾ, ഇതര ആഘോഷങ്ങൾ എന്നിവയ്ക്കൊക്കെ ഒരുപാട് പേരെ വിളിച്ച് വലിയതുക ചെലവഴിക്കുന്നവരുണ്ട്. ഇതൊന്നും വേണ്ട എന്നല്ല; വരവ് അറിഞ്ഞ് ചെലവഴിക്കണം എന്നർത്ഥം. കൂടാതെ ലക്ഷങ്ങൾ മുടക്കി വീട് വെച്ച് കടക്കെണിയിലായി പട്ടിണികിടക്കുന്നവരും വിരളമല്ല. പെൺമക്കളെ കെട്ടിച്ചുവിട്ടുബാദ്ധ്യതയേറിയവർ ഒട്ടനവധിയാണ്. രോഗം, അപകടം തുടങ്ങി അപ്രതീക്ഷിതചെലവുകളാൽ ബാദ്ധ്യതയേറിയവരും ചുരുക്കമല്ല. ഇവിടെയാണ് വ്യക്തമായ ഒരു സാമ്പത്തിക പ്ലാൻ കുടുംബത്തിന് വേണം എന്ന് പറയുന്നതിന്റെ പൊരുൾ.

### സമ്പാദ്യശീലം

നമ്മുടെ വരുമാനത്തിൽ കുറഞ്ഞത് മൂന്നിൽ ഒരു ഭാഗമെങ്കിലും സമ്പാദിച്ചു വയ്ക്കുവാൻ നമുക്ക് കഴിയണം. കുട്ടികളുടെ വിദ്യാഭ്യാസം, രോഗങ്ങൾ, മരണങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവയ്ക്കൊക്കെ വൻതുക വേണ്ടിവരുന്ന ഈ കാലത്ത് ബാങ്ക്, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലുള്ള നിക്ഷേപം വളരെ ഗുണപ്രദമായിരിക്കും. നിക്ഷേപങ്ങൾ ഒരിക്കലും സർക്കാർ ഗ്യാരന്റിയില്ലാത്തിടത്ത് ചെയ്യാതിരിക്കുക. പലിശ എത്രകൂടുതൽ കിട്ടിയാലും വലിയ അബദ്ധങ്ങൾ ഉണ്ടാകുവാനിടയുണ്ട് എന്ന് ഓർക്കുക. ചെറിയ തുകകൾ മാസംതോറും നിക്ഷേപിക്കണമെന്നുണ്ടെങ്കിൽ പോസ്റ്റ് ഓഫീസുകളിലെ റിക്കറിംഗ് ഡെപ്പോസിറ്റ് വളരെ നല്ലതാണ്. കൂട്ടു പലിശ ലഭിക്കുകയും ചെയ്യും. പെൺകുട്ടികൾക്കായുള്ള “സുകന്യ” പദ്ധതിയും വളരെ ആകർഷകമാണ്. വലിയ തുകകൾ സ്ഥിര നിക്ഷേപമായി ഇടുന്നുണ്ടെങ്കിൽ ഷെഡ്യൂൾഡ് ബാങ്കുകളാവും നല്ലത്. ഓഹരി വിപണി, മ്യൂച്ചൽ ഫണ്ട് എന്നിവയുടെ ലാഭനഷ്ടങ്ങളെയും സാദ്ധ്യതയെയും കുറിച്ച് ബോധ്യമില്ലാത്തവർ അവിടെ നിക്ഷേപിക്കാതിരിക്കുന്നതാണ് നല്ലത്.

എൽ.ഐ.സി. എന്തുകൊണ്ടും കുടുംബത്തിന് നല്ലതാണ്. അത് ആവശ്യത്തിനേ ആകാവൂ എന്നുമാത്രം. ചിലർ ഒരു വീട്ടിൽ തന്നെ 5 ൽ കൂടുതൽ പോളിസികൾ എടുക്കുകയും കൃത്യമായി അടയ്ക്കാതിരിക്കുകയും ചെയ്യുന്നവരുണ്ട്. എൽ.ഐ.സി. പോളിസി എടുക്കുന്ന വ്യക്തിയുടെ മരണശേഷം ആ കുടുംബത്തിന് വലിയ ഒരു സുരക്ഷ ലഭിക്കും എന്നതാണ് അതിന്റെ വലിയഗുണം. എൽ.ഐ.സിയെ ഒരു സമ്പാദ്യ മാർഗ്ഗമായല്ല കാണേണ്ടത്. സമ്പാദ്യത്തിനുള്ള പദ്ധതികൾ വേറെയാണ്. എൽ.ഐ.സി. ഒരു ജീവിത സുരക്ഷാ പദ്ധതിയാണ്. ആ രീതിയിൽ വേണം എൽ.ഐ.സിയെ സമീപിക്കാൻ. എൽ.ഐ.സി. അല്ലാതെ മറ്റ് സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും എൽ.ഐ.സി.യോളം വിശ്വാസയോഗ്യത അവയ്ക്കില്ല എന്നു പറയേണ്ടിവരും.

അതുപോലെതന്നെ പ്രധാനമാണ് കുടുംബത്തിനുള്ള ആരോഗ്യ ഇൻഷ്വറൻസുകൾ. ഇവയുടെ സർക്കാർ പദ്ധതികളിലും അംഗമാകുവാൻ എല്ലാവരും ശ്രദ്ധിക്കണം. രോഗങ്ങൾക്കുള്ള ചികിത്സാർത്ഥം ഒട്ടേറെ കടുംബങ്ങൾ കൊടിയ ദാരിദ്ര്യത്തിൽ വീണുപോയ കദനകഥകൾ നാം ദിനവും അറിയാറുണ്ട്. അതിനാൽ ആരോഗ്യഇൻഷ്വറൻസുകളിൽ ചേർന്ന് ആജീവനാന്ത രോഗചികിത്സ സൗജന്യമാക്കുവാൻ ശ്രമിക്കുന്നതും നല്ലതാണ്.

### സ്വാശ്രയസംഘങ്ങൾ

പല സ്ത്രീകളും ഇന്ന് കുടുംബശ്രീയിലും ഇതര സ്വാശ്രയസംഘങ്ങളിലും അംഗങ്ങളാണ്. ഒരേ സമയം നാലും അഞ്ചും സംഘങ്ങളിൽ അംഗത്വമെടുത്ത് അവിടുന്നെല്ലാം വായ്പകളെടുത്ത് കടക്കെണിയിലാകുകയാണ്. ഒന്നിൽ കൂടുതൽ സംഘങ്ങളിൽ അംഗത്വമെടുക്കാതിരിക്കുക. സ്വാശ്രയസംഘങ്ങളിൽ അംഗത്വമുള്ളവർ അവിടെ നിന്ന് ലോൺ എടുക്കുന്നത് നല്ലതാണ്. അതിന്റെ പലിശ എത്ര തന്നെയാണെങ്കിലും അത് നമുക്ക് തന്നെയാണ് തിരിച്ചുകിട്ടുന്നത് എന്ന് ഓർമ്മിക്കുന്നത് നന്ന്. സംഘങ്ങളിൽ നിന്ന് വായ്പ എടുക്കുമ്പോൾ ആഴ്ചതോറും തിരിച്ചടയ്ക്കുവാൻ നാം ബദ്ധശ്രദ്ധരാകേണ്ടതുണ്ട്.

സ്വാശ്രയസംഘങ്ങൾ സമ്പാദ്യത്തിന്റെ നല്ലൊരു സാധ്യത നമുക്കുമുന്നിൽ തുറന്നിടുകയാണ് ചെയ്യുന്നത്. നഷ്ടപ്പെട്ടേക്കാവുന്ന ചെറുതുകകളാണ് വലിയ സമ്പാദ്യങ്ങളായി ഇവിടെ മാറുന്നത്. അതിനാൽ സ്വാശ്രയസംഘങ്ങളിലുള്ള അംഗത്വവും സമ്പാദ്യശീലവും അനിവാര്യമാണ്.

### വായ്പകൾ

വായ്പ എടുക്കുന്നത് നല്ലതുതന്നെ. എത്ര രൂപയാണ് എടുക്കുന്നത് ? എന്തിനുവേണ്ടിയാണ് എടുക്കുന്നത് ? എവിടെ നിന്ന് എടുക്കുന്നു ? അത് തിരിച്ചടക്കാനുള്ള ശേഷി എനിക്കുണ്ടോ ? ഈ ചോദ്യങ്ങൾ സ്വയം ചോദിച്ചശേഷമാവണം വായ്പകൾ എടുക്കേണ്ടത്. വീട് വയ്ക്കുന്നതിന്, വാഹനം വാങ്ങുന്നതിന്, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക്, ആഘോഷങ്ങൾക്ക്, ആശുപത്രി ചെലവുകൾക്ക് എന്നിവയ്ക്കെല്ലാം നാം വായ്പഎടുക്കാറുണ്ട്. സമ്പാദ്യം ആവശ്യത്തിനുണ്ടെങ്കിൽ വായ്പ എടുക്കേണ്ട ആവശ്യമില്ല. അടച്ചുതീർക്കാം എന്ന് ഉറപ്പുണ്ടെങ്കിൽ വായ്പ എടുക്കുന്നത് നല്ലതാണ്. കാരണം ജീവിതത്തിന്റെ മുന്നോട്ടുള്ള ചെലവുകളെ നിയന്ത്രിക്കുന്നതിന് ഈ വായ്പ ഉപകരിക്കും. ഷെഡ്യൂൾഡ് ബാങ്കുകളെ മാത്രമാണ് വായ്പയ്ക്ക് നാം ആശ്രയിക്കേണ്ടത്. ചില സ്വകാര്യ ബാങ്കുകൾ ഒളിഞ്ഞും, തെളിഞ്ഞും കൂടുതൽ തുക പലിശ ഇനത്തിൽ ഈടാക്കാറുണ്ട്. പലിശയുടെ ശതമാനം, തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി, വായ്പ മുതൽ തിരിച്ചടയ്ക്കുമ്പോൾ അതനുസരിച്ച് പലിശ കുറയുമോ എന്നിങ്ങനെയുള്ള കാര്യങ്ങൾ നോക്കിവേണം വായ്പ എടുക്കാൻ. കൂടുതൽ കിട്ടും എന്നുകരുതി അനാവശ്യമായി വായ്പ എടുക്കുകയും ചെയ്യരുത്. ബാങ്കുകളുടെ വിദ്യാഭ്യാസ വായ്പയും ആസൂത്രിതമായി കൈകാര്യം ചെയ്യുക. തിരിച്ചടയ്ക്കുന്നതിൽ ഒട്ടും വീഴ്ച വരുത്തുകയും ചെയ്യരുത്. വീഴ്ച വരുത്തിയാൽ പിഴപ്പലിശയടക്കം കൂടുതൽ തുക ഈടാക്കുകയും അവസാനം ജപ്തി നടപടികളിലേയ്ക്കുവരെ നീങ്ങേണ്ടിയും വന്നേക്കാം.

### വിവാഹ ഒരുക്ക സെമിനാർ

2019 ഒക്ടോബർ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 10,11,12 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലി ഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Dr. James Jacob Thodathil**
(Director)
Ph: 9447456204
**Fr. Jiji Punnoose Puthenpurackal**
(Secretary) Ph: 9447119918

### വായ്പകളെ ഗുണപരമാക്കാം

ചിലർ അങ്ങിനെയാണ്. വായ്പകൾ എടുത്ത് കൂടുതൽ സമ്പാദിക്കും. വായ്പകൾ രണ്ട് ആവശ്യങ്ങൾക്ക് നാം ഉപയോഗിക്കാറുണ്ട്. ഒന്ന് ഉപഭോഗ ആവശ്യങ്ങൾക്കായും, രണ്ട് ഉല്പാദന ആവശ്യങ്ങൾക്കായും. ഉല്പാദന ആവശ്യങ്ങൾക്കായി വായ്പകളെ ഫലപ്രദമായി ഉപയോഗിച്ച് അതിൽ നിന്നുള്ള വരുമാനം കൊണ്ട് ഉപഭോഗ ആവശ്യങ്ങൾ നിറവേറ്റുക എന്നതാണ് ബുദ്ധിയുള്ളവർ ചെയ്യുന്നത്. സ്വന്തം ബിസിനസ്സ് വിപുലപ്പെടുത്തുന്നതിനോ പുതിയവ ആരംഭിക്കുന്നതിനോ ഈ വായ്പകളെ ഉപയോഗിക്കാം. സ്വയം തൊഴിലിനായി സബ്സിഡിയോടുകൂടി അനേകം വായ്പകൾ സർക്കാർ സംവിധാനങ്ങളിലൂടെ തന്നെ ലഭ്യമാണ് എന്ന് ഓർമ്മിക്കുമല്ലോ.

ചില വ്യക്തികളുണ്ട്. കടംകേറി കൊടിയദാരിദ്ര്യത്തിൽ വീണാലും സ്ഥലം, സ്വർണ്ണം തുടങ്ങിയ സമ്പാദ്യങ്ങൾ വില്ക്കാതെ പിടിച്ചുവച്ചുകൊണ്ടിരിക്കും. അത് മണ്ടത്തരമാണ്. സ്ഥലം, സ്വർണ്ണം തുടങ്ങിയവയൊക്കെ നിശ്ചല സമ്പാദ്യമാണ്. അത്യന്താപേക്ഷിതമായി വന്നാൽ അവ വില്ക്കുക തന്നെ വേണം. കടംകേറി ദാരിദ്ര്യത്തിൽ കഴിയുന്നതിനേക്കാൾ ഭേദം മൂന്ന്സെന്റ് സ്ഥലത്ത് സുഭിക്ഷമായി കഴിയുക തന്നെ. കൂടാതെ മദ്യപാനത്തിലൂടെയും മറ്റ് ലഹരിവസ്തുക്കളുടെ ഉപയോഗത്തിലൂടെയും കടബാദ്ധ്യതയിലേക്ക് കുടുംബത്തെ തള്ളിവിടുന്നവർ അനവധിയാണ്. ദിനംതോറും ആയിരംരൂപയോളം ലഹരി വസ്തുക്കൾ ഉപയോഗിച്ച് നശിപ്പിക്കുന്ന അനേകം പേരുണ്ട്. എന്റെ കാശിനല്ലേ ഞാൻ കുടിക്കുന്നത് എന്നാവും അവരുടെ ചോദ്യം. എങ്കിൽപിന്നെ വിവാഹം കഴിക്കരുതായിരുന്നല്ലോ! കൂടാതെ ലോട്ടറിയോടുള്ള അഭിനിവേശംമൂലം കിട്ടുന്ന പണം മുഴുവൻ ചൂതുകളിയിലും ലോട്ടറിയെടുത്തും കളയുന്ന വരും നമ്മുടെ നാട്ടിലുണ്ട്.

ജാടകാണിക്കുന്നതിനായി പണം കുത്തിയൊഴുക്കികളയുന്നവരും ഏറിവരുകയാണ്. ജാട കാണിക്കാൻ പോയിട്ട് ഒന്നുമില്ലാത്ത അവസ്ഥ വരുമ്പോൾ കഴിഞ്ഞകാലം ഓർത്തു പരിതപിക്കേണ്ടിവരും. ജീവിതം കാലംമുഴുവൻ വാടകയ്ക്കു കഴിയുന്നവർ, അനാവശ്യമായി സാധനങ്ങൾ വാങ്ങി കൂട്ടുന്നവർ, ആഹാരസാധനങ്ങൾ ഒത്തിരി മിച്ചംകളയുന്നവർ, ആഹാരങ്ങൾക്കായി അമിത പണം മുടക്കുന്നവർ, ഹോട്ടലിൽ നിന്നുമാത്രം ഭക്ഷിക്കുന്നവർ എന്നിവരൊക്കെ ധൂർത്തരുടെ ഗണത്തിൽതന്നെ പെടുന്നു. സാധനങ്ങൾ നശിക്കാതെ സൂക്ഷിക്കാൻ കഴിയാത്തവരും ധൂർത്തരുടെ ഗണം തന്നെയാണ്.

*(തുടരും)*

# ഇങ്ങനെയും ജീവിതം

ചാന്നാനിക്കാട് സ്വദേശികളായ രൂബനും (15) രോഹനും (13) സ്വന്തം സഹോദരന്മാരാണ്. അവർ 8, 5 ക്ലാസ്സുകളിൽ പഠിക്കുന്നു. ഇവരുടെ പിതാവ് ഒരു ഡ്രൈവറാണ്. മാതാവ് ഒരു കടയിൽ ജോലിചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ ജോലിക്കു പോകുവാൻ കഴിയുന്നില്ല. ക്ലാസ്സുമുറിയിൽ ഈ കുട്ടികൾ ഇടയ്ക്കിടെ തലചുറ്റി വീഴുകയും, കാലിനു ബല ക്കുറവ് തുടങ്ങിയ അസ്വഭാവികത തുടർന്നതിനാൽ, അവരെ സ്വകാര്യ ഹോസ്പിറ്റലിൽ പരിശോധനയ്ക്കു വിധേയരാക്കി. എന്നാൽ അവരുടെ രോഗം എന്താണെന്ന് കണ്ടെത്തുവാൻ കഴിയാതെ വന്നതിനാൽ, മറ്റൊരു സ്വകാര്യ ഹോസ്പിറ്റലിൽ പരിശോധിച്ചു രോഗം ഡിസ്റ്റോണിയയെന്നു സംശയം പറ ഞ്ഞു. വിദഗ്ദ പരിശോധനയ്ക്ക് കോട്ടയം മെഡിക്കൽ കോള ജിൽ പ്രവേശിപ്പിച്ചു. രോഗം ഡിസ്റ്റോണിയ എന്നു സ്ഥിരീക രിച്ചു. തലച്ചോറിൽ അടിഞ്ഞുകൂടുന്ന അയണിന്റെ അളവു കൂടുന്നതുമൂലം ഞരമ്പുകൾക്കും, മസിലിനും ക്ഷതമുണ്ടാ കുന്നു. ഇത് അപൂർവ്വങ്ങളിൽ അപൂർവ്വമാണ്. ഇതിനാൽ തല ച്ചോറിനും, മസിലിനും ബലഹീനത സംഭവിച്ചിട്ട് മയക്കവും, നേരെ നില്ക്കുവാൻ കഴിയാതെ കുഴഞ്ഞു വീഴുകയും ചെ യ്യുന്നു.

കോട്ടയം മെഡിക്കൽ കോളജിൽ ഇതിനു ചികിത്സയില്ലെ ന്നും, തിരുവനന്തപുരം ശ്രീചിത്തിര മെഡിക്കൽ കോളജിൽ ചികിത്സ നടത്തുന്നുണ്ടെന്നും അറിയിച്ചു. ശ്രീചിത്തിരയിൽ ചികിത്സ ആരംഭിച്ചുവെങ്കിലും, കുട്ടികളിൽ പ്രതിരോധശക്തി കുറഞ്ഞുവരുന്നതിനാൽ ശരീരത്തിൽ ഇൻഫക്ഷനുകൾ ഉണ്ടാകുന്നു. ഇതിനിടയിൽ മൂത്തമകന്റെ കുടലിൽ കുമിള കൾ ഉണ്ടാകുന്നതുകണ്ടതിനാൽ തിരുവനന്തപുരം മെഡി ക്കൽ കോളജിൽ ഒരു ഓപ്പറേഷൻ നടത്തി. അതുപോലെ ഇളയമകന്റെ കാലിലുണ്ടായ മുറിവ് കരിയാതെ വന്നതിനാൽ കോട്ടയം മെഡിക്കൽ കോളജിൽ ഒരു ഓപ്പറേഷൻ നടത്തി. ഇങ്ങനെയുള്ള സാഹചര്യത്തിൽ എല്ലാ സൗകര്യങ്ങളുമുള്ള വെല്ലൂർ മെഡിക്കൽ കോളജിൽ ചികിത്സ നടത്തുന്നതാണ് എല്ലാംകൊണ്ടും നല്ലതെന്ന് ആശുപത്രി അധികൃതർ അറി യിച്ചു. അവിടെ ഒരു കുത്തിവെയ്പ്പിന് ഏകദേശം ഒരു ലക്ഷം രൂപയോളം ചിലവുവരുമെന്നാണ് പറയുന്നത്. ഇപ്പോൾ ഈ രണ്ടുകുട്ടികൾക്കും പ്രതിമാസം 10000/- രൂപ മരുന്നിനു തന്നെ ചിലവാണ്. വെല്ലൂരിൽ ചികിത്സയ്ക്കു പോകുവാൻ ആഗ്രഹിയ്ക്കുന്നു ഈ കുടുംബം. എങ്ങനെയെന്ന് അറിയില്ല? സുമനസ്സുകളുടെ സഹായം ഇതുവരെ ലഭിച്ചു എന്നു പറ യുന്നു.

കുടുംബത്തിൽ സഹായിപ്പാൻ കഴിവുള്ളവർ നിസ്സഹായ കരാണ്. എന്തുകൊണ്ടെന്നാൽ, പ്രിയപ്പെട്ടവരുടെ അനാരോ ഗ്യപരമായ അസ്വസ്ഥതയാലും ചികിത്സാ ചിലവുകളാലും ആകുലപ്പെട്ടും, ആശങ്കപ്പെട്ടുമിരിക്കുന്നു. ഈ കുട്ടികൾക്ക് ഇടയ്ക്കിടെ പ്രതീക്ഷിക്കാതെ അസുഖം മൂർഛിക്കുന്നതി നാൽ മാതാപിതാക്കൾക്ക് സ്ഥിരമായി ജോലിക്കുപോകുവാൻ കഴിയുന്നില്ല. മാത്രമല്ല, കുട്ടികളുടെ സ്കൂൾ പഠനം സുഖ മായി നടക്കുന്നുമില്ല. അനേകം സഹജീവികളുടെയും, സ്വസ ഹോദരങ്ങളുടെയും കരുണയുടെയും, കനിവിന്റെയും കര ങ്ങൾ സഹായത്തിനായ് ഉണ്ടായിരുന്നു.

തോരാത്ത കണ്ണീരുമായ് മക്കളെ ചേർത്തു പിടിച്ച് അവർക്ക് താങ്ങും, തണലുമായ് ഈ മാതാവ് വിശ്വാസ ത്തോടെ കാരുണ്യവാനായ കർത്താവിൽ ആശ്രയിച്ച് മുൻപോട്ട് കുട്ടികളെ ചികിത്സിക്കുവാൻ ഒരുങ്ങുന്നു. ഇതിനി ടയിൽ അവർക്കു ഫിക്സ് വരരുതേ എന്നുള്ള പ്രാർത്ഥന യാണ്. കാരണം, ഫിക്സ് വന്നാൽ പാരലൈസാകുമെ ന്നാണ് ഡോക്ടേഴ്സ് പറയുന്നത്. ഈ മാതാവിന്റെ വാക്കു കളിൽ വിതുമ്പലിന്റെ സ്വരം ഉണ്ടായിരുന്നു. എന്നാൽ പ്രത്യാശയുടെ മുഴക്കവും ശ്രവിക്കുവാൻ കഴിഞ്ഞു. (മത്തായി 12:19–20) "ചതഞ്ഞ ഓട അവൻ ഒടിച്ചു കളകയി ല്ല, പുകയുന്ന തിരി കെടുത്തികളകയില്ല, അവൻ ന്യായവിധി ജയത്തോളം നടത്തും. അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശവെക്കും". ഈ ഭവനത്തിന്റെ ചതവും, പുകയും ഓടിക്കാതും, കെടുത്താതും അതിനെ അതിജീവിക്കുവാൻ ഇവർക്ക് കരുത്തായ്, കരുതലായ് യേശുവിൽ വിളിക്കപ്പെട്ട വിശ്വാസ സമൂഹത്തിനു കഴിയണം. അങ്ങനെ അനേകർക്ക് യേശുവിലുള്ള വിശ്വാസവും, പ്രത്യാശയും വർദ്ധിക്കുവാൻ വിശ്വാസികളുടെ പ്രവർത്തി ഉതകുമാറാകണം. വിശ്വാസ ത്തിനു വെളിച്ചമേകുന്ന വിളക്കുകളാകുവാൻ വിളിക്കപ്പെട്ട വിശ്വാസികൾക്കു കഴിയണം. അപ്പോൾ കർത്താവിന്റെ നാമം നമ്മിലൂടെ മഹത്വപ്പെടുകയും അവന്റെ സ്നേഹം വെളിപ്പെ ടുകയും ചെയ്യും. മാത്രമല്ല, നാം കർത്താവിന്റെ ശിഷ്യന്മാ രെന്നു മറ്റുള്ളവർ സാക്ഷിയ്ക്കും. (1.യോഹ.3:17) "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും, തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും''. നമ്മിലെ ദൈവസ്നേഹം ഇതു പോലെ ആവശ്യഭാരത്തിൽ കഴിയുന്ന മനുഷ്യരോടു മനസ്സ ലിയുവാൻ മടികാണിയ്ക്കാതെ സഹായത്തിന്റെ തുറന്ന കര ങ്ങൾ നീട്ടി വെളിപ്പെടുത്തുവാൻ കഴിയണം. കർത്തൃ സ്നേഹം വെളിപ്പെടുത്തുവാനും, സാക്ഷിയ്ക്കുവാനും കിട്ടുന്ന അവസരങ്ങൾ പാഴാക്കാതെ വിനിയോഗിക്കുവാൻ ദൈവം സഹായിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**Fr. Andrews Kadappanangattu**
Ranny. Mob: 9495184701

**CAR FOR RENT**

INNOVA, ERTIGA AUTOMATIC,
HONDA CITY AUTOMATIC
WAGAN R AUTOMATIC, AMAZE,
SMALL CARS (All Cars New)
**09447119058, 9496090589**




**M. 126**

B.Sc നേഴ്സിംഗ് കഴിഞ്ഞ് O.E.T. പാസ്സായി യു.കെ. യിലേക്ക് Processing ചെയ്തുകൊണ്ടിരിക്കുന്ന ക്നാനായ യുവതിയ്ക്ക് (26/163cm) വിദേശത്തു ജോലിയുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. U.K. യിൽ ഉള്ളവർക്ക് മുൻഗണന.
Ph. 8921467273, 9946847996

**M. 127**

ഇപ്പോൾ ഹൗസർജൻസി ചെയ്യുന്ന M.B.B.S (AIIMS) ക്നാനായ യുവതിയ്ക്ക് (25/163cm) നല്ല വിദ്യാഭ്യാസ യോഗ്യത ഉള്ളതും ഉയർന്ന ജോലി ഉള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഗവൺമെന്റ് ജോലി ഉള്ളവർക്ക് മുൻഗണ.)
Ph. 9747630014

**M. 128**

Pharm-D കഴിഞ്ഞ് കേരളത്തിലെ ഒരു പ്രശസ്ത ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/158cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (യൂറോപ്യൻ രാജ്യങ്ങളിൽ ജോലിയുള്ളവർക്ക് മുൻഗണന.)
Ph. 9495477742

**M. 129**

Knanaya Parents inviting proposals for their daughter (25/163cm) B.Tech (I.T) employed as Software engineer reputed IT company (Cap Gemini) Chennai, seeking alliance from Parents of God fearing and professionaly qualified boys India or Abroad.
Mob. 9790410810, 9442728208

**M. 130**

Knanaya Parents inviting proposals for their daughter (25/172cm, BBA) currently working in a private firm. Seeking alliance from parents of God fearing and professionaly qualified boys .
Ph. 9947604396, contact time- 7.00 pm-10.30pm

**M. 131**

Knanaya Parents inviting proposals for their daughter Born and Brought up outside Kerala (26/5'4", MHRM) currently working as Recrutment Administrator in an MNC, Seeking suaitable alliance from parents of professionally qualified boys working outside Kerala.
Ph. 09444667658, 09445687880

**M. 132**

Knanaya parents currently settled in the UK invite proposal for their only daughter (23,5'4'', LLB, LLM, ICSA). She recently started working as an Assistant Consultant in a reputed firm in the UK. Seeking alliance from God fearing and qualified boys.
0044-7828953519, 7492863570 (Whatsapp or call),
Email - sajithomas8@yahoo.co.uk

**M. 133**

M.B.A. കഴിഞ്ഞ് ഇപ്പോൾ എറണാകുളത്ത് ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (29/5'5'') ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (വിദേശത്തുള്ളവർക്ക് മുൻഗണന.
Ph. 9188352660, 9846593927

**M. 134**

B.Pharm ഉം Pharm -D യും കഴിഞ്ഞ് IELTS പഠിച്ചുകൊണ്ടിരിക്കുന്ന ക്നാനായ യുവതിയ്ക്ക് (25/167cm) ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (വിദേശത്തു ജോലിയുള്ളവർക്ക് മുൻഗണന.)
Ph. 9447031554

**M. 135**

B.A. പാസ്സായതിനുശേഷം ആഗസ്റ്റിൽ Highter Diploma in Cooperation and Business Management പഠനം പൂർത്തിയാക്കിയ ക്നാനായ യുവതിയ്ക്ക് (22) (ഇടത്തരം കുടുംബം) നാട്ടിൽ ബിസിനസ്സോ ജോലിയോ ഉള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 0481 2430470

**M. 136**

ഇൻഫോ പാർക്കിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ക്നാനായ യുവതിയ്ക്ക് (25) company Secretaryship final ചെയ്തുകൊണ്ടിരിക്കുന്നു. അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9544475391

**M. 155**

Knanaya Parents inviting proposals for their daughter (25/164cm, M.Tech) working in a MNC at Ernakulam seeking alliances from parents of God fearing professionaly qualified boys.
Ph. 9446686040

## വധുവിനെആവശ്യമുണ്ട്

**M. 137**

M.Com പാസ്സായി ഒരു International Company യുടെ District Service Franchise നടത്തുന്ന ക്നാനായ യുവാവിന് (26/5'4'', ഇടത്തരം കുടുംബം) വിദ്യാഭ്യാസമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. നേഴ്സുമാരെയും പരിഗണിക്കും.
Ph. 8547163147

**M. 138**

M.Com, MBA കഴിഞ്ഞ് Kuwait ൽ Pharmaceutical company ൽ logistics officer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (32/180cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9562514144, 9747899772

**M. 139**

Mumbail-ൽ പ്രശസ്തമായ കമ്പനിയിൽ system administator ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (26/180cm) (Electroncs Diploma+BCA) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Mumbail-ൽ ജോലിയുള്ളവർക്ക് മുൻഗണന.
Ph. 0481 2331055, 9846783474, 9447534093

**M. 140**

Computer Science diploma പാസ്സായി എറണാകുളത്ത് പ്രശസ്ത ഹോട്ടലിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9400742553, 9037524179

**M. 141**

Kuwait -ൽ MOH Radiographer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/178cm B.Sc, MIT) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. B.Sc. നേഴ്സ്മാർക്ക് മുൻഗണന.
Ph. 9745967401, 8075658634

**M. 142**

Knanaya Parents inviting proposals for their son (26/163cm) B.Tech. working as a Software Engineer Technopark, Trivandrum Seeking allience from parents of God fearing and professionaly qualified grils.
Ph. 9249355979, 9746301785

**M. 143**

B.Sc. Nursing കഴിഞ്ഞ് കുവൈറ്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/163cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9446213161, 8089329603,
(whatsapp) 9946676884

**M. 144**

Knanaya Parents inviting proposals for their son B.Sc. Nurse (32/5'2'') working as nurse in Bangalore hospital Ph. 9061589657

**M. 145**

കോസ്മറ്റോളജി കഴിഞ്ഞ് നാട്ടിൽ സ്വന്തമായി ബിസിനസ്സ് ചെയ്യുന്ന ക്നാനായ യുവാവിന് (29/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (പ്രത്യേകിച്ച് ഡിമാന്റ് ഒന്നുമില്ല ).
Ph. 9544000939, 9562657345

**M. 146**

ഫാർമസിസ്റ്റ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (25/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9947291909, 9447860784

**M. 147**

Knanaya Parents inviting proposals for their son B.Tech Mechanical (30/180cm) working in a reputed Company based at Dubai Seeking suitable allience from parents of God fearing and professionaly qualified girls working in India or abroad. Ph. 9846199229, 8592027981

**M. 148**

Knanaya Parents inviting proposals for their only son (27/185cm, BDS) currenly working as a lecturer in a private dental college and runnig own multi spectality clinic. We seek suitable alliances from parents of girls pursuing or completed BDS.
Ph. 9037624821, 9847758872

**M. 149**

മാതാപിതാക്കളോടൊപ്പം ഒന്നര വർഷമായി അമേരിക്കയിൽ സ്ഥിരതാമസമാക്കിയ Green card ഉള്ള Registered Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (26) B.Sc. Nursing പാസ്സായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9995674137, 0018329871541

**M. 150**

ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ് ഇൻസ്ട്രമെന്റേഷൻ കഴിഞ്ഞ് ദുബായിൽ നെറ്റ്‌വർക്കിംഗ് കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് ഇടത്തരം കുടുംബം (28/165cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9656227305, 7559848698

**M. 151**

B.N.Y.S, M.D കഴിഞ്ഞ് ഇപ്പോൾ America ൽ Cruize ship ൽ Doctor ആയി ജോലി ചെയ്യുന്നതും October ൽ നാട്ടിൽ വരുന്നതുമായ ക്നാനായ യുവാവിന് (28/168cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (America-ൽ ജോലിയുള്ളവർക്ക് മുൻഗണന).
Ph. 9388851717, 8281219829

**M. 152**

Draft Man Civil Engineering കഴിഞ്ഞ് ഖത്തറിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/174cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഫാമിലി വിസ ഉണ്ട് B.Sc. Nurse മാർക്ക് മുൻഗണന.)
Ph. 8547197232, 8606560232

**M. 153**

Saudi Aramco യിൽ ജോലി ചെയ്യുന്ന ക്നാ നായ യുവാവിന് (28/5'8'' ഇടത്തരം കുടുംബം) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നവംബർ മാസത്തിൽ നാട്ടിൽവരും).
Ph. 97467221314, 9497301207

**M. 154**

Knanaya Parents inviting proposals for their only son B.Sc. Nurse (30) currenly processing for U.K. Seeking alliances from parents of of God fearing and professionaly qualified girls.
Ph. 8113977866, 9605961671

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, ഇരവിപേരൂർ**

## + 2




**അലീനാ ജേക്കബ്**
D/o ജേക്കബ് ചെറിയാൻ & ഷൈനി കെ. ചാക്കോ
ആയിരംതൈക്കൽ
സെന്റ് പീറ്റേഴ്സ്, ക്നാനായ പള്ളി
ദോഹാ

## S.S.L.C



**നേഹാ സൂസൻ ജേക്കബ്**
D/oLate ജേക്കബ് & മഞ്ചു
വാഴൂത്രയിൽ
സെന്റ് ജോർജ് ക്നാനായ
വലിയപള്ളി, നീലംപേരൂർ

## തെരഞ്ഞെടുത്തു



വാകത്താനം സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്ക് മജു പി. കെ. പുത്തൻപറമ്പിൽ തെരഞ്ഞെടുക്കപ്പെട്ടു. ക്നാനായ അസ്സോസിയേഷൻ അംഗം, പുതുപ്പള്ളി കോൺഗ്രസ് (ഐ) ബ്ലോക്ക് സെക്രട്ടറി, വാകത്താനം വ്യാപാരി വ്യവസായി ഏകോപനസമിതി യൂണിറ്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.
വാകത്താനം പുതുശ്ശേരി സെന്റ് സൈമൺസ് ക്നാനായപള്ളി ഇടവകാംഗമാണ്.

## കുറിച്ചി മന്ദിരം തിരുശേഷിപ്പ് ചാപ്പലിൽ 17 – ാമതു അഖണ്ഡപ്രാർത്ഥന

പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ തിരുശേഷിപ്പ് സ്ഥാപിച്ച കുറിച്ചി മന്ദിരം തിരുശേഷിപ്പ് ചാപ്പലിൽ ആണ്ടുതോറും നടത്തി വരുന്ന അഖണ്ഡപ്രാർത്ഥന ഒക്ടോബർ 5-ാം തീയതി ശനിയാഴ്ച 6.00 P. M. ന് സന്ധ്യാപ്രാർത്ഥനയോടുകൂടി ആരംഭിച്ച് 6-ാം തീയതി ഞായറാഴ്ച 5.00 A.M.ന് വി. കുർബ്ബാനയോടുകൂടി സമാപിക്കുന്നതാണ്. ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ അഖണ്ഡപ്രാർത്ഥന ഉദ്ഘാടനം ചെയ്യുന്നതും റവ.ഫാ. സജോ പി. മാത്യു ഇലവുങ്കൽ, കട്ടപ്പന ധ്യാനപ്രസംഗം നടത്തുന്നതുമാണ്. തുടർന്ന് അപേക്ഷകൾ, യാമപ്രാർത്ഥനകൾ, മദ്ധ്യസ്ഥപ്രാർത്ഥന, വിവിധ വിഷയങ്ങൾക്കായുള്ള പ്രാർത്ഥന, പ്രദക്ഷിണം ഇവയ്ക്കുശേഷം വി. കുർബ്ബാനയും പാച്ചോർ നേർച്ച വിളമ്പും ഉണ്ടായിരിക്കും.

**ഫാ. കെ. കെ. ഏബ്രഹാം കുറ്റിയിൽ**
(വികാരി)

# ദുരിതാശ്വാസം 2019

## നിലമ്പൂർ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വരവ്ചെലവ് കണക്കുകൾ

### വരവ്

| | | |
|---|---|---|
| 1. | നസ്രേത്ത് കോളേജ് ഓഫ് ഫാർമസി, ഓതറ | 1,10,000 |
| 2. | ക്നാനായ സുവിശേഷസമാജം | 1,00,000 |
| 3. | സെന്റ് മേരീസ് പള്ളി, ഇരവിപേരൂർ | 77,200 |
| 4. | സെന്റ് തോമസ് വലിയപള്ളി, റാന്നി | 50,000 |
| 5. | സെന്റ് കുറിയാക്കോസ്പള്ളി, ഐത്തല | 50,000 |
| 6. | സെന്റ് മേരീസ് വലിയപള്ളി, കോട്ടയം | 35,000 |
| 7. | ക്ലീമ്മീസ് സ്ക്കൂൾ, ചിങ്ങവനം | 25,000 |
| 8. | സെന്റ് മേരീസ് പള്ളി, തെങ്ങേലി | 25,000 |
| 9. | ഇടവകജനങ്ങൾ, തെങ്ങേലിപള്ളി | 25,000 |
| 10. | സെന്റ് ജോൺസ്പള്ളി, തുരുത്തിക്കാട് | 20,000 |
| 11. | റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ,തുരുത്തിക്കാട് | 20,000 |
| 12. | സെന്റ് മേരീസ്പള്ളി, എറണാകുളം | 17,000 |
| 13, | വനിതാസമാജം, കേന്ദ്രകമ്മറ്റി | 15,000 |
| 14. | സെന്റ് മേരീസ്വലിയപള്ളി, കല്ലിശ്ശേരി | 15,000 |
| 15. | ഫാ.കെ.എ. പുന്നൂസ് കുന്നേൽ, തെങ്ങേലി | 15,000 |
| 16. | നസ്രേത്ത് ആശ്രമം, ഓതറ | 10,000 |
| 17. | തമ്പി ചേന്തിയിൽ, ഇരവിപേരൂർ | 10,000 |
| 18. | സജി ചേന്തിയിൽ, ഇരവിപേരൂർ | 10,000 |
| 19. | ക്നാനായ സോഷ്യൽ ഓർഗനൈസേഷൻ എറണാകുളം | 10,000 |
| 20. | റ്റി.സി. തോമസ്സ തോപ്പിൽ, തിരുവൻവണ്ടൂർ | 10,000 |
| 21. | ഉതുപ്പാൻ ജോസഫ്,ചരിവുപറമ്പിൽ,കല്ലിശ്ശേരി | 10,000 |
| 22. | റ്റോമിൻ വി.ചാക്കോ,വാഴുവേലിൽ,ഇരവിപേരൂർ | 5,000 |
| 23. | കുഞ്ഞമ്മ തോമസ്,തുണ്ടിയിൽ,കല്ലിശ്ശേരി | 5,000 |
| 24. | ജിനുമോൻ ജോസഫ് കോട്ടയം വലിയപള്ളി | 5,000 |
| 25. | റിന്റു ചിങ്ങവനം ദയറാപള്ളി | 3,500 |
| 26. | സൂസമ്മ, ഓൺലൈൻ | 3,000 |
| 27. | ഫെഫി ഓൺലൈൻ | 3,000 |
| 28. | റിറ്റു രാജുഓൺലൈൻ | 25,00 |
| 29. | ഓൺലൈൻ FTB/92247076433 | 2,000 |
| 30. | ഓൺലൈൻ UPI/92245492030 | 2,000 |
| 31. | സുരേഷ് ഓൺലൈൻ | 2,000 |
| 32. | സുജ വരാത്ര, നീലംപേരൂർ | 2,000 |
| 33. | ജിജു മാത്യു തോപ്പിൽ, വാകത്താനം | 1500 |
| 34. | പ്രമോദ് ഓൺലൈൻ | 1000 |
| 35. | ജോഫി ജോസഫ് പ്രസാദ് ഓൺലൈൻ | 1000 |
| 36. | ഫാ. ഷിജു തോമസ് കല്ലേലിൽ | 1000 |
| 37. | ഓൺലൈൻ 19228750910 | 1000 |
| 38. | ഷിനോ ജോസഫ്, കലൂർതുണ്ടിയിൽ, പുല്ലരികുന്ന് | 1000 |
| 39. | റഞ്ചി ഓൺലൈൻ | 500 |
| 40. | ആൻസി ബിജു കളത്തിൽ, കുറിച്ചി | 500 |
| 41. | ജോസ് ചെന്നയ്ക്കാട്ട്, അച്ചുതപറമ്പിൽ, നീലംപേരൂർ | 250 |
| | ആകെ വരവ് | **701950** |

### ചെലവ്

| | | |
|---|---|---|
| 1. | പണമായി വിതരണം ചെയ്തത് | 2,25,000 |
| 2. | ഫോം ബെഡ് വിതരണം | 88,000 |
| 3. | ഗൃഹോപകരണങ്ങൾ | 68,000 |
| 4. | ബെഡ്ഷീറ്റ്, ഷർട്ട്, ലുങ്കി, നൈറ്റി മുതലായവ | 85,000 |
| 5. | ട്രാൻസ്പോർട്ടിംഗ് ചാർജ് | 28,550 |
| 6. | താമസം,ഭക്ഷണം, 20 ആൾക്ക് 3 ദിവസം | 25,000 |
| 7. | ദുരിതാശ്വാസത്തിന് നൽകുവാൻ മെത്രാപ്പോലീത്തായുടെ ദുരിതാശ്വാസനിധിയിൽ നിക്ഷേപിച്ചത് | 1,82,450 |
| | ആകെ | **701950** |

## നന്ദി

നിലമ്പൂരിൽ ഉണ്ടായ പ്രളയത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്നാനായ മക്കളെയും മറ്റുള്ളവരെയും കരുതുകയും സ്നേഹിക്കുകയും ചെയ്ത സമുദായ നേതൃത്വത്തോട് പ്രത്യേകിച്ച് ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ തിരുമേനി, സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി ശ്രീ. സ്കറിയാ തോമസ്, ഭദ്രാസന സെക്രട്ടറി, ക്നാനായ കമ്മിറ്റി മെംബേഴ്സ്, ബഹു. വൈദിക ശ്രേഷ്ഠർ, ക്നാനായ അസ്സോസിയേഷൻ മെമ്പേഴ്സ്, മറ്റുഭാരവാഹികൾ, നാട്ടിലും വിദേശത്തും ഉള്ള നല്ലവരായ ക്നാനായ മക്കൾ, എല്ലാവരോടും ഉള്ള നന്ദിയും സ്നേഹവും നിലമ്പൂരിലെ ക്നാനായ മക്കൾ അറിയിക്കുന്നു.

**നിലമ്പൂരിലെ ക്നാനായ ഇടവകകൾക്കുവേണ്ടി**

കെ.സി.ആൻഡ്രൂസ് കോർ എപ്പിസ്ക്കോപ്പാ കൊച്ചുപറമ്പിൽ,
ഫാ. ഒ. പി. തോമസ് പാറാനിക്കൽ
ഫാ. ജിബിൻ കുര്യൻ പെരുങ്കണ്ണാരിൽ

## 19th Death Anniversary

16–09–2019



# ALEYAMMA ABRAHAM

**(Leelamma)**


**W/o V.C. Abraham (Raju)**

**Vennuvillathu, Kallissery**

Sorrowing Family

Advt - O

## 40th Day of Demise




ചെറുവട്ടയ്ക്കാട്ട്, ഐത്തല

റാന്നി

Advt - O



## 22 –ാം ചരമ വാർഷികം

14–09–2019

# സിൽജി മോൾ

**D/o സാബു & കുഞ്ഞുമോൾ**

**പുറയാറ്റ്, കുഴിമറ്റം**

ഒരിക്കലും മരിക്കാത്ത
ഓർമ്മകളുമായി
**സാബു & കുഞ്ഞുമോൾ**

Advt - R

*സന്തപ്ത കുടുംബാംഗങ്ങൾ*

## 9th Death Anniversary

01-09-2019



# P.M.KURIAN

**Palakudiyil, Trivandrum**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 2-ാം ചരമ വാർഷികം

04-10-2019



# തങ്കമ്മ ജെയിംസ്

**വടക്കേമണ്ണിൽ, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 4-ാം ചരമ വാർഷികം

17- 09 -2019



# മേരിക്കുട്ടി തോമസ്

**കണ്ണന്താനത്ത്, പഴവങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 8 - ാം ചരമ വാർഷികം

02-09-2019



# കുര്യൻ ഇട്ടിയവിര (ബേബി കുര്യൻ)

**കല്ലൻകുന്നിൽ, വള്ളംകുളം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

# 1 –ാം ചരമ വാർഷികം

**20 – 09 – 2019**



# കുരുവിള തോമസ് (ബേബി)

## (Rtd. CRPF)

## താമല്ലിൽ ഹൗസ്, തിരുവൻവണ്ടൂർ

**നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 2 – ാം ചരമ വാർഷികം

**16-09-2019**



Advt -S

# എബി പി. പോത്തൻ

**പുല്ലംപള്ളിൽ, കരിങ്കുറ്റി, റാന്നി**

**"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമവാർഷികം

**24 – 09 – 2019**



Advt - R

# പി. സി. ആൻഡ്രൂസ്

(മുൻ ക്നാനായ അസ്സോസിയേഷൻ സെക്രട്ടറി 1935 – 52)

**പുതിയമഠം, കുറിച്ചി**

സന്തപ്ത മക്കൾ: Late. ബേബി പുന്നൂസ് കുന്നുപറമ്പിൽ
Late. സി.എ. ജോർജ്ജ് ചേരിയിൽ
ചാണ്ടി ആൻഡ്രൂസ് പൂമംഗലം
സി.എ. സ്കറിയാക്കുട്ടി കനകഗിരി
ജോളി ഏബ്രഹാം കുര്യക്കൽ, കല്ലിശ്ശേരി

## പാവനസ്മരണയ്ക്ക്

| 60 – ാം ചരമവാർഷികം | 1 – ാം ചരമവാർഷികം |
|---|---|
| 27 – 10 – 2019 | 3 – 09 – 2019 |





**N. K. ചാക്കോ    മറിയാമ്മ ചാക്കോ**

**നക്കര, ചിങ്ങവനം**

*സ്നേഹസ്മരണകളോടെ*
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -

## 1 – ാം ചരമ വാർഷികം

**20-09-2019**



Advt -

# തോമസ് ചാക്കോ (പാപ്പച്ചൻ)


**മണിമലേത്ത്, വെച്ചൂച്ചിറ**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

സന്തപ്ത കുടുംബാംഗങ്ങൾ

15 – ാം ചരമവാർഷികം

14- 09-2019



**സി.എ. ചാക്കോ (ബേബി)**

തൈപ്പറമ്പിൽ

പള്ളിക്കൂത്ത്, നിലമ്പൂർ

12 – ാം ചരമവാർഷികം 13- 10- 2019

13 – ാം ചരമവാർഷികം 11- 9 -2019



**റ്റി.സി. ജോർജ്   അന്നാമ്മ ജോർജ്**

തകിടിയിൽ

ചിങ്ങവനം

k ´ ]X I pSpw _ mwK § Ä

50 – ാം ചരമവാർഷികം 20 - 09 - 2019

14 – ാം ചരമവാർഷികം 24 - 02 - 2019



**മാത്യു ഉതുപ്പാൻ (പാപ്പച്ചൻ)**

**മറിയകുട്ടി ഉതുപ്പാൻ**


പ്ലാംങ്കൂട്ടത്തിൽ

കോട്ടയം

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർവലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

26 – ാം ചരമവാർഷികം

20- 09-2019



**ചെറിയാൻ ചാക്കോ**

വലിയപാറ


നീലംപേരൂർ

മകൻ - മോൻ

മരുമകൾ - പൊന്നമ്മ

34 –ാം ചരമവാർഷികം

02- 10-2019



**റവ. ഫാ. കെ.കെ. ഏബ്രഹാം**

**കന്യാക്കോണിൽ, തോട്ടഭാഗം**

*''ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോരി ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം''*

1 –ാം ചരമവാർഷികം

14 - 09 - 2019



**സി.എ. കുര്യൻ**

**ചാങ്ങാടത്തിൽ**

**ചിങ്ങവനം**

"കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

**സന്തപ്തകുടുംബാംഗങ്ങൾ**

7th Death Anniversary 31-08-2019

2nd Death Anniversary 7- 9 - 2019






**Chev. Jacob P.Thomas**

**Ammukutty Jacob**

**Purackal, Ranny**

1 –ാം ചരമവാർഷികം

23 - 09 - 2019



**ജോയി ഏബ്രഹാം**


**ഓതറ**

**ഐത്തല**

**സന്തപ്തകുടുംബാംഗങ്ങൾ**

57 –ാം ചരമവാർഷികം
07- 09 - 2019

11 –ാം ചരമവാർഷികം
12- 06- 2019



**പി. എം. സ്കറിയാ**

**&**

**ഏലിക്കുട്ടി സ്കറിയാ**

**കൊച്ചുമംഗര**
**പുറ്റടി**

*നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*
സന്തപ്ത കുടുംബാംഗങ്ങൾ

---

**3 –ാം ചരമവാർഷികം**
14 - 09 - 2019




**ഏലിക്കുട്ടി മാത്യു**
**പുത്തൻപറമ്പിൽ**
**ചിങ്ങവനം**


*സന്തപ്തകുടുംബാംഗങ്ങൾ*

---

12th
Death Anniversary
08-11-2019

3rd
Death Anniversary
04-09-2019





**Kunjumol Mathew**

**Kuruvila Mathew**
(Kochupappan)

**Vayalil**
**Cherukulanji, Ranny**
Sorrowing family

17 –ാം ചരമവാർഷികം

16- 09-2019




**ശോശാമ്മ കുറിയാക്കോസ്**

മാവേലിൽ, ചിങ്ങവനം

ലീലാമ്മയും, മക്കളും, കൊച്ചുമക്കളും

25 –ാം ചരമവാർഷികം

22- 09-2019



**പി.യു. മാത്യു**

കൊക്കരവാലേൽ ക്ഷേത്രഗിരി

പുനലൂർ

സന്തപ്തകുടുംബാംഗങ്ങൾ

31 –ാം ചരമവാർഷികം

14- 09-2019



**മറിയാമ്മ ഇട്ടിയവിര**


ഈശ്വരൻപറമ്പിൽ

കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*

14 –ാം ചരമവാർഷികം

14- 09-2019



**പി.കെ. ഇടിക്കുള**

പുന്നാറ്റുശ്ശേരിൽ

നന്നാട്, തിരുവൻവണ്ടൂർ

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

സന്തപ്തകുടുംബാംഗങ്ങൾ

**8 – ാം ചരമവാർഷികം**

**15- 09-2019**



**Ginu A. Jacob** (Jeena)

**Elappunkal, Houston, U.S.A.**

കണ്ടു കൊതിതീരും മുമ്പേ, സ്നേഹിച്ച് മതിവരും മുമ്പേ, ഞങ്ങളിൽ നിന്നു വേർപെട്ടുപോയ, ഞങ്ങളുടെ പ്രിയപ്പെട്ട മമ്മിയെ ഇനി നിത്യതയുടെ തീരത്ത് കാണാമെന്ന പ്രത്യാശയോടെ

Inserted by: Gigy & Anju
Joshua Jacob (Son)
Crystal Jacob (Daughter)

**10th Death Anniversary 18-05-2019**

**39th Death Anniversary 01-10-2019**





**K. O Abraham** **K. O. Kuriakose**

**Kalayithra house**
**Kattodu**

Sorrowing Family

**30 – ാം ചരമവാർഷികം**

**10- 09-2019**



**ഇട്ടൻ ഏബ്രഹാം (കുഞ്ഞുഞ്ഞുകുട്ടി)**

**കൊച്ചുപറമ്പിൽ (വഴിയിൽ)**

**ചിങ്ങവനം**

**സന്തപ്തകുടുംബാംഗങ്ങൾ**

**40 – ാം ചരമദിനം**

**20- 09-2019**



**T.C. Philip**

**Thekkedathu**

**Velloothuruthy** (Neelamperoor)

*നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*

ഭാര്യ: തങ്കമ്മ ഫിലിപ്പ്, മക്കൾ, മരുമക്കൾ

കൊച്ചുമക്കൾ: (Shibily, Shebin, Nathan, Sera)

*സന്തപ്തകുടുംബാംഗങ്ങൾ*

07 – ാം


ചരമവാർഷികം


18- 09 - 2019

01 – ാം

ചരമവാർഷികം

03- 09- 2019





**ഫിലിപ്പോസ് ഏബ്രഹാം**

**പി. പി. ഏബ്രഹാം**

**പുളിമൂട്ടിൽ**

**വാകത്താനം**

*“ നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ”*

സന്തപ്ത കുടുംബാംഗങ്ങൾ

05 – ാം ചരമവാർഷികം

08- 09-2019



**വി. എം. രാജു**

**വാഴയിൽ**

**തിരുവൻവണ്ടൂർ**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

**സന്തപ്തകുടുംബാംഗങ്ങൾ**

8 – ാം

ചരമവാർഷികം

01-09-2019

1 – ാം

ചരമവാർഷികം

02-08-2019





**ജോസ് കെ. മാത്യു**

**കുഞ്ഞമ്മ മാത്യു**

**കിഴക്കേമുറിയിൽ കളത്തിൽ**

**ഐത്തല, റാന്നി**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

**സന്തപ്തകുടുംബാംഗങ്ങൾ**

07 – ാം ചരമവാർഷികം

31- 08-2019




**മറിയാമ്മ ജോസഫ്**

**പനച്ചയിൽ**

**വള്ളംകുളം**

**10 – ാം ചരമവാർഷികം**

**15- 09-2019**



**പി. ഐ. ഏബ്രഹാം**

**പുളിക്കാവിൽ**

**ഇരവിപേരൂർ, തിരുവല്ല**

Inserted By: Baby, Molly, Thampi,
Thankamma & their families

**28th Death Anniversary**

**27- 09- 2019**



**LISSY THOMAS**

**Kadaketh Happy Villa**

**Vaikom, Ranny**

Inserted by
Sorrowing family

**15 – ാം ചരമവാർഷികം**

**08- 09-2019**



**പി. സി. ചാക്കോ**

**പടിയറ, കോഴിമല**


ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

*" നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"*

സന്തപ്ത കുടുംബാംഗങ്ങൾ

**16 – ാം ചരമവാർഷികം**

**11- 09-2019**



**Er. P.C. Jacob (ജേക്കബ്കുട്ടി)**

**പുറത്തയിൽ, കോഴിമല**

*" നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"*


സന്തപ്ത കുടുംബാംഗങ്ങൾ

**14 –ാം ചരമവാർഷികം**
**04- 09 - 2019**




**ചാച്ചിയമ്മ കുര്യൻ**
**കളരിക്കൽ**
**നെല്ലിക്കൽ, കുഴിമറ്റം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**8 –ാം ചരമവാർഷികം**
**03- 09 - 2019**



**സണ്ണി ജോസഫ്**
**ഇടശ്ശേരിയത്ത്**
**കുറ്റൂർ (പരുത്തുംപാറ)**
*സന്തപ്ത കുടുംബാംഗങ്ങൾ*

**10 –ാം ചരമവാർഷികം**
**09 - 09 - 2019**



**കെ. എം. മാത്യു**
**കിഴക്കേകാഞ്ഞിരക്കാട്ട്**
**വാകത്താനം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**14 –ാം ചരമവാർഷികം**
**01 - 10 - 2019**



**തങ്കമ്മ ചാക്കോ**
**തോമ്പുമണ്ണിൽ**
**അഞ്ചാനി, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**വേർപാടിന്റെ 3 –ാം വാർഷികം**
**25 - 09 - 2019**



**കുരുവിള ഏബ്രഹാം (സാബു)**
**കിഴക്ക്വട്ടോത്ര**
**വള്ളംകുളം, ഓതറ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**05 –ാം ചരമവാർഷികം**
**22 - 09 - 2019**




**ചിന്നമ്മ ഏബ്രഹാം**
**ഇടയപറമ്പിൽ**
**അഞ്ചാനി, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**08 –ാം ചരമവാർഷികം**
**21 - 09 - 2019**




**അമിതാ സാബു**
**വടക്കേമുറിയിൽ**
**ഐത്തല, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**35 –ാം ചരമവാർഷികം**
**01 - 09 - 2019**



**കെ. റ്റി. ഉണ്ണിട്ടൻ** (ഉണ്ണിക്കുഞ്ഞ്)
**കുന്നിരിയ്ക്കൽ,**
**ചേത്തയ്ക്കൽ, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**21 –ാം ചരമവാർഷികം**
**10 - 09 - 2019**



**കെ. ഫിലിപ്പ്**
**കുറ്റിശ്ശേരിൽ**
**ചിങ്ങവനം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**9th Death Anniversary**
**30- 09- 2019**



**M. K. KURUVILLA**
**(Kunjachan)**
**Memanakaleekal**
**Thiruvanvandoor**
Sorrowing family

**26 –ാം ചരമവാർഷികം**
**10 - 09 - 2019**



**കെ. ഐ. പീറ്റർ**
**കണ്ണന്താനത്ത്**
**റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**18 –ാം ചരമവാർഷികം**
**08- 09 - 2019**



**അമ്മിണി ഉതുപ്പാൻ**
**വാളംപറമ്പിൽ**
**നീലംപേരൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

## 30 – ാം ചരമ വാർഷികം

**30-09-2019**



## തങ്കമ്മ കുറിയാക്കോസ്

പുത്തൻകളത്തിൽ (നികത്തിൽ),
നീലംപേരൂർ

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -

## IN EVERLOVING MEMORY OF OUR BELOVED PAPPA AND MUMMY

| 3 – ാം ചരമവാർഷികം | 21 – ാം ചരമവാർഷികം |
|---|---|
| 26 – 09 – 2019 | 09 – 08 – 2019 |



| ഏലിയാമ്മ സണ്ണി | കെ. എ. സണ്ണി |
|---|---|

കോഴിമറ്റത്തിൽ, ചിങ്ങവനം

Inserted By
Kozhimattathil and Manalil Family

Advt -




Registered No. KL/CHC/29/2018-20 **KNANAYA DEEPAM** RNI No. KERBIL/2006/19210
Published on 15 September 2019 Chingavanam Vol. 30, Issue: 9 ` 10




Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**